പ്രൊസീഡ്യൂവറിനെ സംബന്ധിച്ചുള്ള പോയിന്റ് ഓഫ് ഓർഡർ വേണം ഉന്നയിക്കേണ്ടത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഇൻഡ്യൻ പീനൽകോഡ് 80-ാം വകുപ്പനുസരിച്ച് ഇൻഡ്യയിലെ എല്ലാ പൗരൻമാർക്കും ആത്മരക്ഷാർത്ഥം പ്രവർത്തിക്കാം. അത് പോലീസുകാർക്കുമുണ്ട്. എന്നാൽ പോലീസുകാർ പ്രവർത്തിക്കുന്നത് പോലീസ് ആക്ട് 30, 30 (എ) ഈ വകുപ്പുകൾ അനുസരിച്ചാണ്. ഈ വകുപ്പുകൾ അനുസരിച്ച് പ്രവർത്തിക്കുന്ന പോലീസുകാരൻ—District Superintendent or Assistant Superintendent or any other Police Officer on duty—അവർക്കുമാത്രമേ വെടിവയ്ക്കാൻ അവകാശമുള്ളൂ. നമ്മുടെ രാജ്യത്ത് ക്രിമിനൽ പ്രൊസീഡ്യൂർകോഡ് 144 അനുസരിച്ച് പോലീസുകാർക്ക് വെടിവയ്ക്കാനുള്ള അവകാശമില്ല. ഒരു സമരത്തിൽ ഒരു ക്രൗഡിനെ നേരിടുമ്പോൾ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനോ ഡിസ്ട്രിക്ട് സൂപ്രണ്ടിനോ മാത്രമേ വെടിവയ്ക്കാൻ അവകാശമുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'പോലീസുകാർക്കും വെടിവയ്ക്കാം' എന്ന് ഒറ്റ വാക്യത്തിൽ ഇവിടെ പറഞ്ഞത് നാളെ ഇവിടത്തെ പോലീസ് സ്റ്റേഷനിലെ പോലീസുകാർക്കെല്ലാം ആത്മരക്ഷാർത്ഥം വെടിവയ്ക്കാം എന്ന ഒരു പരിതാപകരമായ സ്ഥിതിവിശേഷം ഉണ്ടാക്കും. ഈ രാജ്യത്ത് ഒരു പോലീസുകാരനും വെടിവയ്ക്കാൻ അവകാശമില്ല. അതുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത് ഈ രാജ്യത്തെ ജനാധിപത്യസംവിധാനത്തിന് ചേർന്നതല്ല. ചട്ടങ്ങൾക്ക് വിരുദ്ധമാണ്. അതുകൊണ്ട് ആ നടപടി നമ്മുടെ രാജ്യത്തു നിലവിലിരിക്കുന്ന ഇൻഡ്യൻ പീനൽകോഡിലെ വ്യവസ്ഥകൾക്കും ക്രിമിനൽ പ്രൊസീഡ്യൂവർ കോഡിനും പോലീസ് ആക്ടിനും വിരുദ്ധമായ ഒരു പ്രസ്താവനയായിപ്പോയി. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങയുടെ ഒരു റൂളിംഗ് ഉണ്ടാകണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, വളരെ വ്യക്തമായിട്ട് ഞാൻ പറഞ്ഞു. ആത്മരക്ഷാർത്ഥം വെടിവച്ചിട്ടുള്ളതാണ് എന്ന്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ പരാമർശത്തിനുള്ള മറുപടിയിലാണ് ഞാൻ പറഞ്ഞത്, ആത്മരക്ഷാർത്ഥം വെടിവയ്ക്കാം എന്ന്. ഇവിടെ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിൽ യാതൊരു പോയിന്റുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ വേറൊരു ബിസിനസ് നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഞാൻ ഈ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കുന്നില്ല.

VIII നിയമനിർമ്മാണകാര്യം

1986-ലെ കേരള കമാൻഡ് ഏരിയ വികസന ബിൽ

(ചർച്ച തുടർച്ച)

മി. ഡെപ്യൂട്ടി സ്പീക്കർ : ഇന്നുതന്നെ ഈ ബിൽ ചർച്ച കഴിഞ്ഞ് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നാണ് ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്. ധാരാളം ഭേദഗതികൾ കിട്ടിയിട്ടുണ്ട്. എല്ലാ മെമ്പർമാരും ചുരുക്കിസംസാരിക്കുമെങ്കിൽ കൂടുതൽ അംഗങ്ങൾക്ക് സംസാരിക്കാൻ അവസരം ഉണ്ടാകും. അതിന് എല്ലാ മെമ്പർമാരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

2/1915/B.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ : സർ, ശ്രീമാൻ മാണി ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ അദ്ദേഹം ഈ സംസ്ഥാനത്തിലെ എല്ലാ മന്ത്രിമാരുടേയും വകുപ്പുകളും മുഴുവനും കൈയ്യടക്കത്തക്ക രീതിയിൽ ഒരു ഫിനാൻസ് ബിൽ ഇവിടെ കൊണ്ടുവന്നിരുന്നു. ഫിനാൻസ് ബിൽ കൊണ്ടുവന്നതിനെത്തുടർന്ന് ഭരണമുന്നണിയ്ക്കകത്തുണ്ടായ ആഭ്യന്തരകലഹം എത്രയാണെന്ന് ഞാൻ ഇവിടെ പറയേണ്ടതില്ല. നമ്മുടെ റെക്കോഡുകളിൽത്തന്നെ അതുണ്ട്. മുഖ്യമന്ത്രിയുൾപ്പെടെയുള്ള ആളുകൾ ''ധനകാര്യമന്ത്രി തങ്ങളുടെ അധികാരത്തിൽ കൈയ്യിടുന്നു'' എന്നുള്ള ആക്ഷേപം അതിശക്തമായി ഉയർത്തിയിരുന്നു. ഇപ്പോഴും അത് തീർന്നിട്ടില്ല, പണ്ട് ശ്രീ. കെ. എം. മാണി ധനകാര്യമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന ബില്ലിന്റെ ചർച്ചയിലും ഞാൻ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ഞങ്ങൾക്കെല്ലാം ശ്രീ. കെ. എം. മാണിയോട് സഹതാപം ഉണ്ട്. അദ്ദേഹത്തിന്റെ പാർട്ടിയിൽ അദ്ദേഹം ഒറ്റപ്പെട്ടിരിക്കുന്നു. അധികാരംതന്നെ നഷ്ടപ്പെട്ടു. അങ്ങനെ ധനകാര്യ വകുപ്പ് നഷ്ടപ്പെട്ടു. ഇപ്പോൾ അദ്ദേഹം എവിടെയെങ്കിലും ചെന്നുപെടുന്നതിനുവേണ്ടിയാണ് ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബിൽ എന്താണ് ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തച്ചടി പ്രഭാകരന്റെ അധികാരത്തിലും മാണി കൈയിടുന്നു. പാവം ശ്രീമതി കമലത്തിന്റെ അധികാരവും കൈയടക്കുന്നു. യഥാർത്ഥത്തിൽ ഈ ബിൽ കൈകാര്യം ചെയ്യേണ്ടത് കൃഷി വകുപ്പ് അല്ലേ ? കൃഷി വകുപ്പിന്റെ അധികാരാവകാശങ്ങൾ കവർന്നെടുക്കുന്നു. അദ്ദേഹം ഉണ്ടാക്കാൻ പോകുന്ന ഏരിയാകമ്മിറ്റികളൊക്കെ എന്തിനാണെന്ന് എനിക്കറിയാം. നഷ്ടപ്പെട്ടുപോയ അധികാരങ്ങളിൽ കുറച്ചൊക്കെ വീണ്ടെടുക്കാൻ കഴിയുമോ എന്ന് നോക്കാനുള്ള സൂത്രമാണിത്. കെ. എം. മാണിയായതുകൊണ്ട് അതൊക്കെ നടക്കുമെന്ന കാര്യത്തിൽ തർക്കമില്ല. അദ്ദേഹം അടിപറ്റിയിരിക്കുന്ന ഒരു അവസ്ഥയാണ് ഇപ്പോഴുള്ളത്. അത് ഓർക്കണം. അദ്ദേഹത്തിന് പിടിച്ചുനിൽക്കാൻ വയ്യാത്ത ഒരു ശോചനീയാവസ്ഥയാണുള്ളത്.

ശ്രീ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, നിങ്ങളുടെ മുന്നണിക്ക് സി. പി. എം.-ന്റെ തൊഴി ഇടയ്ക്കിടയ്ക്ക് കിട്ടുന്നുണ്ടല്ലോ. സി. പി. ഐ.ക്കാർക്ക് തൊഴി കിട്ടാത്ത ദിവസങ്ങളില്ല. അതിനെപ്പറ്റി എന്തെങ്കിലുമൊന്ന് പറയൂ.

ശ്രീ. വി. കെ. രാജൻ : ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്റർ പ്രസംഗിക്കുമ്പോൾ വേണമെങ്കിൽ അതിനെപ്പറ്റി പ്രസംഗിച്ചോ. ഞങ്ങൾക്ക് അങ്ങനെ തൊഴി കിട്ടേണ്ട കാര്യമില്ല. ഞങ്ങളുടെ പാർട്ടിയുടെ നയമൊക്കെ ഞാൻ ഇന്നലെ ഇവിടെ പറഞ്ഞതാണ്. ഇന്നത്തെ പത്രം വായിച്ചാൽ വളരെ വ്യക്തമായി മാസ്റ്റർക്ക് അത് മനസിലാകും.

ശ്രീ. സി. കെ. തങ്കപ്പൻ : സി. പി. എം.-ന്റെ കൈയിൽനിന്നും സി. പി. ഐ.യ്ക്ക് തൊഴി കിട്ടുന്നതായി ഒരു ചോദ്യം ഉന്നയിച്ചു. എനിക്ക് ബഹുമാനപ്പെട്ട മെമ്പറോട് ചോദിക്കാനുള്ളത് യൂണിവേഴ്സിറ്റിയുടെ മുമ്പിൽവച്ച് 'എ' യുടെ പള്ളയ്ക്ക് 'ഐ' കുത്തിയതു് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : സർ, കുത്തുക മാത്രമല്ല ആശുപത്രിയിൽ നീണ്ട ദിവസം കിടക്കുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പത്മനാഭൻ : ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്റർ തൊഴിയുടെ കാര്യം പറഞ്ഞു. കോൺഗ്രസ്സിൽത്തന്നെയുള്ള ചില വിഭാഗം ആളുകളുടെ തൊഴികൊണ്ട് രക്ഷയില്ലാതെ മുൻ ജലസേചന വകുപ്പുമന്ത്രി ശ്രീ. എം. പി. ഗംഗാധരനെ ശ്രീ. രാമചന്ദ്രൻ മാസ്റ്റർ ആണ് ഇ. എം. എസ്സിന്റെ അടുത്തേയ്ക്ക് അയച്ചതെന്ന് കേൾക്കുന്നത് ശരിയാണോ ?

[അദ്ധ്യക്ഷവേദിയിൽ ശ്രീ. തോപ്പിൽ രവി]

ശ്രീ. വി. കെ. രാജൻ : ശ്രീ. രാമചന്ദ്രൻ മാസ്റ്ററും ശ്രീ. എം. പി. ഗംഗാധരനും ഏറെക്കുറെ ഒന്നുപോലെയാണെന്ന് നമുക്കെല്ലാപേർക്കും അറിയാമല്ലോ ? ശ്രീ. എം. പി. ഗംഗാധരൻ പോയാൽ അദ്ദേഹത്തിന്റെ സ്ഥാനം മാസ്റ്റർക്ക് കൊടുക്കുമെന്ന് വിചാരിച്ച് മന്ത്രിസ്ഥാനത്തേക്ക് ഷർട്ടും തുന്നിച്ച് വന്ന ആളാണ് മാസ്റ്റർ. ഞങ്ങളോടൊക്കെ അതിനെക്കുറിച്ച് സംസാരിച്ചിരുന്നു.

ഞാൻ ബില്ലിലേക്ക് കടക്കുകയാണ്. ഗവൺമെന്റിന്റെ പ്രധാനപ്പെട്ട വകുപ്പുകളൊക്കെ കൈയടക്കി അതിന്റെ അധികാരം കുറെക്കൂടി ഉറപ്പിക്കാൻ കഴിയുമോയെന്നൊരു പരീക്ഷണമാണ് ശ്രീ. മാണി ഇവിടെ നടത്തുന്നത്.

ശ്രീ. എം. എം. ഹസ്സൻ : ഇവിടെ ശ്രീ. മാണി കമാൻഡ് ഏരിയ വികസിപ്പിക്കാനുള്ള ബില്ല് കൊണ്ടുവന്നുവെന്നാണ് പറഞ്ഞത്. നമുക്ക് കമാൻഡ് ഏരിയാ വികസിപ്പിക്കുന്നത് വളരെ സന്തോഷമുള്ള കാര്യമാണ്. എന്നാൽ ഈ ബില്ല് ശ്രീ. എം. പി. ഗംഗാധരൻ മന്ത്രിയായിരുന്നപ്പോഴാണ് ആദ്യമായി സർക്കുലേറ്റ് ചെയ്തത്. അന്ന് ഈ ബില്ലിൽ ഇപ്പോഴുള്ള വ്യവസ്ഥകളൊക്കെ ഉണ്ടായിരുന്നു. അതുകൊണ്ട് ശ്രീ. മാണിയുടെ പേരിൽ എല്ലാം കെട്ടിവയ്ക്കാമെന്ന് വിചാരിക്കുന്നത് ന്യായമാണോ ?

ശ്രീ. വി. കെ. രാജൻ : ഞങ്ങളുടെ ലിസ്റ്റിൽ രണ്ടുപേർക്കും തമ്മിൽ വലിയ വ്യത്യാസമില്ല പിന്നെ ശ്രീ. മാണിക്ക് കുറച്ചുകൂടി സംസ്കാരമുണ്ട്. അതിൽ യാതൊരു തർക്കവുമില്ല. എന്നാൽ ശ്രീ. എം. പി. ഗംഗാധരന് സംസ്കാരം കുറവാണ്.

മി. ചെയർമാൻ : ഇങ്ങനെ വികസിപ്പിച്ചുകൊണ്ടിരുന്നാൽ സമ്മേളനത്തിന്റെ സമയവും വളരെ വികസിച്ചുപോകും.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ശ്രീ. എം. പി. ഗംഗാധരൻ ചെയ്തു വച്ചത് മുഴുവനും ശ്രീ. മാണിയും മറെറല്ലാവരും അനുഭവിക്കേണ്ട ഗതികേടിലാണെന്ന് അറിയാമോ ?

ശ്രീ. വി. കെ. രാജൻ : ഗവൺമെന്റിന്റെ അധികാരങ്ങളെല്ലാം കയ്യടക്കി വച്ചിരിക്കുകയാണ്. ഇപ്പോഴത്തെ നിലവിലുള്ള ജലസേചന സൗകര്യങ്ങളെങ്കിലും വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ? ഉപയോഗപ്പെടുത്തിയിട്ടില്ല. നമ്മുടെ പ്രോജക്ടിന്റെ പ്രവർത്തനങ്ങളും ശരിയായി നടക്കുന്നില്ല. ഡാമിലാണെങ്കിൽ മണ്ണ് വീണ് നിറഞ്ഞുകിടക്കുന്നു. അത് മാറാൻ നടപടിയുണ്ടോ ? ഏതെങ്കിലും വിധത്തിൽ അത് മാറാനുള്ള നടപടി ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടുണ്ടോ ? അതുപോലെ ഡാമുകളൊക്കെ ചോർന്നൊലിക്കുന്നു. അവിടെ ഏതെങ്കിലും രീതിയിലുള്ള റിപ്പയർ പണിയെങ്കിലും ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ ? ഇതിനൊക്കെ ശ്രീ. മാണി മറുപടി പറയണം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഈ ഗവൺമെൻറ് അധികാരത്തിൽവന്നിട്ട് നാലര കൊല്ലമായി. അഞ്ച് വർഷവും തികച്ച് ഭരിക്കുമെന്നാണ് പറയുന്നത്.

ശ്രീ. എ. സി. ജോസ് : അതിൽ ശ്രീ. രാജന് അസൂയയുണ്ടോ ?

ശ്രീ. വി. കെ. രാജൻ : ശ്രീ. ജോസിന് അസൂയ കാണും. കാരണം, കരുണാകരൻ പോകുന്ന സ്ഥാനത്ത് ഇരിക്കാൻവേണ്ടി.

ശ്രീ. കെ. കൃഷ്ണൻകുട്ടി : പുതിയ പദവി കിട്ടിയ കാരണം ശ്രീ. എ. സി. ജോസ് വലിയ സന്തോഷവാനാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. വി. കെ. രാജൻ : ഞങ്ങളും ട്രെയിനിൽ ഒരുമിച്ച് യാത്രചെയ്തപ്പോൾ അതിനെക്കുറിച്ച് സംസാരിച്ചതാണ്. അദ്ദേഹം അതിൽ വളരെ സന്തുഷ്ടനാണ്. അതിൽ രണ്ടുപേരുണ്ട്. മറെറാന്ന് ശ്രീ. കെ. ശങ്കരനാരായണൻ, മന്ത്രിയായിരുന്ന അദ്ദേഹത്തിന് കിട്ടിയ പൊസിഷൻ റദ്ദായിപ്പോയി. ഇതൊരു വലിയ പദവിയായിട്ട് കൊണ്ടുനടക്കുകയാണ്. നടക്കട്ടെ ;

ഞാൻ ഇറിഗേഷൻ വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലുമൊരു പുതിയ പദ്ധതി ഏറെറടുത്ത് നടപ്പിലാക്കിയിട്ടുണ്ടോ ? നമ്മുടെ സംസ്ഥാനത്ത് അഞ്ചു വർഷം മുതൽ ഇരുപതു വർഷം വരെയായി പണി മുടങ്ങികിടക്കുന്നതായ പതിനെട്ട് പ്രോജക്ടുകളുണ്ട്. കല്ലട, പമ്പ, കുറ്റ്യാടി തുടങ്ങിയവ അതിലുൾപ്പെടുന്നു. ആ പ്രോജക്ടുകളും യഥാസമയം പണി നടത്താത്തതിൻെറ ഫലമായി കേന്ദ്രഗവൺമെൻറുതന്നെ പുതിയ പദ്ധതികളും തരില്ലെന്നു പറയുന്നു. അതിലേക്ക് എന്താണ് പദ്ധതി ? അതിനു വല്ല നടപടികളും നിങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ? നിങ്ങൾക്കെന്താണ് ജോലി. കുതികാൽവെട്ട്, അന്യോന്യം പാരവയ്പ് ? അങ്ങനെ ഓരോ പാർട്ടിയിൽനിന്നും ആളുകളെ ചാക്കിട്ടുപിടിച്ച് എന്തെങ്കിലും കുതന്ത്രങ്ങളുമൊപ്പിച്ച് സ്വന്തകാര്യങ്ങൾ നേടിയെടുക്കുന്നു.

ഇന്നലെ നിങ്ങൾ ഇവിടെ കണ്ടില്ലേ? അങ്ങേക്കുംകൂടി അറിയാവുന്ന ഒരു വസ്തുത ഞാനീ സഭയിൽ ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. യൂണിയൻ ലീഗുകാരുടെ ഒരു സ്ഥാനാർത്ഥിയെ ഇവിടെ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് നിറുത്തി,

മി. ചെയർമാൻ : അതും ഇതുമായിട്ട് എന്താണ് ബന്ധം ? ബഹുമാനപ്പെട്ട മെമ്പർ ബില്ലിനെക്കുറിച്ച് പറയണം.

ശ്രീ. വി. കെ. രാജൻ : ശ്രീ. കെ. പി. രാമനെയാണ് യൂണിയൻ ലീഗുകാർ സ്ഥാനാർത്ഥിയായി നിറുത്തിയത്. ഈ രാജ്യത്തെ ഹരിജനങ്ങളുടെ എല്ലാം താനാണെന്നും ഹരിജനങ്ങളുടെ ഉദ്ധാരകൻ താനാണെന്നും പറയുന്ന മുഖ്യമന്ത്രിക്ക് യൂണിയൻ ലീഗുകാരനായ ശ്രീ. കെ. പി. രാമനെ സ്ഥാനാർത്ഥിയായി നിറുത്തിയപ്പോൾ ഹരിജൻ പ്രേമം എവിടെ പോയി. ഉടനെ കെ. പി. രാമൻെറ ജീവചരിത്രം വന്നു. പതിനാറു വർഷക്കാലത്തെ നിയമസഭാപരിചയമുണ്ട്, അദ്ദേഹം ഒരു ഹരിജൻ കുടുംബത്തിൽ ജനിച്ചവനാണ്, ഒരു അദ്ധ്യാപകനാണ്, അങ്ങനെ അദ്ദേഹത്തെക്കുറിച്ച് ധാരാളം പ്രതിപാദ്യവിഷയങ്ങൾ വന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാമൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് എടുക്കാത്ത ഒരു കാര്യത്തെ സംബന്ധിച്ച് പറഞ്ഞുകൊണ്ട് ഒരു ബഹുമാനപ്പെട്ട മെമ്പറെ അപമാനിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. വി. കെ. രാജൻ : ഇതൊരു അപമാനമാണോ ? ഞാൻ പറഞ്ഞത് മാസ്റ്റർക്ക് ഒരു അപമാനമാണെന്ന് തോന്നുകയാണെങ്കിൽ എനിക്ക് ഖേദമുണ്ട്. ബഹുമാനപ്പെട്ട കുണ്ടറ മെമ്പർ ഇവിടെ സിനിമാതാരങ്ങളുടെ പേര് പറയുന്നതുപോലെ ഞാനിവിടെ പറയുന്നില്ല. ഞാനിവിടെ സഭയിലുള്ള ആളുകളുടെ കാര്യമല്ലേ പറയുന്നത് ? ഞാൻ വളരെ നല്ലകാര്യങ്ങൾതന്നെയാണ് പറയുന്നത്. ചെയറിനോടുള്ള ബഹുമാനത്തോടുകൂടിത്തന്നെയാണ് പറയുന്നത്. ഡപ്യൂട്ടി സ്പീക്കറുടെ സ്ഥാനാർത്ഥിയായി ഒരു ഹരിജൻ മെമ്പറെ യൂണിയൻ ലീഗുകാരാണ് നിറുത്തിയത്. ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയോട് ഞാൻ ചോദിക്കുകയാണ് ? അങ്ങ് പറഞ്ഞിട്ടല്ലേ ആ മെമ്പറെ മാറ്റിയത്.

മി. ചെയർമാൻ : ഇതൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാൻ എത്രയോ സമയം കിടക്കുന്നു. അങ്ങ് ബില്ലിനെക്കുറിച്ച് സംസാരിക്കണം.

ശ്രീ. പി. പി. തങ്കച്ചൻ : സി. പി. ഐ. ക്കാർ പലപ്പോഴും തീരുമാനങ്ങളെടുക്കുന്നത് സി. പി. ഐ. (എം.) കാരുടെ നിർദ്ദേശമനുസരിച്ചാണ്. എന്നാൽ മുസ്ലീംലീഗ് കോൺഗ്രസ്സിന്റെ നിർദ്ദേശപ്രകാരമല്ല തീരുമാനങ്ങളെടുക്കുന്നത്. അവരുടെ തീരുമാനങ്ങൾ അവർ തന്നെയാണ് എടുക്കുന്നത്. നിങ്ങളെപ്പോലെയല്ല.

ശ്രീ. വി. കെ. രാജൻ : ഞങ്ങളുടെ പാർട്ടി, തീരുമാനം എടുക്കുവാൻ കഴിവുള്ള നല്ല പ്രഗൽഭൻമാർ നേതൃത്വം കൊടുക്കുന്ന പാർട്ടിയാണ്. കാലാകാലങ്ങളിൽ തെരഞ്ഞെടുക്കുന്ന ആളുകളുണ്ട്. ശ്രീ. രാജീവ് ഗാന്ധിയല്ലേ നിങ്ങളുടെ പാർട്ടിയിൽ ഇപ്പോൾ ഏറ്റവും കഴിവുള്ള ആൾ? ഇൻഡ്യയിൽ അൻപതു കൊല്ലത്തെ പാരമ്പര്യം വരുന്ന ശ്രീ. കരുണാകരന്റെമേൽ ശ്രീ. രാജീവ് ഗാന്ധിയിരിക്കുന്നു ; വിമാനം പറപ്പിച്ചുനടന്ന ശ്രീ. രാജീവ് ഗാന്ധി തീരുമാനങ്ങളെടുക്കുന്ന പ്രസിദ്ധി അറിയില്ലേ ? മുസ്ലീംലീഗുകാർ അതിനെക്കുറിച്ച് പറഞ്ഞതാണ്. മുസ്ലീംലീഗുകാരെ സീറ്റിൽതന്നെയുംകാണുന്നില്ല.

മി. ചെയർമാൻ : മെമ്പർമാർ ദയവായി ശ്രീ. രാജ്നോട് ചോദ്യങ്ങൾ ചോദിച്ച് സമയം കളയരുത്. അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ ഇ. റ്റി. മുഹമ്മദ് ബഷീർ : ഇവിടെ ശ്രീ. കെ. പി. രാമന്റെ പേര് പറഞ്ഞുകൊണ്ട് ഹരിജനങ്ങളോട് വളരെയധികം സ്നേഹം പ്രകടിപ്പിച്ച ശ്രീ. രാജന്റെ പാർട്ടി കേരളത്തിൽ എത്രമാത്രം ഹരിജനങ്ങൾക്ക് മന്ത്രിസ്ഥാനവും മറ്റു സ്ഥാനങ്ങളുമൊക്കെ കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. വി. കെ. രാജൻ : എന്റെ പാർട്ടി ആദ്യമായിട്ട് അധികാരത്തിൽ വന്നപ്പോൾ സഖാവ് പി. കെ. ചാത്തൻമാസ്റ്റർ തുടങ്ങി എല്ലാ കാലഘട്ടത്തിലും ഹരിജനങ്ങൾക്ക് മന്ത്രിസ്ഥാനവും, മറ്റു സ്ഥാനങ്ങളുമൊക്കെ കൊടുത്തിട്ടുണ്ട്. ശ്രീ. പി. കെ. രാഘവൻ, ശ്രീ. എം. കെ. കൃഷ്ണൻ അങ്ങനെ നിരവധിയാളുകളുണ്ട്. ഞങ്ങൾ ആരെയും ഒഴിവാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ മുഖ്യമന്ത്രി കാരണം [ശ്രീ. കെ. പി. രാമൻ കിട്ടേണ്ട സ്ഥാനം കിട്ടാതെ പോയിരിക്കുന്നു.

മുസ്ലീംലീഗിനകത്ത് ആഭ്യന്തര കുഴപ്പമുണ്ടായിരിക്കുന്നു. അതിന്റെ ഫലമായിട്ട് ഒറ്റ ലീഗുകാരനും ഇടപെട്ടില്ല. ഒരു ചോദ്യം ചോദിക്കാൻ വേണ്ടിയിരുന്നു. അവർ എല്ലാവരും ഒരു ഭാഗത്തായിരുന്നു. [ശ്രീ. കെ. പി. രാമന്റെ ഭാഗത്തുള്ളവരാണ് ശ്രീ. ബഷീർ ഉൾപ്പെടെയുള്ളവർ. അങ്ങനെ കരുണാകരൻ കേരളത്തിലെ ഹരിജനവകുപ്പിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് ആ സമുദായത്തിന് ചെയ്യാവുന്ന എല്ലാ ദ്രോഹങ്ങളും ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് ഒരു ഹരിജനെ അവരോധിക്കാൻ ശ്രമിച്ചപ്പോഴും അതിനെ മാറ്റി. എന്താണ് കാര്യമെന്നറിയാമോ ? ശ്രീ. കരുണാകരന് വേറൊരുദ്ദേശംകൂടിയുണ്ടായിരുന്നു. അദ്ദേഹം എപ്പോഴും പറയാറുണ്ടായിരുന്നല്ലോ, തന്റെ ഗവൺമെന്റ് ഇങ്ങനെ കാലാകാലങ്ങളിൽ അഞ്ചുകൊല്ലവും ഭരിച്ച് രാജ്യത്ത് ഐശ്വര്യം പ്രദാനം ചെയ്തിരിക്കുന്നുവെന്ന്. ഞാൻ ശ്രീ. കരുണാകരനോട് ചോദിക്കുകയാണ്, മാളയിൽനിന്ന് മൽസരിക്കാൻ തയ്യാറാണോയെന്ന്.

മി. ചെയർമാൻ : അങ്ങ് ഭയവായി രാഷ്ട്രീയകാര്യങ്ങളും ഉപേക്ഷിച്ച് വിഷയത്തിലേക്ക് വരണം.

ശ്രീ. വി. കെ. രാജൻ : മാളയിൽനിന്ന് മൽസരിക്കാൻ [ശ്രീ.കരുണാകരൻ തയ്യാറാണോയെന്ന് ഞാൻ ചോദിക്കുകയാണ്. കരുണാകരന് തിരുവനന്തപുരം വെസ്റ്റിലോ, ഗുരുവായൂരോ.....

മി. ചെയർമാൻ : ഇതിന് കമാൻഡ് ഏതിയ ബില്ലുമായിട്ട് എന്താണ് ബന്ധം ?

ശ്രീ. വി. കെ. രാജൻ : ശ്രീ. കരുണാകരൻ ഇത് ശ്രദ്ധിക്കുന്നുണ്ട്. ഞാൻ അദ്ദേഹത്തോട് ചോദിക്കുകയാണ്, ഈ രാജ്യത്ത് വമ്പിച്ച നേട്ടങ്ങളുണ്ടാക്കിയെന്നാണ് അദ്ദേഹം അവകാശപ്പെട്ടത്. ഈ ഗവൺമെന്റ് ഇനി അധികാരത്തിൽ വരാൻ പോകുന്നില്ല. വാരിക്കോരി പലതും [പഖ്യാപിക്കുന്നുണ്ട്. എന്നാൽ നടപ്പിലാക്കുവാൻ ഉത്തരവാദിത്വമില്ലാത്ത ഒരു ഗവൺമെന്റാണെന്നാണ് ഇന്നലെ എന്റെ പ്രസംഗത്തിൽ ഞാൻ അവസാനിപ്പിച്ചത്. അതിന് കാരണമെന്താണ്? അത് ഈ കരുണാകരന്റെ പ്രഖ്യാപനമാണ്. ശ്രീ. കരുണാകരന് തിരുവനന്തപുരം വെസ്റ്റിലോ, ഗുരുവായൂരിലോ മാളയിലോ നിന്ന് മൽസരിക്കാൻ ധൈര്യമുണ്ടോ ? അഞ്ചുവർഷക്കാലത്തെ നേട്ടങ്ങളുടെ പട്ടിക അവകാശപ്പെട്ടുകൊണ്ട് തിരിച്ചുവരാൻ നിങ്ങളെ ഇനിയും തയ്യാറാണെങ്കിൽ ശ്രീ. കരുണാകരനോട് ഞാൻ ചോദിക്കുന്നു, മാളയിൽനിന്ന് മൽസരിക്കാൻ ധൈര്യമുണ്ടോയെന്ന്.

ഏതായാലും ഞാൻ ശ്രീ. കരുണാകരനെ മാളയിൽത്തന്നെ നിർത്തി അദ്ദേഹത്തിന്റെ രാഷ്ട്രീയം അവസാനിപ്പിക്കും. അവിടെമാത്രം നിന്ന് അദ്ദേഹം മൽസരിക്കുകയാണെങ്കിൽ 1987-ൽ ശ്രീ. കരുണാകരന്റെ രാഷ്ട്രീയത്തിലേക്കുള്ള പ്രവേശനം അവസാനിക്കുവാൻ പോവുകയാണ്. ഞാൻ വെല്ലുവിളിക്കുന്നു. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടെ സാമൂഹ്യ ജലസേചന പദ്ധതി ആളുകളെ പററിക്കാൻ വേണ്ടിയുള്ള ഒരേർപ്പാടാണ്. അതിന്റെ സെലക്ഷൻപോലും ഈ ഗവൺമെന്റിനകത്ത് നടക്കുകയില്ല. കേരളാ കോൺഗ്രസ്സിൽ ശ്രീ. പി. ജെ. ജോസഫിനെ മാറ്റിനിർത്തി മാണി ഗ്രൂപ്പിലെ ആളെ കമ്മറ്റിയിൽ എടുക്കുന്ന ഞാൻ നേരത്തെ പറഞ്ഞതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഭാഗമായിട്ട് പാരലൽ കമ്മിറ്റികളും സംഘടിപ്പിക്കുവാൻ അദ്ദേഹം ഗൂഢാലോചന നടത്തിയിരിക്കുകയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : സാമൂഹ്യജലസേചന പദ്ധതി മുഴുവൻ നടപ്പിലാക്കുന്നത് കേരളാ കോൺഗ്രസ്സിന്റെ പ്രവർത്തകർവഴിയാണെന്നുള്ള വിവരം ശ്രീ. രാജന് അറിയാമോ ?

ശ്രീ. വി. കെ. രാജൻ : ശ്രീ. കെ. എം. മാണിയുടെ ഗ്രൂപ്പിന്റെ ആളുകളാണ്. അതിനെക്കുറിച്ച് അറിയാം. കേരളാ കോൺഗ്രസ് എന്നുപറഞ്ഞാൽ ശ്രീ. പി. ജെ. ജോസഫാണ് പ്രസിഡന്റ്.

ശ്രീ. കെ. എം. ഹംസക്കുഞ്ഞ് : ഈ സഭയിലുള്ള എല്ലാ ആളുകൾക്കും അങ്ങ് വഴങ്ങി. ഇനി സഭയ്ക്ക് പുറത്തു നിൽക്കുന്ന ആളുകൾക്കുകൂടി ചോദ്യത്തിന് വഴങ്ങുമോ ?

ശ്രീ. വി. കെ. രാജൻ : അങ്ങ് ഒരു നല്ല സുഹൃത്താണെന്നു കരുതി വഴങ്ങിയതാണ്.

ശ്രീ. എം. എം. ഹസ്സൻ : ശ്രീ. ഹംസ്സക്കുഞ്ഞ് അങ്ങനെ ചോദിച്ചുവെങ്കിലും ഇപ്പോഴും സി. പി. ഐ.യുടെ അവസ്ഥയിലാണ അദ്ദേഹം. എല്ലാവർക്കും വഴങ്ങുക, അരു ചവിട്ടിയാലും കൊള്ളുക, എന്ത് തൊഴിച്ചാലും എൽക്കുക. അതോർത്ത് നമ്മളും സഹതപിക്കണം.

ശ്രീ. വി. കെ. രാജൻ : സി. പി. ഐ. എന്നു പറയുന്ന പാർട്ടി നിങ്ങളുടെ രാജീവ് ഗാന്ധിയെപ്പോലെയുള്ള പാർട്ടി അല്ല. അതിന്റെ സാർവ്വദേശീയ ബന്ധങ്ങൾക്കെത്ത് ഹസ്സൻ നിൽക്കുന്ന നിൽപ്പിനെപ്പറ്റി അങ്ങേക്ക് അറിയില്ലേ? ശ്രീ. ഹസ്സനും അങ്ങ് ഉൾപ്പെടെയുള്ള ആളുകളും ശ്രീ. കരുണാകരനും നിൽക്കുന്ന നിൽപ്പ് എങ്ങനെയാണെന്ന് അറിയില്ലേ ?

ശ്രീ. എം. എം. ഹസ്സൻ : ശ്രീ. രാജീവ്ഗാന്ധി ഒന്ന് ഉറപ്പിച്ച് കണ്ണു കാണിച്ചാൽ മതി. ശ്രീ. രാജൻ ഈ തട്ടിലേക്ക് വരും. അതിന് യാതൊരു സംശയവുമില്ല.

ശ്രീ. വി. കെ. രാജൻ : മിസ്റ്റർ ഹസ്സന് അറിയാമോ നിങ്ങളുടെ നേതാവ് ശ്രീമതി ഇന്ദിരാഗാന്ധി ബ്രഷ്നേവിന്റെ അടുത്ത് റക്കമെന്റേഷന് പോയത് ?

സർ, ഈ സാമൂഹ്യ ജലസേചന പദ്ധതി പ്രകാരം നമ്മുടെ രാജ്യത്തെ കൃഷിക്കാർക്ക് ആശ്വാസം കൊടുക്കുവാൻ പണം വേണം. അതിന് പണമുണ്ടോ? കേന്ദ്രഗവൺമെന്റ് പണം തരുന്നുണ്ടോ ? നമ്മുടെ സംസ്ഥാനത്ത് പണമുണ്ടോ ? ശ്രീ. മാണി കൊണ്ടുനടക്കുന്ന ഈ പദ്ധതിക്ക് നിങ്ങളും പണം കൊടുക്കുമോ എന്ന് ഞാൻ ശ്രീ. തച്ചടി പ്രഭാകരനോട് ചോദിക്കുകയാണ്. കൊടുക്കുകയില്ലെന്നു അദ്ദേഹം പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്. അതിനാവശ്യമായ പണം ബഡ്ജറ്റിലില്ല. ധനകാര്യവകുപ്പിന്റെ ചുമതല ശ്രീ. മാണി വഹിച്ചിരുന്ന കാലത്ത് ചെയ്തിരുന്നതിന്റെ എല്ലാ ദോഷവും തീർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് ശ്രീ. തച്ചടി പ്രഭാകരൻ. ആളുകളെ പറ്റിക്കാൻ എല്ലാം പ്രചരണപരമായ ഒരേർപ്പാടായി കൊണ്ടുനടക്കുകയാണ്. അങ്ങനെ ഇനി ആളുകളെ പറ്റിക്കണോ ? ഇത് കൃഷി ഡിപ്പാർട്ടുമെന്റ് നടപ്പാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഇതിനെക്കുറിച്ച് പല ആളുകളോടും അന്വേഷിച്ചു. അതിന്റെ കണ
എന്റെ കയ്യിലുണ്ട്. ആ കണക്കുപ്രകാരം 1980 മുതൽ 1985 മാർച്ച് വ
ചെലവാക്കിയത് 13.88 കോടി രൂപയാണ്. ഇപ്പോഴത്തെ നീക്കിവച്ചത് നാ
കോടി രൂപയാണ്. ഇത് ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്ക
തികയുമോ? പുതിയ സ്കീമുകളും ഏറെറടുക്കാൻ ഈ കമാൻഡ് ഏരി
ഡവലപ്പ്മെന്റ് പദ്ധതിയിലുണ്ടോ? അങ്ങനെ ഏതെങ്കിലും പദ്ധ
ഏറെറടുത്ത് നടപ്പാക്കാൻ തയ്യാറുണ്ടോ? അങ്ങനെ ഒരു അതോറിറ്റി പ്ര
പിച്ചുകൊണ്ട്.....

ശ്രീ. എം. വി. താമരാക്ഷൻ: ശ്രീ. കെ. എം. മാണി ധനകാര്യവകു
മന്ത്രിയായിരുന്ന അവസരത്തിൽ ബഡ്ജറിൽ ഉൾപ്പെടുത്താതിരുന്ന പതിമൂ
കോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത വരുന്ന ഒരു പ്രൊപ്പോസ
ഇന്ന് ഇറിഗേഷൻ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി മുമ്പേ
കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. തച്ചടി പ്രഭാകരന്റെ സാമ്പത്തിക രംഗ
കുഴപ്പമുണ്ടാക്കി അദ്ദേഹത്തെ കുരുക്കിലാക്കാൻ വേണ്ടിയല്ലേ?

ശ്രീ. വി. കെ. രാജൻ: തീർച്ചയായും അത് ശരിയാണ്. അവർ ര
പേരുംകൂടി ഈ രാജ്യത്തെ ആളുകളെ പററിക്കുകയാണ്. രാജ്യം സാമ്പത്ത
തളർച്ചയിലാണ് ഇപ്പോഴത്തെ നിൽക്കുന്നത്. കൃഷിഡിപ്പാർട്ടുമെന്റ് ഇപ്പോ
അതിന്റെ സ്കീമുകളൊക്കെ തയ്യാറാക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പ്രസംഗത്തിൽ കമാൻഡ് ഏരിയാ എന്ന വാക്ക് അദ്ദേഹം എത്രപ്രാവ
ഉച്ചരിച്ചിട്ടുണ്ട്.

ശ്രീ. വി. കെ. രാജൻ: ഒരു കാര്യത്തെപ്പററി നമ്മളെ സംസാരിക്കുമ്പോ
അതിന്റെ പേര് എപ്പോഴും പറയണോ? നികുതി ഉണ്ടാവുകയില്ലെന്നാ
ഇതിനകത്ത് പറയുന്നത്. നികുതി ഇല്ലാതെ കമാൻഡ് ഏരിയാ പദ്ധതി നട
ലാക്കുന്നത് എങ്ങനെയാണ്? കേന്ദ്രത്തിൽനിന്ന് 50 ശതമാനം സബ്സി
കിട്ടുമെന്നാണ് പറയുന്നത്. ബാക്കി 50 ശതമാനം സംഖ്യ എവിടെനി
കിട്ടും? അത് സ്വാഭാവികമായും നമ്മുടെ കൃഷിക്കാരിൽനിന്ന് ഈടാക്കാനു
കുത്സിതമായ ശ്രമമുണ്ട്. ഈ ബില്ലിൽ ആദ്യം അത് തറപ്പിച്ചു പറയു
ല്ലെങ്കിലും ഒരു സൂചന നൽകുന്നുണ്ട്. ഇന്നുതന്നെ നമ്മുടെ രാജ്യ
കൃഷിക്കാരനെ ശ്രീ. എ. സി. ജോസിന്റെ പാർട്ടിയെല്ലാംകൂടി ഭരിച്ച് മുടി
തകർത്തിരിക്കുകയാണ്. കൃഷിക്കാരനെ കൂടുതൽ ദ്രോഹപരമായ സാഹച
ത്തിലേക്ക് എത്തിക്കാനുള്ള വകുപ്പ് വീണ്ടും നിലനിൽക്കുകയാണ്.

ഇവിടെ കറണ്ട് കൊടുക്കുന്ന നടപടിയെന്നാണ്? ഇലക്ട്രിസി
വകുപ്പ് മന്ത്രി ശ്രീ. ബാലകൃഷ്ണപിള്ള ജീവിച്ചിരിക്കുന്നിടത്തോളംകാ
അത് നടക്കുമോ? ശ്രീ. ബാലകൃഷ്ണപിള്ള മന്ത്രിയായിരിക്കുന്നിടത്തോ
കാലം കൃഷിക്കാരന് പമ്പ്സെറ് കിട്ടുമോ? തൃശ്ശൂര് നെല്ലായി ലിഫ്
ഇറിഗേഷൻ സ്കീമിൽ ഇപ്പോഴത്തെ എന്താണ് നടക്കുന്നത്? അവ
ഇഷ്ടികകളും ഉണ്ടാക്കുകയാണ്. ലക്ഷക്കണക്കിന് രൂപ ചെലവാക്കി നെല്ല
ലീഫ്ററ് ഇറിഗേഷൻ പദ്ധതി ഉണ്ടാക്കി.....

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള
ഇന്ന് നിയമസഭയിൽ അംഗങ്ങൾക്ക് അച്ചടിച്ച് വിതരണം ചെയ്തിരിക്ക
ഇന്നലത്തെ നിയമസഭാനടപടികളുടെ സംഗ്രഹത്തിൻ പറഞ്ഞിരിക്കുന്ന കാ
കാര്യങ്ങളാണ് ഇന്നും അദ്ദേഹം പ്രസംഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ : ഞാൻ ഇപ്പോഴും പറയുന്ന ഒരു കാര്യംപോലും ഇന്നലെ പറഞ്ഞതല്ല. അത് അങ്ങ് പരിശോധിക്കണം. ഞാൻ ഇപ്പോഴും പ്രസംഗിക്കുന്ന ഏതെങ്കിലും കാര്യം ഇന്നലെ പ്രസംഗിച്ചതിൽ ഉണ്ടെങ്കിൽ അങ്ങ് നൽകുന്ന എന്തു ശിക്ഷയ്ക്കും വിധേയനാകാൻ ഞാൻ തയ്യാറാണ്. ഇത് ഗൗരവമുള്ള കാര്യമാണ്. നിയമസഭയ്ക്കകത്ത് ഒരു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ്.

മി. ചെയർമാൻ : ആവർത്തനം വളരെ വിരസമായിരിക്കും എന്നുള്ളതുകൊണ്ട് അദ്ദേഹം പറഞ്ഞു എന്നേയുള്ളു.

ശ്രീ. ബന്നി ബഹനാൻ : സർ, ശ്രീ. രാജന്റെ കമാൻഡ് ഏരിയായിൽ നിന്നും ഞങ്ങളെ രക്ഷിക്കണം. ഇത് തുടങ്ങിയിട്ട് കുറെ നേരമായി.

ശ്രീ. വി. കെ. രാജൻ : ഞാൻ നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കാര്യമാണ് പറഞ്ഞത്. അവിടെ ഇപ്പോഴും 120 ഏക്കർ കൃഷി സ്ഥലമാണ് ഉള്ളത്. റവന്യൂ ബോർഡിന്റെ തീരുമാനത്തിന് വിരുദ്ധമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇഷ്ടിക മുതലാളിമാർക്ക് അനുവാദം കൊടുത്തു. അതിനെതിരായി ഹൈക്കോടതിയിൽ പോയി. ആ ഉത്തരവ് ഇപ്പോഴും ലംഘിച്ചുകൊണ്ട് ആർ.ഡി.ഒ. വീണ്ടും ഇഷ്ടികക്കളം പണിയാൻ, നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കനാലിൽ ഉൾപ്പെട്ട പ്രദേശം അനുവാദംകൊടുത്ത് അതിന്റെ പണി തുടരുകയാണ്. അത്, അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത് അതുപോലെതന്നെ..... ..... ശ്രീ. ബാലകൃഷ്ണപിള്ള കരണ്ട് കൊടുക്കാത്തതിനെപ്പറ്റിയാണ് എനിക്ക് പറയുവാനുള്ളത്. ചാലക്കുടി തുമ്പൂർമൂഴി ഇറിഗേഷൻ കനാൽ പ്രദേശത്ത് പമ്പ്സെറ്റ് മേടിച്ച് വച്ചിട്ട് ആവശ്യത്തിന് കണക്ഷൻ കൊടുക്കുന്നില്ല. അതിനുവേണ്ട നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ കോടശ്ശേരിയിൽ അൻപത് ഫോഴ്സ് പവറിന്റെ ഒരു പമ്പ് സെറ്റ് വച്ചിട്ടുണ്ട്. അവിടെ അഞ്ചുവർഷമായി കറണ്ട് കൊടുത്തിട്ടില്ല. അതിപ്പോഴും തുരുമ്പുപിടിച്ചിരിക്കുകയാണ്. അത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കണം. അതുപോലെതന്നെ അളഗപ്പനഗർ പഞ്ചായത്തിൽ വെള്ളം കൊടുക്കാതെതന്നെ പണം ഈടാക്കുന്നുണ്ട്. അങ്ങനെയുള്ള ദ്രോഹപരമായ നടപടികളാണ് ശ്രീ. കെ. എം. മാണിയും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇത്തരം പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഈ നിയമത്തിൽ കൃഷിക്കാരെ ശിക്ഷിക്കുന്ന കാര്യം പറഞ്ഞിട്ടുണ്ട്. കൃഷിക്കാരെ രണ്ടുകൊല്ലംവരെ ശിക്ഷിക്കുവാനുള്ള അധികാരം ഇതിൽ എഴുതിവച്ചിട്ടുണ്ട്. എന്നാൽ ശ്രീ. ബാലകൃഷ്ണപിള്ള അടക്കമുള്ള, കൃഷിക്കാരെ ദ്രോഹിക്കുന്ന ആളുകൾക്ക് എതിരായിട്ട് നടപടി സ്വീകരിക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ? അത് നമ്മുടെ രാജ്യത്തെ റാവപ്പെട്ട കൃഷിക്കാരെ സഹായിക്കുന്നതിന് സഹായകമായ ഒരു നിലപാടായിരിക്കും. നേരെമറിച്ച് പ്രചരണത്തിനുവേണ്ടി ചില പദ്ധതികൾ പ്രഖ്യാപിക്കുകയും അത് നടപ്പാക്കാതിരിക്കുകയും ചെയ്യുന്നത് ഈ ഗവൺമെന്റിന് ഭൂഷണമല്ല. പോലീസുകാർക്ക് വെടി വയ്ക്കുവാൻ അനുവാദം കൊടുക്കുന്ന ഒരു ഗവൺമെന്റാണല്ലോ ഇത്? ആ ഗവൺമെന്റ് ഇതിനപ്പുറവും ചെയ്യും. എന്നാൽ കേരളത്തിലെ ജനങ്ങൾ നിങ്ങൾ വരുന്നത് നോക്കിനിൽക്കുകയാണ്, അവർ നിങ്ങൾക്ക് മാപ്പു തരില്ല എന്നു പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ് : സർ, ഞാൻ ഈ ബില്ലിനെ പൊതുവേ അനുകൂലിക്കുകയാണ്. ഈ നിയമസഭയുടെ പ്രവർത്തന കാലഘട്ടത്തിൽ അവതരിപ്പിച്ചിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ബില്ലുകളിൽ ഒന്നാണിത്. ഒരു പക്ഷേ പറയുകയാണെങ്കിൽ, ഇലക്ട്രിസിറ്റി ആക്ടിനോടൊപ്പം ആധുനിക ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന ഒരു ബില്ലാണിത്. ഈ ബില്ല് 1975-ൽ കേരളത്തിൽ അവതരിപ്പിക്കേണ്ടതായിരുന്നു. അന്ന് അവതരിപ്പിച്ച് പാസ്സാക്കിയിരുന്നുവെങ്കിൽ, അത് നിയമമായിരുന്നുവെങ്കിൽ ഇന്ന് നമ്മുടെ കർഷകരുടെ ദുരിതവും കേരളത്തിന്റെ കാർഷിക ഭൂപടത്തിന്റെ നിറവും വ്യത്യാസപ്പെടുമായിരുന്നു. സമഗ്രമായ വ്യതിയാനങ്ങൾ വരുത്തേണ്ട ഒരു രംഗമാണ് കേരളത്തിലെ കാർഷിക രംഗം. ഇൻഡ്യ ഒരു കാർഷിക രാജ്യമാണ്. 1947-ൽ ഇൻഡ്യ സ്വതന്ത്രയായപ്പോൾ നമുക്ക് ഒന്നും ഉണ്ടായിരുന്നില്ല. നാം പുറത്തുള്ള രാജ്യങ്ങളിൽ നിന്ന് കൺസഷനിൽ ഫുഡ് ഗ്രെയിൻസ് വാങ്ങുകയായിരുന്നു. പി. എൽ. 480-ം അതുപോലുള്ള മറ്റ് സഹായങ്ങളും കൊണ്ടാണ് നാം ഭക്ഷണം കഴിച്ചിരുന്നത്. ഭക്ഷ്യധാന്യങ്ങൾക്കുവേണ്ടി ഭിക്ഷാപാത്രവുമായി വൻശക്തികളുടെ മുന്നിൽ പോയിനിൽക്കേണ്ട സ്ഥിതിയായിരുന്നു അന്നുണ്ടായിരുന്നത്. ഇന്ന് ആ നിലയൊക്കെമാറി. നാൽപ്പതു വർഷം കൊണ്ട് നാം , നമ്മുടെ സമൃദ്ധമായ നെൽപ്പാടങ്ങളിൽ മുഴുവനും വളം ചെയ്തും, വെള്ളം കൊടുത്തും നെല്ലുണ്ടാക്കി; ഗോതമ്പുണ്ടാക്കി. നാലു വർഷങ്ങൾക്കു മുമ്പു മുതൽ ഗോതമ്പ് കയറ്റി അയയ്ക്കുന്ന പ്രധാനപ്പെട്ട രാജ്യങ്ങളിൽ ഒന്നായിത്തീർന്നു നമ്മുടെ രാജ്യം. കഴിഞ്ഞവർഷം മുതൽ അരിയും കയറ്റി അയയ്ക്കാൻ തുടങ്ങിയതോടെ ആത്മാഭിമാനത്തോടുകൂടി നിലയ്ക്കാൻ നമുക്ക് കഴിയുന്നുണ്ട്.

പഞ്ചാബിലേയും, ഹരിയാനയിലേയും, ആന്ധ്രായിലേയും കൃഷിക്കാർക്ക് അതു കഴിയുമെങ്കിലും കേരളത്തിലെ കർഷകർ ഇന്നും തല കുനിച്ചു പിടിച്ചാണ് നടക്കുന്നത്. മുകളിൽ നോക്കി ആകാശത്ത് മേഘം ഉരുണ്ടു കൂടുമ്പോൾ കരയാനും മേഘം ഒട്ടുമില്ലാതെയായാൽ പൊട്ടിക്കരയാനും മാത്രമല്ലാതെ മറ്റൊന്നും കർഷകർക്ക് കഴിയുന്നില്ല. ആ നില മാറ്റി പ്രകൃതിയെ ശരിയായ രീതിയിൽ 'ടെയിം' ചെയ്ത് അതായത് മെരുക്കിയെടുത്ത് ആവശ്യമുള്ളപ്പോൾ വെള്ളം ലഭ്യമാക്കുകയും, ആവശ്യമില്ലാത്തപ്പോൾ വെള്ളം സംഭരിച്ചുവയ്ക്കാനും കഴിയുന്ന സമഗ്രമായ ഒരു പരിപാടിക്ക് വേണ്ടിയാണ് ഈ നിയമം ആവിഷ്ക്കരിച്ചിട്ടുള്ളത്. നിർഭാഗ്യവശാൽ നമ്മുടെ എല്ലാ ജലസേചന പദ്ധതികളേയുംപോലെതന്നെ ഈ ബില്ലിനും 'gestation period' വളരെ കൂടി. 1975-ൽ അവതരിപ്പിക്കേണ്ട ഒരു ബില്ല് 1986-ൽ അവതരിപ്പിച്ച് ഇന്നും ശ്രീ. രാജനെപ്പോലെ പൊട്ടിയ ഗ്രാമഫോൺ പ്ലേറ്റ് ചായക്കടയിലിരുന്ന് പാടുന്നതുപോലെ വീണ്ടും വീണ്ടും പാടി നാം ഇതിനെ നീട്ടിക്കൊണ്ടുപോവുകയാണ്. ഈ ബില്ല് പാസ്സാക്കുന്നതിനോടൊപ്പം തന്നെ എനിക്ക് സന്തോഷമുണ്ട് ഈ കാര്യത്തിൽ. ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞ ഒരു കാര്യം, ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇതിനകത്ത് ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അത് ഒരു സാങ്കേതികമായ തകരാറാണ്, അത് പരിഹരിക്കാമെന്ന് സൂചിപ്പിക്കുകയുണ്ടായി. ഞാൻ ഒരിക്കൽകൂടി പറയുന്നത് അതാതു വർഷം ഇതിനുവേണ്ടി എന്ത് ചെലവാക്കും, അതാത് വർഷം ഇതിനുവേണ്ടി എന്ത് റെക്കറിംഗ് ഡപ്പോസിറ്റ് വരും എന്നുള്ളതും വളരെ പ്രധാനപ്പെട്ട ഭാഗമാണ്. അത് വീണ്ടുവിചാരത്തോടുകൂടിതന്നെ എഴുതിച്ചേർക്കുവാനും അതിനുവേണ്ട നടപടികൾ സ്വീകരിക്കുവാനും ഇത് സബ്ജക്ട് കമ്മിറ്റിയിൽ ചെല്ലുമ്പോൾ തയ്യാറാകണം എന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഓർമ്മപ്പെടുത്തുന്നു. അത്രതന്നെ പ്രാധാന്യമുള്ള ഒരു കാര്യം ഞാൻ ചോദിക്കുന്നു, നമുക്ക് ഒരു ഇറിഗേഷൻ പോളിസി ഇല്ല. കാർഷിക പ്രാധാന്യമുള്ള ഒരു രാജ്യം നെല്ലു കൊണ്ടു മാത്രം ക്ഷേണം കഴിക്കുന്ന നാം പകുതിയിൽ കൂടുതൽ അരി പുറത്തു നിന്ന് ഇറക്കുമതി ചെയ്യുന്നു. ഈ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുവാൻ ഏറ്റവും അത്യാവശ്യമായിട്ടുള്ള നെല്ല് ഉല്പാദനത്തിനുവേണ്ട, ക്ഷ്യസാധനങ്ങളും ഉല്പാദിപ്പിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കുമ്പോൾ അത്യന്താപേക്ഷിതമായി നമുക്ക് വേണ്ടത് ഒരു ഇറിഗേഷൻ പോളിസിയാണ്. ഈ ബില്ല് സബ്ജക്ട് കമ്മിറ്റിയിൽ പോകുമ്പോൾ ഒന്നുരണ്ടിൽ ഇതിന്റെ സെക്ഷൻ പത്തോ അല്ലെങ്കിൽ സെക്ഷൻ പന്ത്രണ്ടോ ആയി ഒരു ഇറിഗേഷൻ പോളിസിയുടെ പ്രഖ്യാപനം ഉണ്ടാകണം. വളരെയേറെ ഭൂമി കുറഞ്ഞ ഒരു സംസ്ഥാനമാണിത്. ഭൂമിയുടെ മേലുള്ള സമ്മർദ്ദം ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണിത്. ഒരുപക്ഷേ സിലോൺ കഴിഞ്ഞാൽ ലോകത്തിൽ ഭൂമിയുടെമേൽ ഏറ്റവും കൂടുതൽ സമ്മർദ്ദം ഉള്ള ഭൂവിഭാഗമിതാണ്. അതുകൊണ്ടുതന്നെ നമ്മുടെ പട്ടണപ്രദേശങ്ങളിൽ പ്ലാനിംഗിനുവേണ്ടി നാം നേരത്തേതന്നെ പല സ്ഥലങ്ങളും മരവിപ്പിച്ചുകൊണ്ട് അവിടെ കെട്ടിടം പണിയാനും, ഷോപ്പിംഗ് കോംപ്ലക്സ് പണിയാനും, ഫാക്ടറികളും ഉണ്ടാക്കാനും സ്ഥലം തിരിച്ചുകൊടുക്കുന്നുണ്ട്. 1956-ൽ ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇൻഡ്യയ്ക്ക് ഒരു ഇൻഡസ്ട്രിയൽ പോളിസി ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് നമ്മുടെ പൊതുമേഖലയിലുള്ള വ്യവസായങ്ങളും, സ്വകാര്യമേഖലയിലുള്ള വ്യവസായങ്ങളും വളർന്നുവന്നിട്ടുള്ളത്. അതുപോലെ ഇറിഗേഷൻ പോളിസി മറ്റു പല സംസ്ഥാനങ്ങളിലുമുണ്ടെങ്കിലും കേരളത്തിന് ഒരു ഇറിഗേഷൻ പോളിസി ഉണ്ടായിട്ടില്ല. ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഒരു ഇറിഗേഷൻ പോളിസി ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം ഈ ബില്ലിലെ സെക്ഷൻ പത്തിലും പന്ത്രണ്ടിലും എഴുതിച്ചേർക്കേണ്ട ഒരു കാര്യം കേരളത്തിനു ഒരു ഇറിഗേഷൻ മാസ്റ്റർ പ്ലാൻ ഉണ്ടാക്കണമെന്നാണ്. ഈ അടുത്തകാലത്തായി ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി സാമൂഹ്യ ജലസേചന പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. പക്ഷേ അതെല്ലാം തന്നെ കുരങ്ങൻ അപ്പം പങ്കിടുന്നതുപോലെ ഓരോ സ്ഥലം ഓരോ സ്ഥലമായി മാറുകയാണ് അത് മാറണം. അതിനു പകരം കേരളത്തിൽ അങ്ങോളം ഇങ്ങോളം ചെറുതും വലുതുമായ ഇറിഗേഷൻ പദ്ധതികളെക്കുറിച്ച്, പഠിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അതിന്റെ അടിസ്ഥാനത്തിൽ ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കണം. സെക്ഷൻ പത്ത്, ഇതിൽ പറയുന്നത് 'Functions of tbe Authority' ആണ്. സെക്ഷൻ പന്ത്രണ്ടിൽ പറയുന്നത് 'Preparation of Scheme' ആണ്. എനിക്ക് അറിഞ്ഞുകൂടാ, ഇതിൽ ഏതിന്റെതായാലും വിരോധമില്ല. ഇറിഗേഷനെ സംബന്ധിച്ചിടത്തോളം, ജലസേചനത്തെ സംബന്ധിച്ചിടത്തോളം വൻകിട ചെറുകിട പദ്ധതികൾക്ക് സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ കേരളത്തിന്റെ ഭൂപടത്തിൽ മറ്റ് എന്തിനേക്കാളും പ്രാധാന്യം കൊടുത്തുകൊണ്ട് 1990-ൽ, 2001-ൽ 2012-ൽ ഇങ്ങനെ മാറി മാറി ഇന്നിന്ന പരിപാടികൾ നടപ്പാക്കുമെന്ന് കൃത്യമായി നിർവചിച്ചുകൊണ്ട് പ്രവചിച്ചുകൊണ്ട് ഒരു ഇറിഗേഷൻ മാസ്റ്റർ പ്ലാൻ രേഖപ്പെടുത്തുകയും, ആ മാസ്റ്റർ പ്ലാൻ യാതൊരു കാരണവശാലും മാറ്റപ്പെടുത്താവുന്നത് അല്ല എന്ന് എടുത്തുകാണിക്കത്തക്ക രീതിയിൽ ഈ നിയമസഭ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അത്രമാത്രം പ്രാധാന്യമാണ് നമ്മുടെ കർഷകർക്ക് ഇന്ന് കൊടുക്കേണ്ടത്. ഞാൻ ദീർഘമായി സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാമത് ഒരു കാര്യം ഞാൻ സൂചിപ്പിക്കുന്നു. ഈ കമാൻഡ് ഏരിയായിൽപ്പെടുന്ന ജലസേചന പദ്ധതികളും അല്ലെങ്കിൽ മറ്റ് എല്ലാറിനേയും പോലെതന്നെ ലിഫ്റ്റ് ഇറിഗേഷന്റെ സ്ഥാനം എവിടെയായിരിക്കുമെന്ന് പറയണം. 25 ഏക്കറും 30 ഏക്കറും 15 ഏക്കറും വരെയുള്ള സ്ഥലങ്ങൾക്ക് വെള്ളം കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തണമെങ്കിൽ എന്റെ അഭിപ്രായം 'rules' ഉണ്ടാക്കുന്ന അവസരത്തിലോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും സെക്ഷനിലേ (സെക്ഷൻ 50 വരെയുണ്ട് ഈ നിയമത്തിൽ) ഇക്കാര്യം ഉൾക്കൊള്ളിക്കണമെന്നാണ്. അതിനോടൊപ്പംതന്നെ ലിഫ്റ്റ് ഇറിഗേഷന്റെ കാച്ച്മെന്റ് ഏരിയാ ഇല്ലാതിരിക്കാം; കമാൻഡ് ഏരിയ ഇല്ലാതിരിക്കാം; എങ്കിൽപോലും ജലസേചനത്തിന്റെ റഗുലേറ്റർ ആകാൻ പോകുന്ന ഈ നിയമത്തിൽ ജലസേചനത്തെ സംബന്ധിച്ചിടത്തോളമുള്ള പൂർണ്ണമായ ചിത്രം ഉണ്ടാക്കുന്ന ഈ നിയമത്തിൽ ലിഫ്റ്റ് ഇറിഗേഷനുകൾ എവിടെയെല്ലാം ഉണ്ടാകുമെന്ന് ഇന്ന് കണ്ടുപിടിക്കാൻ നിവൃത്തിയില്ല. വാനിഷായിക്കൊണ്ടിരിക്കുന്ന നദികളുടെ നില അനുസരിച്ച് തന്നെ ഇന്ന് നാം ലിഫ്റ്റ് ഇറിഗേഷൻ ഉണ്ടാക്കണം.

ശ്രീ. എം. പി. ഗംഗാധരൻ ജലസേചന വകുപ്പുമന്ത്രിയായിരിക്കുമ്പോൾ കേരളത്തിൽ അങ്ങോളമിങ്ങോളം ഭൂഗർജലത്തിൽനിന്ന് എങ്ങനെയെല്ലാം, എവിടെയെല്ലാം, ബോർവെൽ കുഴിക്കാമെന്ന് കണക്കെടുത്തിട്ടുണ്ടായിരുന്നു. ആ കണക്ക് പ്രകാരം ഭൂഗർജലം ഉണ്ടാകുമെന്ന് കണ്ടുപിടിക്കപ്പെട്ട നമുക്ക് ഇന്ന് എന്തുകൊണ്ട് ഇറിഗേഷൻ പദ്ധതികൂടി ഈ നിയമത്തിന്റെ കീഴിൽ കൊണ്ടുവന്നു കൂടാ.

ശ്രീ. എ. വി. താമരാക്ഷൻ : നമ്മുടെ കേരളത്തിൽ ഇറിഗേഷൻ പദ്ധതികളെ സംബന്ധിച്ച് സമഗ്രമായ ഒരു പ്ലാൻ തയ്യാറാക്കാൻ സ്വയം പര്യാപ്തമായ നിലയിൽ ആവശ്യമായ ടെക്നിക്കൽ എക്സ്പേർട്ടീസ് ഇല്ലെന്നുള്ളത് മെമ്പർക്ക് അറിയാമോ ?

ശ്രീ. എ. സി. ജോസ് : സർ, ശ്രീ. താമരാക്ഷൻ. പറഞ്ഞ പോയിന്റ് കറക്റ്റാണ്. ഞാൻ ആ പോയിന്റിലേക്ക് വരുകയാണ്. ഞാൻ പറഞ്ഞുവന്നത് ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ചാണ്. ഇന്ന് ലിഫ്റ്റ് ഇറിഗേഷനും തോന്നുന്നപോലെയാണ് ചെയ്യുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ ജലസേചന പദ്ധതികൊണ്ട് പ്രയോജനമുള്ള സ്ഥലമില്ല. പക്ഷേ അവിടെ ലിഫ്റ്റ് ഇറിഗേഷനുണ്ട്. ആ ലിഫ്റ്റ് ഇറിഗേഷന്റെ മോട്ടോർ കേടുവന്നാൽ അത് നന്നാക്കാൻ ആളില്ല. ആ ലിഫ്റ്റ് ഇറിഗേഷനിൽ എവിടെയാണ് ഉപ്പുവെള്ളം കയറുന്നതെന്നുനോക്കാൻ ആളില്ല. ലിഫ്റ്റ് ഇറിഗേഷൻ ഇന്ന് രണ്ടാനമ്മ മക്കളാണ്. ആരാണ് അതിന് ഉത്തരവാദികളെന്ന് അറിഞ്ഞുകൂടാ. ഞാൻ ആരേയും കുറ്റപ്പെടുത്തി പറയുകയല്ല. ലിഫ്റ്റ് ഇറിഗേഷൻ 'money making' അല്ലാത്തതുകൊണ്ടും പണമുണ്ടാക്കാൻ കഴിയാത്തതുകൊണ്ടും ആണ്. ഞാൻ അതിനു ആരുടെയും പേരിൽ ദുരാരോപണം നടത്തുകയല്ല. പലപ്പോഴും ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർ അതിനുനേരേ കണ്ണടയ്ക്കുകയാണ് ചെയ്യുന്നത്. പക്ഷേ, ലിഫ്റ്റ് ഇറിഗേഷനാണ് നമ്മുടെ നാട്ടിൽ വേണ്ടത്. കാരണം ചെറിയ ചെറിയ തുണ്ട് ഭൂമിയാണ് നമ്മുടെ നാട്ടിലുള്ളത്. അതുകൊണ്ട് ലിഫ്റ്റ് ഇറിഗേഷൻ കൊണ്ട് ആ വൻകിട ജലസേചന പദ്ധതിയേക്കാൾ ഉപകാരപ്രദമായ രീതിയിലാണ് ഉല്പാദനം നടക്കുന്നത്. അതുകൊണ്ട് ലിഫ്റ്റ് ഇറിഗേഷനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. അത് ഈ കമാൻഡ് ഏരിയാ ഡെവലപ്പ്മെന്റ് സ്കീമിൽ കൊണ്ടുവരാൻ കഴിയുമോയെന്ന് സാങ്കേതികമായി

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് അറിഞ്ഞുകൂടാ. എന്റെ അഭിപ്രായത്തിൽ സാങ്കേതികത്വം മാറ്റിവച്ചുകൊണ്ട് ഇതൊരു കോംപ്രഹെൻസീവ് ഇറിഗേഷൻ സ്കീം ആയതുകൊണ്ട്, അങ്ങനെ ഒരു കോംപ്രഹെൻസീവ് ഇറിഗേഷൻ പദ്ധതി നിയമമായി അംഗീകരിച്ചുകൊണ്ട് ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ചിടത്തോളം അതിന്റെ ഉത്തരവാദിത്വം ആര് വഹിക്കും, ഇലക്ട്രിസിറ്റി ആര് കൊടുക്കണം, ആര് കനാൽ കീറണം, ആര് വെള്ളമടിക്കണം എന്നൊക്കെയുള്ള വിവിധ വകുപ്പുകൾക്കുവേണ്ടിയുള്ള അമ്മായിയമ്മപ്പോര് നടത്താനിടവരുത്താത്ത രീതിയിൽ അത് ഈ നിയമത്തിന്റെ കീഴിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

അത് വളരെയേറെ അത്യാവശ്യമാണ്. ഇവിടെ ആരോ ജലസേചന വകുപ്പുമന്ത്രിയുടെ നേരേ വിരൽ ചൂണ്ടിക്കൊണ്ട് എല്ലാ ജലസേചന പദ്ധതികളും നാണ്യവിളകളിലേക്ക് പോകുന്നു എന്നു പറയുകയുണ്ടായി. ഞാൻ അതിൽ സന്തോഷിക്കുന്ന ആളാണ്. നമ്മുടെ സമ്പത്ത് നാണ്യവിളകൾ തന്നെയാണ്. തെങ്ങും, കമുകും, ഏലവും, റബ്ബറും എല്ലാം നാണ്യവിളകളാണെങ്കിൽ പിന്നെ അതെന്താണ് കൃഷിയല്ലേ? അരി ഉള്ളതുകൊണ്ടു മാത്രമാണോ നാം ജീവിക്കുന്നത്? നാണ്യവിളകൾക്ക് ജലസേചന പദ്ധതി ഉണ്ടാകണമെങ്കിൽ കൂടുതൽ പ്രാധാന്യം കൊടുക്കണം. കാരണം ഒരു പക്ഷേ അരിയുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം നമുക്ക് മറ്റ് ചില ബുദ്ധിമുട്ടുകൾ ഉണ്ടാകും. അതിലേക്ക് ഇപ്പോൾ ഞാൻ വരുന്നില്ല. പക്ഷേ നാണ്യവിളകളെ സംബന്ധിച്ചിടത്തോളം അതിന് ആവശ്യമായ ജലസേചന പദ്ധതികൾ ഒരു ഉളുക്കുംകൂടാതെ ആരുടെയും മുമ്പിൽ അഭിമാനത്തോടുകൂടി പറയത്തക്ക രീതിയിൽ ജലസേചന വകുപ്പുമന്ത്രി ആവിഷ്ക്കരിക്കണം എന്ന അഭിപ്രായക്കാരനാണ് ഞാൻ. കാരണം ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിതരുന്ന സമ്പത്താണ് അത്. അത് കൃഷി അല്ലാതെ ആകില്ല. മണ്ണിൽ ഉണ്ടാകുന്ന എന്തും കൃഷി ആണ്.

ശ്രീ. എം. എം. ഹസ്സൻ : നമ്മുടെ മുഖ്യ ആഹാരം അരി ആയിരിക്കുമ്പോൾ കൃഷിയുടെ കാര്യത്തിൽ ഭക്ഷ്യസ്വയം പര്യാപ്തതയ്ക്കുവേണ്ടി നെൽക്കൃഷിക്ക്കൂടി കൂടുതൽ പ്രാധാന്യം നൽകണമെന്നല്ലേ ആ വാദഗതിയുടെ അടിസ്ഥാനം?

ശ്രീ. എ. സി. ജോസ് : ഞാൻ അതുകൊണ്ടുതന്നെയാണ്, ആദ്യം നെൽക്കൃഷിയുടെ കാര്യം പറഞ്ഞത്. പക്ഷേ ഇവിടെ സൂചിപ്പിച്ചത് നാണ്യവിളകൾക്കുവേണ്ടി ഇറിഗേഷൻ പദ്ധതികൾ ഉണ്ടാകുന്നത് എന്തോ അബദ്ധമാണെന്നുള്ള നിലയിൽ ജലസേചന വകുപ്പുമന്ത്രിയുടേയോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ആളുകളുടേയോ സ്വകാര്യ ലാഭത്തിനുവേണ്ടിയോ അല്ലെങ്കിൽ സ്ഥാപിത താല്പര്യത്തിനുവേണ്ടിയോ ആണ് എന്ന സൂചന വന്നതുകൊണ്ട് പറഞ്ഞതാണ്. ഏലവും ഉണ്ടാകണം റബ്ബറും ഉണ്ടാകണം. അതോടൊപ്പംതന്നെ കൃഷ്ണ ക്രോപ്സിനും ഫുഡ് ക്രോപ്സിനും ഒരു പോലെ പ്രാധാന്യം കൊടുക്കണം. അതുകൊണ്ടുതന്നെയാണ് ഞാൻ അക്കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചത്.

ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ചിടത്തോളം സമഗ്രമായ ഒരു കാഴ്ചപ്പാടുകൂടി ഉൾക്കൊള്ളാൻ സബ്ജക്ട് കമ്മിറ്റിക്ക് കഴിയണം. ശ്രീ. എ. വി. താമരാക്ഷൻ ഇവിടെ സൂചിപ്പിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഇന്ന് നമ്മുടെ ഇറിഗേഷൻ വകുപ്പിന്റെ സ്ഥിതി എന്താണ്? പി. ഡബ്ലിയു. ഡി. മൊത്തത്തിൽ എടുത്തു നോക്കുക. ഓരോ ദിവസം ചെല്ലുന്തോറും ജീവിതം സങ്കീർണ്ണമാകുകയും സ്പെഷ്യലൈസേഷനിലേക്ക് ചുരുങ്ങുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ വൈദ്യ ശാസ്ത്രത്തിൽ ഇടതുകൈയുടെ ഒരു ചൂണ്ടാണി വിരലിനെക്കുറിച്ച് സ്പെഷ്യലൈസ് ചെയ്യുന്നവരും വലതു കണ്ണിന്റെ ഒരു ഞരമ്പിനെക്കുറിച്ച് സ്പെഷ്യലൈസ് ചെയ്യുന്നവരും ഉണ്ട്. അങ്ങനെ എല്ലാ കാര്യത്തിലും സ്പെഷ്യലൈസേഷൻ ആവശ്യമാണെങ്കിൽ നമ്മുടെ നാട്ടിൽ പി. ഡബ്ലിയു. ഡി. യിലെ സിവിൽ എഞ്ചിനീയർ സാർവ്വഭൗമനാണ്. അയാൾക്ക് നാഷണൽ ഹൈവേ കൈകാര്യം ചെയ്യാം, ബിൽഡിംഗ്സ് ആൻഡ് റോഡ്സ് കൈകാര്യം ചെയ്യാം, ബ്രിഡ്ജസ് കൈകാര്യം ചെയ്യാം, ഇറിഗേഷൻ കൈകാര്യം ചെയ്യാം, മെക്കാനിക്കൽ ഡിവിഷൻ കൈകാര്യം ചെയ്യാം എന്നുള്ള സ്ഥിതിവിശേഷം മാറണം സർ. ഇറിഗേഷൻ ഒരു സ്പെഷ്യലൈസ്ഡ് സബ്ജക്ട് ആകണം. എന്റെ അഭിപ്രായം നമ്മുടെ സർവ്വകലാശാലകളിൽ ഇറിഗേഷനെക്കുറിച്ചും ഹൈഡ്രോളജിയേക്കുറിച്ചും സിവിലേജിനെക്കുറിച്ചും അതുപോലുള്ള മറ്റു സാങ്കേതിക കാര്യങ്ങളെക്കുറിച്ചും പഠിപ്പിക്കുന്നതിനാവശ്യമായ ഫാക്കൽറ്റീസ് ആരംഭിക്കണമെന്നാണ്. അതുകൊണ്ടാണ് ഞാൻ ശ്രീ. എ. വി. താമരാക്ഷൻ ചോദിച്ചപ്പോൾ ആ വിഷയത്തിലേക്ക് വരുന്നുവെന്നു പറഞ്ഞത്. പി. ഡബ്ലിയു. ഡി. യിൽ സിവിൽ എഞ്ചിനീയറിംഗ് പാസായ എഞ്ചിനീയർമാരെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനുവേണ്ടി പോസ്റ്റ് ചെയ്തു. ഈ വിഷയവുമായി ബന്ധപ്പെട്ട അഗ്രിക്കൾച്ചർ ഉണ്ട്. ഇവിടെ ആരാണ് അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിൽ പോകേണ്ടത് അല്ലെങ്കിൽ മറ്റു സ്ഥലത്തേക്ക് പോകേണ്ടത് എന്നുള്ള ചോദ്യമുണ്ടായി. വളരെ പ്രസക്തമായ ഒരു ചോദ്യമാണത്. നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രീയ മീമാംസ വളർന്നുവന്ന രീതികൊണ്ടാണ് ഇന്ന് ഇറിഗേഷന് വേറെ വകുപ്പും അഗ്രിക്കൾച്ചറിന് വേറെ വകുപ്പുമെല്ലാം വന്നിട്ടുള്ളത്. അഗ്രിക്കൾച്ചറും ഇറിഗേഷനും കൈകോർത്തു പോകേണ്ട കാര്യങ്ങളാണ്. അതുകൊണ്ടുതന്നെ നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിൽ ഇറിഗേഷനുവേണ്ടിയുള്ള ഇറിഗേഷൻ എക്സ്പർട്ടൈസ് പഠിപ്പിക്കുന്ന ഒരു ഫാക്കൽറ്റി ഉണ്ടാകണം എന്ന് ഞാൻ പറഞ്ഞത്. അതിന്റെ സാങ്കേതിക വശങ്ങൾ അത്രയേറെ വളർന്നിരിക്കുന്നു. നമ്മുടെ ഭൂഗർഭജലത്തിന്റെ ഏതാണ്ട് 22 ശതമാനം ഭൂമിയുടെ പ്രത്യേക കിടപ്പുകൊണ്ട് ഇൻഡ്യയ്ക്കു വെളിയിൽനിന്നാണു വരുന്നതെന്നാണ് നാം പഠിക്കുന്നത്. അതിനെക്കുറിച്ച് വിശദമായി പഠിക്കുവാനും മറ്റ് എത്തെല്ലാം സ്ഥലങ്ങളിൽനിന്ന് വെള്ളം നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് പഠിക്കുവാനും മാത്രമായ വളരെ സാങ്കേതികമായ വിജ്ഞാനം ഇതിന് ആവശ്യമുള്ളതുകൊണ്ട് ഇതിനെക്കുറിച്ച് പഠിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ നമ്മുടെ സർവ്വകലാശാലകളിൽ ഉണ്ടാകണം. ലാൻഡ് മാനേജുമെന്റും; വാട്ടർ മാനേജുമെന്റും ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ആമുഖ പ്രസംഗത്തിൽ പറഞ്ഞു. സർ, ഇന്ന് ലാൻഡ് മാനേജ്മെന്റിനേറെയും വാട്ടർ മാനേജ്മെന്റിനേറെയും സ്പെല്ലിങ്ങേ നമുക്ക് അറിഞ്ഞുകൂടാ. ഞാൻ കുറ്റപ്പെടുത്തുകയല്ല. നമ്മുടെ എഞ്ചിനീയർമാർക്ക് ആർക്കും വിവരമില്ല എന്നും ഞാൻ പറയുകയല്ല. പക്ഷേ ഈ വിഷയത്തെക്കുറിച്ചും ഇറിഗേഷൻ മാനേജ്മെന്റിനെക്കുറിച്ചും വാട്ടർ മാനേജ്മെന്റിനെക്കുറിച്ചും ആവശ്യമായ വിജ്ഞാനമുള്ളവരേയും സാങ്കേതിക ജ്ഞാനമുള്ളവരേയും പുറത്തിറക്കുന്നതിന് അഗ്രിക്കൾച്ചർ അടക്കമുള്ള വിഷയങ്ങളുടെ സാങ്കേതികവശങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ ഫാക്കൽറ്റി വേണം. നമുക്ക് ഒരു അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ഉണ്ട്. അത് നന്നായി പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റിയാണ്. ആ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ ഒന്നുകിൽ അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗിന്റെ രണ്ടോ മൂന്നോ വർഷം കഴിയുമ്പോൾ ഇറിഗേഷനു സ്പെഷ്യലൈസ് ചെയ്യുന്നവരെ അങ്ങോട്ട് അയയ്ക്കുകയോ മറ്റ് ഏതെങ്കിലും സംവിധാനമുണ്ടാക്കുകയോ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനുള്ള വകുപ്പുകൂടി കൂടി ഇതിൽ എഴുതിച്ചേർക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ.

ഇന്ന് നമ്മുടെ നാടിന്റെ ഒരു വലിയ ശാപമായി തീർന്നിരിക്കുന്ന ഒരു കാര്യമുണ്ട്. നമ്മുടെ ഇറിഗേഷൻ പദ്ധതികൾക്കു മുഴുവനും ഒരു ജസ്റ്റിഫിക്കേഷൻ പീരിയേഡ് ഉണ്ട്. സാധാരണഗതിയിൽ ഇത് ഒരു ആനുപ്രസവത്തിന്റെ രീതിയാണ് സർ. എത്ര വർഷമാണ് നമ്മുടെ ഒരു ഇറിഗേഷൻ പദ്ധതി പൂർത്തിയാക്കാൻ എടുക്കുന്നത്.

സർ, കല്ലട പദ്ധതിയെക്കുറിച്ച് കേൾക്കാൻ തുടങ്ങിയിട്ട് കാലങ്ങളേറെയായി. ഇന്നും അതു പൂർത്തിയായിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ച് എനിക്കറിഞ്ഞുകൂടാ. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച കായലും കൈത്തോടും നിറഞ്ഞിട്ടുള്ള മലയോരങ്ങളിൽ നിന്ന് ഒഴുകിവരുന്ന വെള്ളം ഉപയോഗിച്ച് കേരളത്തിൽ പത്തോ പത്തു ജലസേചനപദ്ധതികളേ ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളു. അതുതന്നെ പൂർത്തിയാക്കാൻ എത്ര സമയമാണ് എടുത്തത്? പ്ലാനിന് 2 കൊല്ലം, കല്ലിടാൻ 4 കൊല്ലം, പണി പൂർത്തിയാക്കാൻ എത്രയെങ്കിലും കൊല്ലം. ഒരു പുരുഷായുസ് മുഴുവൻ എടുത്താൽപോലും തീരാത്ത രീതിയിലാണ് ജലസേചന പദ്ധതികളുടെ പണി പോകുന്നത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അടിയന്തിരമായി അഭ്യർത്ഥിക്കാനുള്ളത്, ഈ നിയമത്തിൽ വിവിധതരം ജലസേചന പദ്ധതികളുടെ ജസ്റ്റിഫിക്കേഷൻ പീരിയേഡ് എത്രയാണെന്ന് തിട്ടപ്പെടുത്തുകയും എക്സ്പെർട്ട്സ് നിഷ്കർഷിക്കുന്ന സമയപരിധി അപ്പടി പാലിക്കണമെന്ന് എഴുതി വയ്ക്കുകയും അത് ലംഘിക്കുന്നത് ഉദ്യോഗസ്ഥൻമാരായാലും ശരി ഭരണാധികാരിയായാലും ശരി അവർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടിയെടുക്കാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യണം എന്നാണ്. ഒരൊറ്റ ജലസേചന പദ്ധതിയെങ്കിലും സമയത്തിന് പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ഫലമെന്താണ്, 10 കോടി രൂപ ചെലവാക്കേണ്ട സ്ഥാനത്ത് അവസാനം 100 കോടി രൂപ ചെലവാക്കേണ്ടിവരുന്നു. 10 പൈസക്ക് കിട്ടേണ്ട ഒരു ക്യൂബിക് സെന്റീമീറ്റർ വെള്ളത്തിന് 10 രൂപ വാങ്ങി കർഷകന്റെ നട്ടെല്ലൊടിക്കുന്ന സ്ഥിതിയിലേക്ക് എത്തിച്ചേരുകയാണ്. ഈ സഭയിലെ ഓരോരുത്തരും അതിനെക്കുറിച്ച് ആലോചിക്കണം. തൊഴിലാളി സമരമായിരിക്കാം അല്ലാത്തതായിരിക്കാം. പക്ഷേ പ്രയോറിറ്റി കൊടുത്തുകൊണ്ട് നമ്മുടെ ജലസേചന പദ്ധതികളും കൃത്യമായി ഇത്രമാസത്തിനകം പൂർത്തിയാക്കുമെന്നു പറയാനുള്ള തന്റേടം നമുക്ക് ഉണ്ടാകണം. ഈയടുത്തകാലത്ത് ഫീഡൽ കാസ്ട്രോയെക്കുറിച്ച് വായിക്കാനിടയായി. അദ്ദേഹം ജലസേചന പദ്ധതികളുടെ കൈകാര്യം ചെയ്യുന്ന രീതിയെക്കുറിച്ച് വായിച്ചപ്പോൾ വളരെയേറെ വികാരം തോന്നി. കാരണം അദ്ദേഹം സ്വന്തമായി ജീപ്പ് ഓടിച്ച് ജലസേചന പദ്ധതികളുടെ പണി നടക്കുന്ന സ്ഥലങ്ങളിൽപ്പോയി താമസിക്കുമെന്നാണ് പറയുന്നത്. ലോകത്ത് എവിടെയെങ്കിലും കരിമ്പിനോ, പഞ്ചസാരയ്ക്കോ ക്ഷാമമുണ്ടായാൽ ഒരു ജലസേചന പദ്ധതി ആരംഭിച്ച് ആ ക്ഷാമം തീരുന്നതിനുമുമ്പ് പഞ്ചസാര വിറ്റ് പണമുണ്ടാക്കിയാൽ ആ രാജ്യം പുരോഗമിക്കുമെന്നാണ് അദ്ദേഹത്തിന്റെ കണക്കുകൂട്ടൽ. അതിന് അവിടെ പോയി താമസിച്ച് എല്ലാ വകുപ്പ് അധികാരികളേയും വിളിച്ചുകൂട്ടി ഇത്രമാസത്തിനകം ജലസേചന പദ്ധതികൾ പൂർത്തിയാക്കണമെന്ന് നിർദ്ദേശിക്കും. അങ്ങനെ ആ പ്രോജക്ട് പൂർത്തിയാക്കുന്നതിനുവേണ്ടി അദ്ദേഹം പ്രവർത്തിക്കുന്നുണ്ടെന്നാണു പറയുന്നത്. അത് നമ്മുടെ നാട്ടിൽ പ്രായോഗികമാണെന്നുള്ള അർത്ഥത്തിലല്ല ഞാനിത് സൂചിപ്പിക്കുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം ജസ്റ്റിഫിക്കേഷൻ പീരിയേഡ് എന്നു പറയുന്നത് ഏതു പദ്ധതിയെ സംബന്ധിച്ചും ആക്ഷേപമാണ്. അതുകൊണ്ടുതന്നെ കോസ്റ്റ് എസ്കലേ

LIBRARY ARCHIVES Kerala Legislative Assembly

ലേഷൻകൊണ്ട് നമുക്ക് ഒരു പദ്ധതിയും മുമ്പോട്ടു കൊണ്ടുപോകാൻ കഴിയുകയില്ല.

നമ്മുടെ ഇലക്ട്രിസിറ്റി പദ്ധതികളുടെ സ്ഥിതി എന്താണു സർ? യൂണിറ്റുകൾക്ക് വില കൂട്ടുന്നതിന്റെ കാരണം ജസ്റ്റേഷൻ പീരിയേഡ് പൂർത്തിയാക്കാനുള്ള സമയം എടുക്കുന്നതുകൊണ്ട് വന്നിട്ടുള്ളതാണ്. അതുകൊണ്ട് ഈ നിയമത്തിൽ ജസ്റ്റേഷൻ പീരിയേഡിനു കൃത്യമായ സമയ പരിധിവച്ചുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്, കൃത്യമായി നമ്മുടെ പദ്ധതികൾ ഏതെല്ലാമാണെന്നു കണ്ടുപിടിച്ച് അവ ഏതു കാലഘട്ടത്തിൽ ആരംഭിക്കാമെന്നു തീരുമാനിക്കണം. ടൈം ചാർട്ടും ബാർ ചാർട്ടുമുള്ള കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. നാം 21-ാം നൂറ്റാണ്ടിലേക്കാണ് പോകുന്നത്. ഇത്ര ദിവസം കൊണ്ടു തീരുമെന്നു പറയുന്ന കൗണ്ട് ഡൗൺ ഉള്ള സമയമാണിന്ന്. പക്ഷേ നമുക്ക് ഇതൊന്നും ഇല്ല. നമ്മൾ ആധുനിക ലോകത്തെ സ്വപ്നം കണ്ടുകൊണ്ട് അധോലോകത്ത് ജീവിക്കുന്ന സ്ഥിതിവിശേഷത്തിലേക്കാണ് എത്തിയിരിക്കുന്നത്. ഇറിഗേഷനെ സംബന്ധിച്ചിടത്തോളം ആ ഒരു സ്ഥിതി നമുക്ക് മാറ്റാൻ കഴിയണം. നാം വളരെയേറെ ഗൗരവത്തോടുകൂടി ഇക്കാര്യത്തെ കാണേണ്ടതാണ്. ഈ നിയമത്തിന്റെ വകുപ്പ് തിരിച്ചുള്ള ചർച്ചകളിൽ സംസ്കരിക്കാൻവേണ്ടി കഴിയുമെങ്കിൽ സമയം മാറ്റിവയ്ക്കുക. എനിക്ക് ഒരു കാര്യം പറയാനുള്ളത് 'Constitution of Authority' യെപ്പറ്റിയാണ്. അതിന്റെ സെക്ഷൻ 4-ലെ ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മപ്പെടുത്തുകയാണ്. ഇലക്ട്രിസിറ്റി ആക്ടിൽ ഇത് ഉണ്ടോയെന്നു പരിശോധിക്കാൻ എനിക്ക് സമയം കിട്ടിയില്ല. ഈ സഭയുടെ രണ്ട് പ്രതിനിധികളെങ്കിലും കമാൻഡ് ഏരിയാ ഡെവലപ്മെന്റ് അതോറിറ്റിയിൽ വേണം. ആ പ്രതിനിധികൾ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും വരത്തക്കരീതിയിലുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് അങ്ങു തന്നെ തീരുമാനിക്കുന്നതുകൊണ്ട് എനിക്ക് വിരോധമില്ല. പക്ഷേ ഈ സഭയിൽ ഇതിനെക്കുറിച്ച് ചർച്ചചെയ്യപ്പെടുമ്പോൾ ഇറിഗേഷനെക്കുറിച്ച് പറയുമ്പോൾ അല്ലെങ്കിൽ കൃഷിയെക്കുറിച്ചും ജലസേചനത്തെക്കുറിച്ചും നടക്കുന്ന ചർച്ചകൾ ഭാവിയിൽ ഉണ്ടാകുമ്പോൾ അത് ഈ അതോറിറ്റിയിൽ പ്രകടമാക്കാനും അതിനനുസരിച്ച് ജനപ്രതിനിധികൾ എന്ന നിലയ്ക്ക് തീരുമാനങ്ങൾ എടുക്കാനും ഉള്ള സംവിധാനം ഉണ്ടാക്കണം. കേരള സർവകലാശാലയുടെ ഒരു പ്രതിനിധി, ഇങ്ങനെ പലതരത്തിലുള്ള ആളുകൾ ഉണ്ടാകണമെന്ന് ബില്ലിൽ പറഞ്ഞിട്ടുണ്ട്. വകുപ്പു തിരിച്ചുള്ള ചർച്ച വരുമ്പോൾ ഈ സഭയുടെ രണ്ടു പ്രതിനിധികളെക്കൂടി അതോറിറ്റികളിൽ ഉൾപ്പെടുത്തണമെന്ന ഭേദഗതി കൊടുക്കേണ്ട ആവശ്യം ഇപ്പോഴേതന്നെ ഗവൺമെന്റ് അംഗീകരിക്കണം. ഈ സഭയുടെ പ്രതിനിധികൾ അതോറിറ്റികളിൽ ആവശ്യമാണ്. ആ കാര്യത്തെക്കുറിച്ച് സബ്ജക്ട് കമ്മിറ്റി ഗൗരവമായി ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പിന്നൊന്നുള്ളത് സെക്ഷൻ 43 ആണ്. സിവിൽ അധികാരങ്ങൾ ഈ അതോറിറ്റിക്ക് കൊടുക്കണമോ എന്ന് ആലോചിക്കുന്നത് നല്ലത് സർ. സാക്ഷികളെ വിളിച്ച് വിസ്തരിക്കാനും മറ്റുമുള്ള അധികാരം ഇത്തരത്തിലുള്ള അതോറിട്ടികളെ ഇതിനുമുൻപ് ഏതെങ്കിലും നാട്ടിൽ ഏൽപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സമയം കിട്ടിയില്ല. ഇത് പരിശോധിക്കുന്നത് നന്നായിരിക്കും. അതിനു രണ്ടു കാരണമുണ്ട്. ഒന്ന് അധികാരം ദുരുപയോഗപ്പെടുത്താൻ ഇടയുണ്ട്. രണ്ടാമത്തേത് അത് പലപ്പോഴും തീരുമാനങ്ങൾ എടുക്കുന്നതിന് കാലതാമസം ഉണ്ടാക്കും. സാധാരണഗതിയിൽ കോസിജുഡിഷ്യൽ പവ്വേഴ്സ് കൊടുക്കുന്നത്, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി കൂടിയായ ജലസേചന വകുപ്പുമന്ത്രിക്ക് അറിയാം, സമ്മറി

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്പോസൽ ആയിരിക്കുകയല്ലേ കൂടുതൽ നല്ലത് എന്ന് ഒന്ന് ആലോചിച്ചുകൊണ്ട് ആ സമ്മറി ഡിസ്പോസലിന്റെ പുറത്ത് റിവിഷൻ കൊടുക്കാനും പ്രൊവിഷനുള്ളതുകൊണ്ട് അവിടെ സമ്മറി ഡിസ്പോസൽ ആയിരിക്കും നല്ലത്. എന്തിനാണ് സെക്ഷൻ 43-ൽ സിവിൽ നിയമത്തിലുള്ള അധികാരം ഉൾപ്പെടുത്തിയത്? അതിന്റെ പിന്നിലുള്ള ഉദ്ദേശമെന്തെന്ന് വ്യാഖ്യാനിച്ചിട്ടും എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. അതിന് ഒരു ഡിപ്പാർട്ടുമെന്റൽ എൻക്വയറിയോ അല്ലെങ്കിൽ ഡൊമസ്റ്റിക് എൻക്വയറിയോ നടത്തി, സമ്മറി ഡിസ്പോസൽ നടത്തി അതിനു പുറത്ത് റിവിഷൻ, റിവിഷൻ കഴിഞ്ഞ് സ്വാഭാവികമായും അത് ഹൈക്കോടതിയിലോ മറ്റു കോടതിയിലോ ചെല്ലുമ്പോൾ വളരെ കാലതാമസം ഉണ്ടാകാൻ ഇടവരുമെന്നുള്ളതുകൊണ്ട് അതിനെക്കുറിച്ചുകൂടി ആലോചിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതിന്റെ വകുപ്പുതിരിച്ചുള്ള കാര്യങ്ങൾ വരുമ്പോൾ മറ്റു കാര്യങ്ങൾ സംസാരിക്കാം എന്നുള്ളതുകൊണ്ട് വീണ്ടും വീണ്ടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത് 2-3 കാര്യങ്ങളാണ്. ഇത് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടെ കയ്യിൽ കിട്ടിയിട്ടുള്ള ഏറ്റവും സുവർണ്ണാവസരമായി എടുത്തുകൊണ്ട് കേരളത്തിന് ഒരു മാസ്റ്റർ പ്ലാനും, ഇറിഗേഷൻ പ്ലാനും, ഇറിഗേഷൻ പോളിസിയും ഉണ്ടാക്കുന്നതിന് ഈ നിയമത്തിൽ തന്നെ എഴുതി വയ്ക്കത്തക്ക രീതിയിൽ വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ നിയമത്തെ വളരെ സന്തോഷത്തോടും ആത്മാർത്ഥതയോടുകൂടിയും പിൻതാങ്ങുകയും ആവുന്നത്ര വേഗം താമസം കൂടാതെ ഇത് യാതൊരു എതിർപ്പുമില്ലാതെ പാസ്സാക്കി എടുക്കാൻ ഇടവരട്ടെ എന്ന് ആശംസിച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഈ നിയമത്തിന്റെ ആശയത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. അതോടൊപ്പംതന്നെ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന നിയമത്തിൽ സമഗ്രമായ മാറ്റം ആവശ്യമാണെന്ന് എനിക്ക് അഭിപ്രായമുണ്ട്. എനിക്ക് മുൻപ് സംസാരിച്ച അംഗം ബഹുമാനപ്പെട്ട എ. സി. ജോസ് ചൂണ്ടിക്കാണിച്ചതുപോലെ ഈ കാര്യങ്ങളിൽ വകുപ്പു തിരിച്ചുള്ള ചർച്ചയിൽ സൂചിപ്പിക്കാവുന്നതുകൊണ്ട് ഈ സന്ദർഭം അതിനായി ഞാൻ ഉപയോഗിക്കുന്നില്ല. ഇന്ത്യയിൽ ആദ്യമായി കാർഷിക പരിഷ്ക്കരണം വഴി ഭൂവുടമ ബന്ധങ്ങളിൽ മാറ്റം വന്ന സംസ്ഥാനമാണ് കേരളം. അങ്ങനെ ഒരു കാർഷിക പരിഷ്ക്കരണ നിയമം വഴി ഭൂവുടമ ബന്ധങ്ങളിൽ മാറ്റം വരുത്താൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞുവെങ്കിലും കാർഷിക ഉൽപ്പാദനത്തിന്റെ കാര്യത്തിൽ വളരെ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് ഒരു യാഥാർത്ഥ്യമായി ഇപ്പോഴും അവശേഷിക്കുന്നു. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ വളരെ പരമ്പരാഗതമായ കൃഷി സമ്പ്രദായവും പഴയ കാലത്തെ ഭൂവുടമ ബന്ധവുമാണ് അവിടെ നിലനിൽക്കുന്നതെന്ന് കാണാൻ കഴിയും. പലപ്പോഴും ആ വിധത്തിലുള്ള ഭൂവുടമ ബന്ധവും പരമ്പരാഗതമായ കൃഷി സമ്പ്രദായവും ഉൽപ്പാദന പ്രക്രിയയെ ബാധിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ടെങ്കിൽ നമ്മുടെ സംസ്ഥാനത്ത് അതിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് നിലനിൽക്കുന്നത് എന്നുള്ളത് സത്യമാണ്. 1972-ൽ കേന്ദ്രഗവൺമെന്റ് നിയോഗിച്ച ഇറിഗേഷൻ കമ്മീഷൻ 1972 മാർച്ച് മാസം അതിന്റെ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ ജലസേചനത്തിന്റെയും ജലസേചന പദ്ധതികളും ഉപയോഗിക്കുന്ന പ്രദേശത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കാർഷിക അഭിവൃദ്ധിയെ ലക്ഷ്യമാക്കി നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ചും പറയുകയുണ്ടായി. 1976-ലെ നാഷണൽ കമ്മീഷൻ ഓൺ അഗ്രിക്കൾച്ചർ ഈ വിഷയത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വളരെ വ്യക്തമായി പഠിക്കുകയും കേന്ദ്രഗവൺമെന്റിന്റെ മുന്നിൽ അവരുടെ സമഗ്രമായ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു. ഇങ്ങനെ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ജലസേചന പദ്ധതികളു ായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും പരമാ വധി ജലസമ്പത്ത് ചൂഷണം ചെയ്തു കാർഷികവൃത്തിക്ക് ഉപയോഗിക്കു വാനും ആവശ്യമായ ചില പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിഞ്ഞത്. ഇങ്ങനെയൊക്കെയായിട്ടും നമ്മുടെ രാജ്യത്ത് ആകെയുള്ള ജലസമ്പത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമേ ജലസേചനത്തിനുവേണ്ടി നമുക്ക് ഉപയോ ഗിക്കാൻ കഴിയുന്നുള്ളു. ആകെ മൊത്തം 442 മില്ല്യൻ മീറ്റർ ജലം നമ്മുടെ സമ്പത്തായിട്ടുണ്ടെങ്കിൽ അതിൽ 35 മില്ല്യൻ മീറ്റർ വെള്ളം മാത്രമാണ് ജല സേചനത്തിന് ഉപയോഗിക്കുന്നത്. ബാക്കിയുള്ള ആകെ ജലത്തിന്റെ 65 ശത മാനവും കടലിൽ ഒഴുകിയോ ഇവാപ്പറേഷൻ മൂലമോ നഷ്ടപ്പെട്ടു പോവുക യാണ്. നമുക്കു ഉപയോഗിക്കാൻ കഴിയുന്നില്ല. ആ 35 മില്ല്യൻ മീറ്റർ ജലം ഉപയോഗിക്കുന്നതിൽതന്നെ ഉപരിതലത്തിൽക്കൂടി 24 മില്ല്യൻ മീറ്റർ മാത്രമേ നമുക്ക് കിട്ടുന്നുള്ളു. ബാക്കി ഗ്രൗണ്ട് വാട്ടർ ഉപയോഗിച്ചാണ് ഈ ജലസേചന സംവിധാനം നമ്മൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതു ആകെ പരിശോധിക്കുമ്പോൾ ഈ 24-ൽ 60 ശതമാനവും ജലസേചന സംഭരണികളിൽ നിന്ന് ഫീൽഡ് ചാനൽ വഴി എത്തുമ്പോഴേക്കു നഷ്ടപ്പെട്ടു പോകുന്നു എന്നാണു കാണുന്നത്. അങ്ങനെ വരുമ്പോൾ അവശേഷിക്കുന്നത് 14 മില്ല്യൻ മീറ്റർ വെള്ളം മാത്രമാണ്. അതാകട്ടെ ആകെയുള്ള ജലസമ്പത്തിന്റെ 3.2 ശതമാനം മാത്രമാണ്. ഇതു ജലസേചന രംഗത്തെ നമ്മുടെ രാജ്യത്തിന്റെ പരിതാപകരമായ ചിത്രമാണു കാണിക്കുന്നത്. ആകെയുള്ള ജലസംബ ത്തിന്റെ 3 ശതമാനത്തോളം മാത്രം കൃഷിക്കും മറ്റു ആവശ്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന ഒരു രാജ്യത്ത് കാർഷികോൽപ്പാദനം വർദ്ധിപ്പി ക്കണമെന്നുണ്ടെങ്കിൽ പരമാവധി ജലസമ്പത്ത് ചൂഷണം ചെയ്തുകൊണ്ട് ആ നഷ്ടപ്പെട്ടത് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചാൽ മാത്രമേ സാധിക്കുകയുള്ളു. യു. എൻ. ഡി. പി. യുടെ ഒരു പഠനത്തിൽ കാണുന്നത് ഈയുള്ള ജലത്തിന്റെ 25 ശതമാനം കനാലിൽക്കൂടി പോകുമ്പോൾ നഷ്ടപ്പെടുന്നു എന്നാണ്. അതുകൊണ്ടു മൊത്തം കാര്യങ്ങളെ സംബന്ധി ച്ചിടത്തോളം ഒരു പരിശോധന ആവശ്യമാണ്, വികസനം ആവശ്യമാണ് എന്ന കാര്യത്തിൽ തർക്കമില്ല. ഇൻറർനാഷണൽ ലാൻറ് റിക്ലമേഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഇൻഡ്യയിലെ 90 പ്രോജക്ടുകളെക്കുറിച്ച് നടത്തിയ പഠനത്തിൽ കാണിക്കു ന്നത് നമ്മുടെ റിസർവോയറിൽനിന്ന് വയലിലേക്ക് വെള്ളം എത്തിക്കുന്നതിൽ നമ്മുടെ പരാജയം അവർ കണക്കാക്കിയിട്ടുണ്ട് എന്നാണ്. എഫിഷ്യൻസി ഓഫ് ഇറിഗേഷൻ എന്നു പറയുന്നത് 20 മുതൽ 40 ശതമാനം വരെയാണെ ന്നാണ് കണക്കുകളിൽ കാണുന്നത്. അതു കൊണ്ട് ഇത്ര പരമദയനീയമായ ഒരു സാഹചര്യത്തിൽ നിന്നും ജലസേചനസമ്പ്രദായത്തെ ശക്തിപ്പെടുത്താൻ കഴിയണമെന്നുണ്ടെങ്കിൽ അതിനാവശ്യമായ പുതിയ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചെങ്കിൽ മാത്രമേ കഴിയു എന്നുള്ളതുകൊണ്ടാണ് ഇതുപോലെ ഒരു പരിപാടിക്ക് രൂപം കൊടുത്ത് ജല നഷ്ടം പരമാവധി കുറച്ച് മെച്ച പ്പെട്ട കൃഷി സമ്പ്രദായം സ്വീകരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നത്. അതിനാവശ്യമായ ഒരു പരിപാടി തയ്യാറാ ക്കുമ്പോൾ കമാൻറ് ഏരിയാഡവലപ്പുമെൻറു മാത്രമല്ല, ഇറിഗേഷനു ആവശ്യ മായ പദ്ധതികളും ആവിഷ്ക്കരിക്കുന്നതുംപ്പെടെ പൂർണ്ണമായും നമ്മൾ ഒരാ ലോചനയ്ക്ക് വിധേയമായെങ്കിൽ മാത്രമേ കഴിയു എന്നാണ് കേരളത്തിലെ കഴിഞ്ഞകാല അനുഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. കഴിഞ്ഞദിവസം മന്ത്രി ഇവിടെ പറഞ്ഞു കഴിഞ്ഞ പഞ്ചവൽസരപദ്ധതികളിലായി നമ്മൾ അതു ദ്ധാനം ചെയ്തിട്ട് 10 ജലസേചന പദ്ധതികൾ മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കാൻ കഴിഞ്ഞത് എന്ന്. കല്ലടയുടെ കാര്യം നമുക്ക് അറിയാം. ഈ കനാൽ സിസ്റ്റം വരുന്നതിനു മുൻപുതന്നെ ചോരാൻ തുടങ്ങിയതാണ്. കല്ലടയ്ക്കാണെങ്കിൽ ഓരോ പ്രാവശ്യവും മാറി മാറിവരുന്ന മന്ത്രിമാർ ഉദ്ഘാടനം ചെയ്യുന്നതല്ലാതെ പരിപാടിയിൽ വലിയ പുരോഗതി ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞ കാലങ്ങളിൽ കഴിഞ്ഞിട്ടില്ല. മന്ത്രി മാറി വരുമ്പോഴും ഉൽഘാടനം നടക്കുന്നു എന്നുള്ളതു് ശരിയാണ്. 12 പ്രധാനപ്പെട്ട ജലസേചന പദ്ധതികളും നമ്മുടെ സംസ്ഥാനത്തുള്ളതിൽ 10 എണ്ണം നമുക്ക് കമ്മീഷൻ ചെയ്യാൻ കഴിഞ്ഞു. മറ്റുള്ളതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ഇനിയും ചില പദ്ധതികളെക്കുറിച്ചു ഇൻവെസ്റ്റിഗേഷനും പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. അത് ഏതു പഞ്ചവൽസരപദ്ധതിയുടെ കാലത്ത് പൂർത്തിയാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ചു വ്യക്തമായ യാതൊരു ഉറപ്പുമില്ല. അതുകൊണ്ട് ഒരു സമയബന്ധിത പരിപാടിയിലൂടെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി മീനച്ചൽ റിവർവാലി പദ്ധതിയുടെ കാര്യത്തിലെങ്കിലും പ്രത്യേകമായ താല്പര്യമെടുക്കണം. അങ്ങനെ ഒരു സമയബന്ധിത പരിപാടിയുണ്ടാക്കി ജലസേചന പദ്ധതികളും പൂർത്തിയാക്കുന്നതിനു നടപടികളും സ്വീകരിക്കണം.

അതുപോലെതന്നെ വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എനിക്ക് ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാനുണ്ട്. സർ, കമാൻറ് ഏരിയ ഡെവലപ്പുമെൻറിൽ പ്രധാനമായി ഒരു കാര്യം ചൂണ്ടിക്കാണിക്കുന്നത് മെച്ചപ്പെട്ട കൃഷിരീതി കൂടുതൽ ഉൽപ്പാദനത്തിനുവേണ്ടി ഉപയോഗിക്കണമെന്നാണ്. മെച്ചപ്പെട്ട കൃഷിരീതി കൂടുതൽ ഉല്പാദനത്തിനുവേണ്ടി ഉപയോഗിക്കണമെന്നു പറയുമ്പോൾ ആധുനിക സങ്കേതങ്ങളുപയോഗിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്താനും നമുക്കുള്ള ഭൂമിയിൽ ജലസേചന സൗകര്യങ്ങളും മറ്റുംകൊണ്ട് പരമാവധി ഉല്പാദനം ഉണ്ടാക്കാൻ വേണ്ടി പരിശ്രമിക്കുകയുമാണ് വേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു യൂണിറ്റ് വെള്ളത്തിൽ നിന്നും പരമാവധി ഉല്പാദനമെന്ന മുദ്രാവാക്യം അപകടമായിരിക്കും. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമ്മളെ പരമ്പരാഗതമായി നെൽക്കൃഷി ചെയ്യുന്നവരാണ്. നെല്ലിനെ സംബന്ധിച്ചിടത്തോളം ഒരു യൂണിറ്റ് വെള്ളത്തിൽനിന്നു പരമാവധി ഉല്പാദനമെന്നു പറഞ്ഞാൽ ഏറ്റവും കൂടുതൽ വെള്ളമുപയോഗിക്കുന്നത് നെൽക്കൃഷിക്കാണ്. നെൽക്കൃഷിക്കുതന്നെ 3.7 കിലോഗ്രാം മാത്രമാണ് ഒരു മില്ലിമീറ്റർ വെള്ളത്തിന് നെൽക്കൃഷിയുടെ ഉല്പാദനം. അതേസമയം ഗോതമ്പുപോലുള്ള ഏതെങ്കിലും വിളകളാണെങ്കിൽ അതിൽ കൂടുതലുണ്ടാകും. അതുകൊണ്ട് ഒരു യൂണിറ്റിന് പരമാവധി ഉല്പാദനമെന്നു പറയുന്നതിന്റെ മറവിൽ നെൽക്കൃഷിയെ അപകടപ്പെടുത്താനും നെൽക്കൃഷിക്ക് അനുകൂലമല്ലാത്ത ഒരു സാഹചര്യമുണ്ടാക്കാനുമാണ് പരിശ്രമിക്കുന്നത്. അതു വളരെ അപകടകരമാണ്. സർ, നാണ്യവിളകൾക്ക് വെള്ളം കൊടുക്കണമെന്ന് ഇവിടെ ചില സുഹൃത്തുക്കൾ ചൂണ്ടിക്കാണിച്ചു. കൃഷ് - ക്രോപ്സിന് വെള്ളം കൊടുക്കുന്നതിൽ കുഴപ്പമില്ല. എന്നാൽ ഏലത്തിന് വെള്ളമാവശ്യമില്ല. തേയിലയ്ക്ക് വെള്ളമാവശ്യമില്ല. തെങ്ങിനോ മറ്റേതെങ്കിലും കൃഷ് ക്രോപ്സിന് വെള്ളം കൊടുക്കുന്നതുകൊണ്ട് കുഴപ്പമില്ല. പക്ഷെ പരമ്പരാഗതമായി നടത്തിക്കൊണ്ടിരിക്കുന്ന നെൽക്കൃഷി ആദായകരമല്ല എന്നതിന്റെ പേരിൽ ആ നെൽക്കൃഷിക്ക് ജലം നൽകുന്നതിനും നെൽക്കൃഷി വികസിപ്പിക്കുന്നതിനും ആവശ്യമായ പരിപാടികളും കൊണ്ടുവരാതിരിക്കുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ സംസ്ഥാനത്ത് ക്ഷേണാവശ്യത്തിനുവേണ്ടി മറ്റു സംസ്ഥാനങ്ങളിൽ നിന്നുമാണ് അരി കൊണ്ടുവരുന്നത്. അരി മാത്രമല്ല കന്നുകാലികൾക്കു കൊടുക്കാനാവശ്യമായ വൈക്കോൽ പോലും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരികയാണ്. കഴിഞ്ഞ ഒരു ദിവസം ഒരു സംഭവമുണ്ടായി: മിൽമാ, മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ കച്ചി കൊണ്ടു വരുന്നത് തമിഴ്നാട്ടിൽ നിന്നുമാണ്. തമിഴ്നാട്ടിൽ കഴിഞ്ഞപ്രാവശ്യം വരൾച്ച ഉണ്ടായപ്പോൾ അവിടത്തെ കന്നുകാലികൾക്കു വൈക്കോൽ ആവശ്യമുള്ളതുകൊണ്ട് തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽനിന്നും വൈക്കോൽ കൊണ്ടുപോകുന്നതു നിരോധിച്ചുകൊണ്ട് ഓർഡർ പുറപ്പെടുവിച്ചു. ഇതുമൂലം മിൽമയ്ക്കു വളരെയധികം ബുദ്ധിമുട്ടേണ്ടിവന്നു അതുകൊണ്ട് അരിയുടെ കാര്യത്തിൽ മാത്രമല്ല, മനുഷ്യന്റെ കാര്യത്തിൽ മാത്രമല്ല, കന്നുകാലികളുടെ കാര്യത്തിലാണെങ്കിലും പ്രശ്നം പരിഹരിക്കണമെങ്കിൽ സ്വയംപര്യാപ്തതയിലേക്ക് നമ്മൾ എത്തണമെന്നുണ്ടെങ്കിൽ നെൽക്കൃഷി നഷ്ടമാണ്. ലാഭകരമല്ലെങ്കിലും അതിനെ പ്രോൽസാഹിപ്പിക്കണം. ഈ പദ്ധതികളിൽ അതിനാവശ്യമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. എങ്കിൽ മാത്രമെ അതു സാധിക്കൂ എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് മെച്ചപ്പെട്ട വാട്ടർ മാനേജ്മെന്റ് ഉണ്ടാക്കുകയും കൂടുതൽ അണക്കെട്ടുകൾ നിർമ്മിച്ച് ഈ പ്രവർത്തനങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ഒരു യൂണിറ്റ് വെള്ളത്തിൽനിന്ന് പരമാവധി ഉല്പാദനമെന്നുള്ള അദ്ദേഹത്തിന്റെ മുദ്രാവാക്യം അപകടകരമാണെന്നു എനിക്ക് തോന്നുന്നു. അതേസമയം മെച്ചപ്പെട്ട കൃഷിരീതി കൂടുതൽ ഉല്പാദനത്തിനു വേണ്ടി ഉപയോഗിക്കുക എന്ന കമാൻഡ് ഏരിയാ ഡെവലപ്പ്മെന്റിന്റെ കേന്ദ്ര റിപ്പോർട്ടിൽ കാണുന്ന ആ ലക്ഷ്യം കുറെക്കൂടി ഫലപ്രദമായി നമുക്ക് ഉപയോഗിക്കാൻ കഴിയും.

ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ച ഒന്നു രണ്ടു കാര്യങ്ങൾ കൂടി മാത്രമേ എനിക്ക് പറയാനുള്ളൂ. പ്രധാനമായിട്ടും നിയമത്തെ സംബന്ധിച്ചാണ്. ഈ നിയമത്തിന്റെ അഡ്മിനിസ്ട്രേഷൻ ആരാണ് എന്നുള്ളതിനെക്കുറിച്ച് ഇവിടെ ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ജലസേചനത്തിന് റിസർവോയർ കെട്ടി വെള്ളം ചാനലിൽകൂടി കൊടുത്തു കഴിഞ്ഞാൽ പിന്നെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ട കാര്യങ്ങൾ ചെയ്യേണ്ടത് കൃഷി ഡിപ്പാർട്ടുമെന്റുതന്നെയല്ലെ. സർ, ശ്രീ. ഹസ്സൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ശ്രീ. ഗംഗാധരൻ കൊണ്ടുവന്നതാണ് ഈ നിയമമെന്നാണ്. ആര് കൊണ്ടുവന്ന നിയമമാണെങ്കിലും എല്ലാ വകുപ്പുകളിലും കയറി ഭരണം നടത്തുകയെന്നുള്ളത് ഒരു പൊതു സംപ്രദായമായി കുറച്ചു നാളായി ഇവിടെ കാണുന്നു. നമ്മുടെ നിയമത്തെക്കുറിച്ചു പറയുകയാണെങ്കിൽ പണ്ട് ഫിനാൻസ് ബില്ല് വന്ന അവസരത്തിൽ പറഞ്ഞതാണ്. എല്ലാ വകുപ്പുകളുടെയും കൺട്രോൾ ഏതെങ്കിലും വകുപ്പിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി പരസ്പരം ഒരു മൽസരം കാണുന്നുണ്ട്, എന്നാൽ പരസ്പരമുള്ള കോ-ഓർഡിനേഷനിൽക്കൂടി മാത്രമേ ഈ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കൂ എന്ന്. പരസ്പരമുള്ള സഹായസഹകരണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഈ പ്രവർത്തനങ്ങൾ നടത്താൻ പറ്റൂ എന്നുള്ളതുകൊണ്ട് ഈ കാര്യങ്ങളിൽ പരസ്പരസഹകരണത്തെക്കാൾ ഉപരി പരമാധികാരം തങ്ങളുടെ കൈവശമാണെന്നു പറയുന്നത് നന്നായിരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. സർ, മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷനിൽ ഉദ്യോഗസ്ഥനായിരുന്ന ഒരാളോട് ഞാൻ ചോദിച്ചു, അവിടെ പോലീസ് സ്റ്റേഷൻ തുടങ്ങിയല്ലോ കേസ്സുകളൊക്കെ ഉണ്ടോയെന്ന്. അപ്പോൾ ആ സബ് ഇൻസ്പെക്ടർ പറഞ്ഞത് കേസ്സുകളൊക്കെ ധാരാളം, എല്ലാം അതിർത്തിവഴക്കുകളാണെന്നാണ്. ഇപ്പോൾ ഇവിടെ ബില്ലിന്റെ കാര്യം വന്നപ്പോൾ എനിക്ക് ഓർമ്മ

LIBRARY ARCHIVES Kerala Legislative Assembly

വന്നത" മരങ്ങാട്ടുപള്ളി സബ് ഇൻസ്പെക്ടറുടെ മറുപടിയാണ്. ഏതു നിയമം മാനി സാറ് കൊണ്ടുവന്നാലും അതിനകത്ത് സ്വല്പം അതിരു വഴക്കുണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് അത്തരം അതിരു വഴക്കുകൾ.....

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷന്റെ കാര്യം തന്നെ പറയാൻ എന്താണ് കാരണം. മറ്റു പല പോലീസ് സ്റ്റേഷനിലും അതിർത്തി തർക്കമുണ്ടാകും.

ശ്രീ. കാനം രാജേന്ദ്രൻ : മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷനിലെ സബ്ഇൻസ്പെക്ടറെയാണ് ഞാൻ കണ്ടത് എന്നുള്ളതുകൊണ്ട് പറഞ്ഞു പോയി എന്നേയുള്ളു.

ഡെ. സ്പീക്കർ : ശ്രീ. രാജേന്ദ്രന്റെ പ്രസംഗം യാതൊരുവിധമായ ഇടപെടലുമില്ലാതെ വളരെ ഭംഗിയായി നടന്നുകൊണ്ടിരുന്നതാണ്. അവസാന നിമിഷത്തിൽ അലംപുണ്ടാക്കണ്ട.

ശ്രീ. എ. സി. ജോസ് : മരങ്ങാട്ടുപള്ളിയെക്കുറിച്ച് പറയുമ്പോൾ മറ്റു പലരും മാണിസാറിന്റെ കൂടെയുണ്ടാകും.

ശ്രീ. കാനം രാജേന്ദ്രൻ : അതുകൊണ്ട് എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും കോ-ഓർഡിനേഷൻ പ്രവർത്തനങ്ങളും മെച്ചപ്പെട്ട നിലയിൽ മുന്നോട്ടു കൊണ്ടു പോകുന്നതിനു കുറെക്കൂടി ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെതന്നെ കുറ്റങ്ങൾക്ക് ശിക്ഷ നൽകുന്നതിനെക്കുറിച്ച് ബഹു മാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചു. കോടതിയുടെ അധികാരം എടുത്തുകളയുന്നതിനെക്കുറിച്ച്, പോലീസിന് നേരിട്ട് കേസ് എടുക്കുന്നതിനുള്ള അധികാരത്തെക്കുറിച്ച് ഒക്കെ ഇവിടെ എഴുതിവച്ചിട്ടുണ്ട്. ഈ വകുപ്പുകൾ തിരിച്ചു പറയുമ്പോൾ ഞാൻ പറയാം. ഒരു വാറണ്ടു കൂടാതെ ഒരാളെ കസ്റ്റഡിയിലെടുത്താലുടൻതന്നെ അടുത്ത പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതാണ്. ഇങ്ങനെയൊക്കെ നിയമത്തിൽ എഴുതിവച്ചിട്ടുണ്ട്. ഇന്നു രാവിലെ മുഖ്യമന്ത്രി പറഞ്ഞത് പോലീസുകാർക്ക് ആർക്കു വേണമെങ്കിലും വെടി വയ്ക്കാമെന്നാണ്. ഇതൊക്കെ പരസ്പരം ബന്ധപ്പെടുത്തണ്ട. ഏതു പോലീസുകാരനായാലും വെടിവയ്ക്കാനുള്ള അധികാരം മുഖ്യമന്ത്രി കൊടുത്തിരിക്കുകയാണ്. ഇവിടെയാണെങ്കിൽ വാറണ്ടുകൂടാതെ പിടിച്ച് പോലീസ് സ്റ്റേഷനിൽ ഏല്പിക്കാനുള്ള അധികാരം ഈ നിയമത്തിൽ വന്നിരിക്കുന്നു. അപ്പോൾ എന്തായിരിക്കും നമ്മുടെ നാട്ടിലെ സ്ഥിതി. കൃഷിക്കാരനെ സഹായിക്കാൻവേണ്ടി കൊണ്ടുവരുന്നതാണ് ഈ നിയമങ്ങൾ. ഇതുപോലെയുള്ള ഓരോ നിയമംവഴി കുറ്റകൃത്യങ്ങളിൽ പോലീസിന് നേരിട്ട് കേസ് എടുക്കാനുള്ള അധികാരം കൊടുക്കുന്നു. അതുപോലെതന്നെ പ്രേരണ കുറ്റം ഏറ്റവും കഠിനമായ കുറ്റമായി എഴുതി ചേർത്തിരിക്കുകയാണ്. ഇതിൽ ആരെങ്കിലും വെള്ളം എടുത്തുകൊണ്ടുപോകാൻ പ്രേരിപ്പിക്കുകയാണെങ്കിൽ അതിനും ശിക്ഷിക്കും. രണ്ടു വർഷത്തെ കഠിനതടവും അതുപോലെയുള്ള ശിക്ഷകളും നൽകും. കോടതിയിൽ ഇത്തരം പ്രശ്നങ്ങളിൽ ന്യായമുണ്ടാകുന്നില്ല അല്ലെങ്കിൽ അതോറിറ്റിയുടെ തീരുമാനം ന്യായമല്ലെന്നു ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ സ്വാഭാവികമായിട്ട് അപ്പീലിനുള്ള സ്വാതന്ത്ര്യംപോലും നിഷേധി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. കുറ്റം ചെയ്ത ആളുകൾക്ക് ശിക്ഷ കൊടുക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണ് ആ വകുപ്പുകൾ. കുറ്റം ചെയ്യുന്ന ആളുകളെ ശിക്ഷിക്കുന്ന കാര്യത്തിൽ ഞാൻ തർക്കമുന്നയിക്കുന്നില്ല. അങ്ങനെയുള്ളവർക്ക് ശിക്ഷ കൊടുക്കേണ്ടതാണ്.

പരമാവധി ജലസമ്പത്തുപയോഗിച്ച് കൃഷിക്കാർ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ ഇതിൽ പോലീസ് അധികാരവുമെല്ലാം കൂടി കൊടുക്കുന്നതു നന്നായിരിക്കുകയില്ല എന്നാണ് എന്റെ അഭിപ്രായം. വകുപ്പുതിരിച്ചുള്ള ചർച്ചയിൽ ഞാൻ വിശദമായി പറയാം. ഈ നിയമത്തിൽ കുറെയധികം മാറ്റം വരുത്തണം, കുറെക്കൂടി ചർച്ചകൾക്കു വിധേയമായി മാറ്റം വരുത്തണമെന്നും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ കമാൻഡ് ഏരിയാ വികസന ബില്ലിനെ തത്വത്തിൽ ഞാൻ അംഗീകരിക്കുകയാണ്. ഇതിന്റെ വിവിധ വകുപ്പുകളിൽ ധാരാളം ഭേദഗതികൾ ആവശ്യമായിട്ടുണ്ട്. ആ ഭേദഗതികൾകൂടി വരുത്തി ഇത് കുറ്റമറ്റ ഒരു നിയമമാക്കി തീർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാർഷികപ്രാധാന്യമുള്ള ഒരു രാജ്യമാണ് ഇൻഡ്യ എന്നുള്ളതുകൊണ്ടുതന്നെ ജലസേചന പദ്ധതികളിലൂടെ ഭൂമിയെ ഉപയോഗപ്രദമാക്കുന്നത് നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്ക് ആവശ്യമാണ്. ഈ വസ്തുത കണക്കിലെടുത്താൽ വികസന അതോറിറ്റി വളരെ അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണ്. പക്ഷേ നമ്മുടെ സംസ്ഥാനത്തെ ജലസേചന പദ്ധതികൾ പൂർണ്ണമായി ഉപയോഗപ്പെടുത്തി കാർഷിക രംഗത്ത് പുരോഗതി ആർജിക്കാൻ കേരളത്തിനു സാധിച്ചില്ല എന്നുള്ള ദുഃഖകരമായ ഒരു പരിതസ്ഥിതി നമ്മുടെ നാടിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്നു.

കേരളത്തിലെ എല്ലാ നദികളിലേയും ജലം പൂർണ്ണമായും ഉപയോഗപ്പെടുത്തി കൃഷിക്ക് എത്തിച്ചുകൊടുക്കാൻ, അല്ലെങ്കിൽ കുടിവെള്ളം കൊടുക്കാൻ കഴിയുന്നരീതിയിൽ ഉപയോഗപ്പെടുത്താൻ ഇതുവരെ കേരളത്തിന് സാധിച്ചിട്ടില്ല. ഈ കമാൻഡ് ഏരിയ വികസന ബില്ലിനകത്ത് ഉൾക്കൊള്ളിക്കുന്ന പ്രദേശങ്ങൾ തന്നെ ഒരു പ്രത്യേക മേഖലയിലായി ഒതുങ്ങി കിടക്കുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്. മലബാർ പ്രദേശത്തെ പൂർണ്ണമായും, അവഗണിച്ചുകൊണ്ടുള്ള ഒരു വികസന പ്രവർത്തനമാണ് ജലസേചനരംഗത്ത് നടന്നുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് വടക്കേ മലബാർ ഭാഗത്തെ ജലസേചനത്തിന്റെ കാര്യത്തിൽ പൂർണ്ണമായും ഒരു അവഗണനയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ ഗവൺമെന്റിനാണെങ്കിൽ ജലസേചന പദ്ധതികളിൽ ഏതിന് മുൻഗണന കൊടുക്കണം എന്നുള്ള കാര്യത്തിൽ ഒരു നയവുമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയ ഒരൊറ്റ പദ്ധതിപോലും ആരംഭിച്ചിട്ടില്ല. ഒരൊറ്റ ജലസേചന പദ്ധതിപോലും പൂർത്തിയാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. അങ്ങനെ യാതൊരു ദീർഘദൃഷ്ടിയുമില്ലാത്ത ഒരു പ്രവർത്തനമാണ് കേരളത്തിൽ ജലസേചന വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

സർ, മലബാർ പ്രദേശത്തെ ജലസേചന പദ്ധതികൾ എന്നുള്ള നിലയിൽ തുടങ്ങിവച്ച ഒരു പദ്ധതിയാണ് പഴശ്ശി പദ്ധതി. ആ പഴശ്ശി പദ്ധതി ഇതുവരെ പൂർത്തിയാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ആ പദ്ധതികൊണ്ട് നേട്ടമുണ്ടാകേണ്ടുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആ പദ്ധതികൊണ്ട് യാതൊരു നേട്ടവും ഇതുവരെ ഉണ്ടായിട്ടില്ല എന്നുള്ളതാണ് വസ്തുത. അടിയന്തിരമായി പഴശ്ശി പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ പണം

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് കൊടുക്കണം. പഴശ്ശി പദ്ധതി നമുക്ക് പൂർണ്ണമായി ഉപയോഗപ്പെടുത്താൻ സാധിക്കണമെങ്കിൽ അതിനു തൊട്ടടുത്തു കിടക്കുന്ന ആറളം പദ്ധതി ഏറ്റെടുക്കാൻ സാധിക്കണം. ആറളം പദ്ധതിക്കുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ നടത്താൻ ഉത്തരവ് ഇട്ടെങ്കിലും ആ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനം പോലും ഇപ്പോഴും നടക്കുന്നില്ലെന്നുള്ളതാണ് വസ്തുത. അതിനാവശ്യമായ സ്റ്റാഫിനെ അനുവദിച്ചുകൊണ്ട് ആറളം പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ അടിയന്തിരമായി നടത്തിക്കൊണ്ട് പഴശ്ശി പദ്ധതിയിലെ വെള്ളം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിക്കത്തക്കവിധത്തിൽ ആറളം പദ്ധതി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ ആറളം പദ്ധതി നമുക്ക് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിക്കണമെങ്കിൽ മാനന്തവാടി പദ്ധതി ആരംഭിക്കണം. അങ്ങനെ ഈ പദ്ധതികളെല്ലാം ആരംഭിച്ചെങ്കിൽ മാത്രമേ കണ്ണൂർ, കാസർകോട്, വയനാട് തുടങ്ങിയ ജില്ലകളിലുള്ള ജനങ്ങൾക്ക് വെള്ളം എത്തിച്ചുകൊടുക്കാൻ സാധിക്കുകയുള്ളു. അഞ്ചു വർഷക്കാലമായി ഈ ഗവൺമെൻറ് നീട്ടിക്കൊണ്ടുവരുന്ന ഒരു കാര്യമാണ് കാസർകോട് ജില്ലയിലെ കാക്കടവ് ജലസേചന പദ്ധതി. ആ കാക്കടവ് ജലസേചന പദ്ധതി നടപ്പാക്കാനുള്ള യാതൊരുവിധമായ ആത്മാർത്ഥതയും ഈ ഗവൺമെൻറ് കാണിക്കുന്നില്ല. ഇടതുപക്ഷമുന്നണി ഗവൺമെൻറിൻെറ കാലത്താണ് ആ പദ്ധതിയെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ കാര്യമായി പുരോഗമിച്ചിരുന്നത്. കാക്കടവ് ജലസേചന പദ്ധതി അടിയന്തിരമായി പൂർത്തിയാക്കാൻ സാധിക്കുന്നില്ലെങ്കിൽ ഏഴിമലയിൽ നാവിക അക്കാഡമിക്ക് വെള്ളം കൊടുക്കാൻപോലും സാധിക്കാത്ത അവസ്ഥാവിശേഷമാണ് വന്നു ചേരാൻ പോകുന്നത്. കണ്ണൂർ, തളിപ്പറമ്പ്, ഹോസ്ദുർഗ് തുടങ്ങിയ താലൂക്കുകളിൽ ഉൾപ്പെടുന്ന വിശാലമായ പ്രദേശത്തെ കർഷകർക്ക് ജലസേചന സൗകര്യം എത്തിച്ചുകൊടുക്കാൻ കഴിയുന്ന വളരെ അടിയന്തിര പ്രാധാന്യമുള്ള ഒരു പദ്ധതിയാണ് കാക്കടവു ജലസേചന പദ്ധതി. എങ്കിലും ആ പദ്ധതി ആരംഭിക്കാനുള്ള യാതൊരു നടപടിയും ആരംഭിച്ചിട്ടില്ല. പ്രത്യേകിച്ച് നമ്മുടെ ഇന്നത്തെ ജലസേചന വകുപ്പുമന്ത്രിയായ ശ്രീ. കെ. എം. മാണിയുടെ പാർട്ടിയാണ് ആ പദ്ധതിക്ക് എതിരായിട്ട് പരസ്യമായി രംഗത്ത് വന്നിരിക്കുന്നത്. ശ്രീ. എം. പി. ഗംഗാധരനാണെങ്കിൽ അവിടെയുള്ള റോഡിനെങ്കിലും പണം കൊടുത്തു. പാലത്തിനുവേണ്ടിയുള്ള പണവും കൊടുത്തു. കുറെ പേർക്ക് ആ പദ്ധതി വേണമെന്ന് താൽപ്പര്യമുണ്ട്. പക്ഷേ കേരളാ കോൺഗ്രസിൻെറ സമ്മർദ്ദത്തിനു വിധേയമായി ആ പദ്ധതി നടക്കുന്നില്ല. ശ്രീ. കെ. എ. മാണി ഈ സംസ്ഥാനത്തിലെ ജലസേചന വകുപ്പുമന്ത്രി ആയിരിക്കുന്നിടത്തോളം കാലം കാക്കടവു പദ്ധതി ഉണ്ടാകുകയില്ല. ശ്രീ. കെ. എം. മാണി മാത്രമല്ല കേരളാ കോൺഗ്രസ് ഈ സംസ്ഥാനത്തിലെ മന്ത്രിസഭയിൽ ഉള്ളിടത്തോളം കാലം കാക്കടവ് പദ്ധതി ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ട് ആ പദ്ധതിയെക്കുറിച്ചുള്ള പ്രതീക്ഷകൾ ജനങ്ങൾക്ക് നശിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് വസ്തുത. കാക്കടവ് പദ്ധതി ഏറ്റെടുക്കാൻ സാധിച്ചില്ലെങ്കിൽ അതിനോടു ബന്ധപ്പെട്ട ഒറ്റ ഒരു പദ്ധതിയും ഏറ്റെടുക്കാൻ കഴിയാത്ത ഒരു അവസ്ഥാവിശേഷം ഉണ്ടാകും. കാരണം, പുനരുദ്ധാരണ സൗകര്യത്തിൻെറ പ്രശ്നങ്ങൾ, ഒഴിപ്പിക്കലിൻെറ പ്രശ്നങ്ങൾ ഇതെല്ലാം നമുക്ക് കൈകാര്യം ചെയ്യേണ്ടി വരുമെന്നുള്ളതുകൊണ്ടാണ്. ഇന്നാണെങ്കിൽ ലഘുവായി കൈകാര്യം ചെയ്യേണ്ട പ്രശ്നമാണെങ്കിൽപോലും അത് ഒരു രൂക്ഷമായ സ്ഥിതിവിശേഷത്തിൽ എത്തിച്ചേർന്നെങ്കിൽ മാത്രമേ ഗവൺമെൻറിൻെറ നടപടി ഉണ്ടാവുകയുള്ളു. ഇതാണ് ജലസേചന പദ്ധതികളെ സംബന്ധിച്ചിടത്തോളമുള്ള അവസ്ഥ.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഒരു പദ്ധതി പോലും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കല്ലട ജലസേചന പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തതാണ്. കല്ലടയുടെ സ്ഥിതിയെന്താണ് ? ആ പദ്ധതി പൂർത്തിയാക്കാനാവശ്യമായ പണം നമ്മുടെ ജലസേചന വകുപ്പിന്റെ കൈയിൽ ഇല്ല. കല്ലടയിലാണെങ്കിൽ ചോർന്നൊലിക്കുന്നു എന്നുള്ള റിപ്പോർട്ടുകളാണ് വരുന്നത്. കല്ലടയിലെ ചോർച്ചയെക്കുറിച്ചുള്ള ഞെട്ടിപ്പിക്കുന്ന റിപ്പോർട്ടുകൾ വന്നപ്പോൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി തന്നെ പരിശോധിച്ചുകൊണ്ട് ചോർച്ചയ്ക്ക് ഉത്തരവാദികളായവരുടെ പേരിൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ട് ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുത്തിട്ടില്ല. നമ്മുടെ ഇറിഗേഷൻ വകുപ്പിലെ സെക്രട്ടറിയാണെങ്കിൽ പി.എ.സി.യുടെ റിപ്പോർട്ടിന് ഘടകവിരുദ്ധമായ ഒരു സമീപനമാണ് സ്വീകരിച്ചത്. അതിന് ഉത്തരവാദികളായവരെ സംരക്ഷിക്കാൻവേണ്ടി ഉന്നതങ്ങളിൽ തന്നെ ശ്രമങ്ങൾ നടന്നുവെന്നുള്ളതാണ് കല്ലട ജലസേചന പദ്ധതിയുടെ അവസ്ഥ. പൂർത്തീകരിക്കപ്പെട്ട പദ്ധതികൾ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. പുതിയ പദ്ധതികൾ ആരംഭിക്കാനും നമുക്ക് സാധിക്കുന്നില്ല. അങ്ങനെ ജലസേചന രംഗത്ത് യാതൊരു ദീർഘവീക്ഷണവുമില്ലാത്ത ഒരു പ്രവർത്തന പദ്ധതിയുമായിട്ടാണ് നമ്മുടെ സംസ്ഥാന ഗവൺമെൻറ് ഇന്ന് മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നത്.

സർ, ഇപ്പോഴാണെങ്കിൽ സാമൂഹ്യ ജലസേചന പദ്ധതിക്കുവേണ്ടി 10 കോടി രൂപ ഈ വർഷംതന്നെ ഉപയോഗപ്പെടുത്താൻ അനുവദിച്ചിട്ടുണ്ട്. കല്ലട ജലസേചന പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തേണ്ട പണമാണ് സാമൂഹ്യ ജലസേചന പദ്ധതിയെന്ന നിലയിൽ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ 10 കോടി രൂപ വലിയ തട്ടിപ്പിലേക്കും വെട്ടിപ്പിലേക്കുമാണ് ചെന്നെത്താൻ പോകുന്നത്. ആരാണ് ഇതിന് സ്ഥലം തീരുമാനിക്കുന്നത് ? ഭരണമുന്നണിയാണോ ? ഇറിഗേഷൻ ഡിപ്പാർട്ടുമെൻറാണോ ? അവർക്ക് അറിയില്ല. കേരളാ കോൺഗ്രസിന്റെ ഓഫീസിൽ നിന്ന് ഏതാണ് പദ്ധതികൾ എന്ന് തീരുമാനിക്കുകയാണ്. അങ്ങനെ കേരളാ കോൺഗ്രസിന് കോൺട്രാക്ട് കൊടുക്കുകയാണ്. സാമൂഹ്യ ജലസേചന പദ്ധതിയെന്നത് കേരളാ കോൺഗ്രസിന്റെ തട്ടിപ്പു പദ്ധതിയായി മാറാൻ പോകുകയാണ്. ഈ സാമൂഹ്യ ജലസേചന പദ്ധതിതന്നെ തീരുമാനിക്കുന്നതിൽ കേരളാ കോൺഗ്രസുകാർക്ക് മുഴുവൻ പങ്കില്ല. ശ്രീ. കെ. എം. മാണിയുടെ ഗ്രൂപ്പിൽപ്പെട്ടവർക്ക് മാത്രമേ പങ്കുള്ളൂ. അങ്ങനെ സ്വന്തം ഗ്രൂപ്പുണ്ടാക്കാൻവേണ്ടി സ്വന്തം പാർട്ടിയിലെ വളർന്നുവരുന്നവരെ അടക്കിനിറുത്താൻവേണ്ടിയുള്ള പരിപാടിയാണ് സാമൂഹ്യജലസേചന പദ്ധതിയക്കുവേണ്ടി 10 കോടി ഉറുപ്പിക എന്നുപറയുന്നത് നമ്മുടെ പണമല്ലേ ? ഈ രാജ്യത്തിന്റെ പണമല്ലേ ? ആ 10 കോടി ഉറുപ്പികയെടുത്ത് കേരളത്തിൽ കേരളാ കോൺഗ്രസ് കർഷക സംഘടനയുണ്ടാക്കാൻ വേണ്ടിയുള്ള നീക്കത്തിന്റെ ഫലമായി സാമൂഹ്യ ജലസേചന പദ്ധതിയെന്ന ഒരു പുതിയ തട്ടിപ്പു പദ്ധതി ഗവൺമെൻറ് ഇന്ന് ആരംഭിച്ചിരിക്കുകയാണ്. സാമൂഹ്യ ജലസേചന പദ്ധതി ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കണം. എം. എൽ. എ. മാരുടെ അഭിപ്രായങ്ങൾ ആരായണം. ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ ആരായണം. കേരളാ കോൺഗ്രസിന്റെ ഒരു തട്ടിപ്പ് പദ്ധതിയായി മാറിയെടുക്കാൻ പാടില്ല. കമാൻഡ് ഏരിയ പദ്ധതികളും ഈ നിലയിലാണ് ചെന്നെത്താൻ പോകുന്നത്. കമാൻറ് ഏരിയ വികസന പദ്ധതി രൂപംകൊള്ളേണ്ടത് വളരെ അടിയന്തിര പ്രാധാന്യം അർഹിക്കുന്ന കാര്യമാണെങ്കിലും, അതിന്റെ ഘടനയെ സംബന്ധിച്ചെല്ലാം ധാരാളം ഭേദഗതികൾ വകുപ്പുതിരിച്ചുള്ള ചർച്ചയിൽ ഞങ്ങൾക്ക് നിർദ്ദേശിക്കാനുണ്ട്. കമാൻഡ് ഏരിയ വികസന പദ്ധതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

10 കർഷക പ്രതിനിധികളെ ഉൾക്കൊള്ളിക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആ 10 കർഷക പ്രതിനിധികളെ മാത്രം ഉൾക്കൊള്ളിച്ചാൽ പോരാ. കാർഷിക മേഖലയിൽ കർഷകരെപ്പോലെതന്നെ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഭാഗമാണ് കർഷകത്തൊഴിലാളികൾ. ആ കർഷകത്തൊഴിലാളികളുടെ പ്രതിനിധികളേയും കമാൻഡ് ഏരിയ വികസന സമിതിയിൽ ഉൾക്കൊള്ളിക്കണം. നേരത്തേ ശ്രീ. എ. സി. ജോസ് ഇവിടെ നിർദ്ദേശിച്ചതുപോലെ എം. എൽ. എ. മാരുടെ പ്രതിനിധികളേയും ഈ ഡവലപ്പ്മെൻറ് കമ്മറിയിൽ ഉൾപ്പെടുത്താൻ സാധിക്കണം. എന്നാൽ കർഷകത്തൊഴിലാളികളെ പൂർണ്ണമായും അവഗണിച്ചുകൊണ്ട് 10 കർഷകപ്രതിനിധികളെമാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നിർദ്ദേശം മാത്രമാണ് ഇന്ന് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അത് പൂർണ്ണമായും മാറണം. 10 കർഷക പ്രതിനിധികളെ എങ്ങനെയാണ് എടുക്കാൻ പോകുന്നത് ? നോമിനേഷൻ വഴിയാണ്. ഗവൺമെൻറിനു തോന്നുന്ന 10 ആളുകളെയാണ് ഈ കമ്മറിയിലേക്ക് ഉൾപ്പെടുത്താൻ പോകുന്നത്. അങ്ങനെ പോരാ.

സർ, ആ പ്രദേശത്തുള്ള കർഷകരെ രജിസ്റ്റർ ചെയ്യണം. ആ രജിസ്റ്റർ ചെയ്യപ്പെട്ട കർഷകരിൽനിന്നും ആനുപാതിക പ്രാതിനിധ്യം അനുസരിച്ച് കർഷക പ്രതിനിധികളെ തെരഞ്ഞെടുക്കാൻ സാധിക്കണം. ജനാധിപത്യപരമായി കാര്യങ്ങൾ കൈകാര്യം ചെയ്യപ്പെട്ടില്ലെങ്കിൽ യഥാർത്ഥത്തിൽ സംഭവിക്കാൻ പോകുന്നത് ആ 10 ആളുകളുടെ നോമിനേഷൻ സർക്കാരിൻറെ ആളുകളെ കുത്തിനിറയ്ക്കുന്ന സ്ഥിതിവിശേഷത്തിൽ എത്തും. ആ പദ്ധതി രാഷ്ട്രീയ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കപ്പെടുന്ന അവസ്ഥാവിശേഷം ഉണ്ടാകും. അങ്ങനെ ഉണ്ടാകുമ്പോൾ പി. എസ്. സി. യെ മറികടന്നുകൊണ്ടുള്ള നിയമനങ്ങൾ നടത്താനുള്ള ഒരു വേദിയായിട്ട് ആ സ്ഥാപനം മാറും. എല്ലാവിധ രാഷ്ട്രീയ തട്ടുകളുടെയും വേദിയായിട്ട് മാറും. അതിനുള്ള പരിഹാരമാർഗ്ഗം ഇലക്ഷനാണ്. ആനുപാതിക പ്രാതിനിധ്യം അനുസരിച്ച് 10 കർഷക പ്രതിനിധികളെ ഈ അതോറിറ്റിയിൽ ഉൾപ്പെടുത്താൻ നമുക്ക് സാധിക്കണം. നോമിനേഷൻ എന്നുവച്ചാൽ തന്നെ ഇന്നത്തെ ഗവൺമെൻറിനു വളരെയധികം വിഷമം ഉണ്ടാക്കുന്ന ഒരു കാര്യമാണ്. ആരെയാണ് നോമിനേറ്റ് ചെയ്യേണ്ടത്. മാണിയുടെ 10 ആളുകളെ നോമിനേറ്റ് ചെയ്താൽ ജോസഫ് സമ്മതിക്കുമോ, നേരെ മറിച്ചായാൽ മാണി സമ്മതിക്കുമോ ? കോൺഗ്രസിൻറെ രണ്ടാളുകളെ എടുത്തു എന്നിരിക്കട്ടെ. കോൺഗ്രസിൽ കരുണാകരൻറെ രണ്ടാളുകളെ എടുത്താൽ വയലാർ രവി സമ്മതിക്കുമോ. വയലാർ രവിയുടെ ആളുകളെ എടുത്താൽ കരുണാകരൻ സമ്മതിക്കുമോ ? ലീഗിലെ അഹമ്മദിൻറെ രണ്ടാളുകളെ എടുത്താൽ സീതിഹാജി സമ്മതിക്കുമോ. 10 ആളുകളെ എങ്ങനെ എടുക്കും. ഇന്നുള്ള പാർട്ടികളെക്കാൾ പാർട്ടികളുടെ എണ്ണം വർദ്ധിക്കാൻ പോകുന്നു. കോൺഗ്രസിലാണെങ്കിൽ പ്രതിനിധികളെ തെരഞ്ഞെടുക്കാൻ സാധിക്കുന്നില്ല. എന്നുമാത്രമല്ല അന്യോന്യം കുത്തിക്കുത്താണ്.

മി. ചെയർമാൻ : അതിൻറെയൊക്കെ വിശദാംശങ്ങളിലേക്ക് പോകണ്ട.

ശ്രീ. എം. എം. ഹസ്സൻ : സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഞങ്ങൾ ഇല്ല എന്നുപറഞ്ഞ് രാജിവച്ച അംഗങ്ങളെ അവർ കൂച്ചുവിലങ്ങിട്ട് നിറുത്തിയിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് രാജിവച്ച് മറെറാരു പാർട്ടിയിൽ ചേർന്ന ആളുകളാണെങ്കിൽ അവർ ആ പാർട്ടിയിൽ ചേർന്നു എന്നുള്ള ആണത്വം എങ്കിലും കാണിക്കണം. അവർക്ക് ഞങ്ങളെ വിടാൻ തോന്നുന്നില്ല. ഇവിടെ വന്നപ്പോൾ അവർ ഞങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ബഞ്ചിൽ വന്നിരിക്കുന്നു. ഈ ബില്ലിൽ ഉൾക്കൊള്ളുന്ന കാര്യം 10 ആളുകളെ എങ്ങനെയെടുക്കണം എന്നുള്ള കാര്യം ചർച്ചചേയ്യേണ്ട വിഷയമാണ്.

മി. ചെയർമാൻ : അത് പാർട്ടികൾ തീരുമാനിച്ചുകൊള്ളും.

ശ്രീ. പി. സീതിഹാജി : 'നിങ്ങൾ പുറത്താക്കിയിട്ട് പോകുന്നില്ലെന്ന് പറഞ്ഞ്, ഇവിടെ എഴുതിക്കൊടുക്കണം. ആദ്യം നായനാർ എഴുതിക്കൊടുത്തു ഞങ്ങളൊക്കെ ഈ ബഞ്ചിലാണ് ഇരിക്കേണ്ടതെന്ന്. വെറുതെ കുഞ്ഞിക്കണ്ണനേയും മൂസ്സാൻ കുട്ടിയേയും വെടിയാക്കണോ.

ശ്രീ. വി. ജെ. തങ്കപ്പൻ : നോമിനേഷനെ കുറിച്ച് പറഞ്ഞാൽ കുറേക്കാലമായി തെരഞ്ഞെടുപ്പിൽ യാതൊരു വിശ്വാസവുമില്ലാത്ത ഇവിടത്തെ ഐക്യ ജനാധിപത്യ മുന്നണി ബി.ഡി.സി.യിൽ നോമിനേഷൻ നടത്താൻ കഴിയാത്ത ഒരവസ്ഥയിലാണെന്ന കാര്യം മെമ്പർക്ക് അറിയാമോ; അതുപോലെതന്നെ കോൺഗ്രസ് പാർട്ടി 10, 17 വർഷമായി യാതൊരു തെരഞ്ഞെടുപ്പുമില്ലാതെ നോമിനേഷനിൽ വിശ്വസിക്കുന്ന പാർട്ടി ആണെന്നറിയാമോ; അതുപോലെതന്നെ ഈ ബില്ലിലുള്ള നോമിനേഷൻ അവരുടെ കാര്യമാണെന്ന് അങ്ങേക്ക് അറിയാമോ ?

മി. ചെയർമാൻ : ഇന്നലെ ആവശ്യമില്ലാത്ത കാര്യങ്ങൾ ഈ ബില്ലുമായി ബന്ധപ്പെടുത്തി സംസാരിക്കുന്നത് ഔചിത്യക്കുറവാണെന്ന് പറഞ്ഞ ബഹുമാനപ്പെട്ട മെമ്പർമാർ തന്നെ ഇന്ന് അതേമാർഗ്ഗം സ്വീകരിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഞാൻ പറഞ്ഞുവരുന്നത് ഈ ബില്ലുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്. അക്കൂട്ടത്തിൽ ഹസ്സൻ ചോദിച്ച ഒരു ചോദ്യത്തിന് മറുപടി പറഞ്ഞു എന്നേയുള്ളൂ.

ഒരു പാർട്ടിയിൽനിന്നും രാജിവച്ച് മറെറാരു പാർട്ടിയിൽ ചേർന്നാൽ അവരുടെ എം.എൽ.എ. സ്ഥാനം നഷ്ടപ്പെടും. അവർ മറെറാരു പാർട്ടിയിൽ ചേർന്നിട്ടുണ്ടെങ്കിൽ ഇവിടെ എഴുതി കൊടുക്കണം. എഴുതിക്കൊടുക്കാത്ത സ്ഥിതിക്ക് അവർ എവിടെയാണ് ഇരിക്കേണ്ടതെന്ന് അവർ ആണ് തീരുമാനിക്കേണ്ടത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം, അവർ പാർട്ടിയിൽനിന്ന് എം.എൽ.എ. ആയിട്ട് തെരഞ്ഞെടുക്കപ്പെട്ട ആളുകളെന്ന നിലയിൽ അവർക്ക് ഇവിടെ ഇരിക്കാൻ പുതിയ കൂറുമാറ്റ നിരോധന നിയമം അനുസരിച്ച് അവകാശമില്ല.

മി. ചെയർമാൻ : നിങ്ങൾ പഴയ സ്നേഹിതൻമാരും പുതിയ സ്നേഹിതൻമാരും തമ്മിലുള്ള തർക്കം നിങ്ങൾ രമ്യമായി തീർത്താൽ മതി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇത് സ്നേഹിതൻമാരുടെ പ്രശ്നമല്ല നിയമ പ്രശ്നമാണ്. ഞാൻ പറയാൻ ഉദ്ദേശിക്കുന്നത് നോമിനേഷനെ കുറിച്ചാണ്. 10 കർഷക പ്രതിനിധികളെ നോമിനേറ് ചെയ്യാൻ നിങ്ങൾക്ക് സാധിക്കുകയില്ല. കാരണം ഓരോ ദിവസവും പുതിയ പുതിയ കക്ഷികളാണ്.

മി. ചെയർമാൻ : നിങ്ങൾ ബില്ലിനെ കുറിച്ച് സംസാരിക്കണം, രാഷ്ട്രീയകാര്യങ്ങൾ പറയുന്നത് ശരിയല്ല. പരിധിവിട്ട് സംസാരിക്കുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥമില്ല. ബില്ലിനെ കുറിച്ച് സംസാരിക്കുമ്പോഴും കെ. എസ്. യു. വിനെ കുറിച്ച് സംസാരിക്കുന്നതെന്തിനാണ്.

* * * * * * * * *

ശ്രീ. കെ. പങ്കജാക്ഷൻ : അങ്ങ് അനുവദിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. അനിതമായ രാഷ്ട്രീയപ്രസരം ബില്ലിന്റെ ചർച്ചാവേളയിലുണ്ടാകുന്നത് അനുവദിക്കാൻ പാടുള്ളതല്ല, പക്ഷേ അത് ചെയ്യരുതെന്ന് എനിക്ക് അപേക്ഷയുണ്ട്.

12 noon]

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : റൂൾ 77-ൽ പറഞ്ഞിട്ടുള്ളത് ആവശ്യമായതു മാത്രമേ ഒരു ബില്ലിനെ സംബന്ധിച്ചിടത്തോളം പറയാൻ പാടുള്ളൂ എന്നാണ്. അങ്ങ് സമ്മതിച്ചതുകൊണ്ടാണ് ഞാൻ എഴുന്നേറ്റു നിൽക്കുന്നത്. ഈ റൂൾ നല്ലതുപോലെ അറിയാവുന്ന ഒരു ബഹുമാനപ്പെട്ട അംഗമാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അത് വായിച്ചു മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ റൂൾ 77-ൽ വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യവും അറിയാമായിരിക്കും. അതിന്റെ ജനറൽ പ്രിൻസിപ്പിൾസിനെ സംബന്ധിച്ച് ആവശ്യമായതിലധികം ഡീറ്റെയിൽസിലേക്ക് കടക്കാൻ പാടില്ല. അദ്ദേഹം ഇവിടെ വേറൊരു ഓർഗനൈസേഷനെപ്പറ്റി പറഞ്ഞപ്പോഴും അങ്ങനെയൊരു പരാമർശനം നടത്തുന്നത് ശരിയല്ലായെന്ന് ബഹുമാനപ്പെട്ട ചെയർ പറഞ്ഞു. അങ്ങനെ ചെയറിൽനിന്ന് റൂളിംഗ് കൊടുത്താൽ ചെയറിന്റെ റൂളിംഗ് അനുസരിക്കാനുള്ള ബാദ്ധ്യത ഈ സഭയിലുള്ള എല്ലാ അംഗങ്ങൾക്കും ഉള്ളതാണ്. അതിനെ പരോക്ഷമായോ പ്രത്യക്ഷമായോ ചോദ്യം ചെയ്യുന്നത് ഒട്ടും ശരിയല്ല. അങ്ങനെ ചോദ്യം ചെയ്യുമ്പോഴും ചെയറിൽനിന്നുണ്ടാകുന്ന മറുപടി വ്യക്തിപരമായ രീതിയിലല്ല. ചെയറും മെമ്പർമാരുമെന്ന രീതിയിൽ മാത്രമേ കാണാവൂ എന്നാണ് ഞാൻ പറയുന്നത്.

മി. ചെയർമാൻ : ഇതൊരു വിവാദമാക്കാൻ ചെയറിന് ആഗ്രഹമില്ല. വളരെ പക്വമതിയായ ശ്രീ. കെ. പങ്കജാക്ഷൻ സൂചിപ്പിച്ചതുപോലെ ഇവിടെ എല്ലാപേരും മാറുള്ളവരെ പാകത പഠിപ്പിക്കുകയെന്നുള്ളതല്ലാതെ, സ്വന്തം ജീവിതത്തിൽ ഈ പറയുന്ന പാകത പലരും പ്രകടിപ്പിക്കാറില്ലായെന്നുള്ളത് ഖേദകരമായ ഒരു വസ്തുതയാണ്. ഞാൻ ഇതേക്കുറിച്ച് ഇന്നലേയും പറഞ്ഞതാണ്. ഇവിടെ എല്ലാ മെമ്പർമാരും അവസരം കിട്ടുമ്പോഴൊക്കെ രാഷ്ട്രീയകാര്യങ്ങളും പരാമർശിക്കാറുണ്ട്. കെ. എസ്. യു. വിനെക്കുറിച്ചോ യൂത്ത് കോൺഗ്രസ്സിനെക്കുറിച്ചോ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ സംസാരിക്കുന്നതിൽ ചെയറിലിരിക്കുന്നയാൾ ഒരസഹിഷ്ണുതയും കാണിക്കേണ്ട കാര്യമില്ല. ഇവിടെ വിഷയം അതല്ല. ഇവിടെ അദ്ദേഹം ഓരോ കമ്മിറ്റിറിയിലും നോമിനേഷൻ നടക്കുമ്പോഴും ഓരോ രാഷ്ട്രീയ പാർട്ടികാരും നേരിടാനിടയുള്ളതായി അദ്ദേഹം കരുതുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചൊക്കെ സംസാരിച്ചു. അപ്പോഴൊന്നും ചെയർ ഇടപെട്ടില്ല. പിന്നെ അദ്ദേഹം ഈ വിഷയവുമായി കെ. എസ്. യു. വിലേക്കൊക്കെ ഓടിക്കയറിയപ്പോഴാണ് അങ്ങനെ കൂടുതൽ രാഷ്ട്രീയ കാര്യങ്ങളും വലിച്ചിഴക്കാൻ പോകുന്നത് ശരിയല്ല എന്ന് അദ്ദേഹത്തോട് പറഞ്ഞു എന്നല്ലാതെ

* * * * സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽനിന്നു നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ചെയറിന് ഇവിടിരുന്ന് ആര്, എന്ത് പറയുന്നത് കേൾക്കുന്നതിനും ഒരു ബുദ്ധിമുട്ടുമില്ല. പക്ഷേ ചെയറിനെ പഠിപ്പിക്കാൻ ശ്രമിക്കുന്നത് അന്തസ്സ്കേടാണെന്ന് മാത്രമേ ഞാൻ പറയുന്നുള്ളു. ചെയറിലിരിക്കുന്ന ആൾക്ക് കാര്യങ്ങളൊക്കെ എങ്ങനെ പറയണമെന്നതിനെ സംബന്ധിച്ചിടത്തോളം സാമാന്യമായ ബോധമൊക്കെയുണ്ട്. അപ്പുറത്തുനിന്നുകൊണ്ട് ഇന്നലെ ശ്രീമതി ഗൗരി തന്നെ പറഞ്ഞു, അങ്ങ് ഇരിക്കുന്നതുകൊണ്ടാണ് ഈ സംസാരമൊക്കെ നടക്കുന്നത് എന്ന്. ഇനി ആര് ഇരുന്നാലും ഇതൊക്കെ നാമെല്ലാപേരും അങ്ങോട്ടുമിങ്ങോട്ടും അംഗീകരിച്ച് നടപ്പാക്കുന്ന ചില രാഷ്ട്രീയകാര്യങ്ങൾ മാത്രമാണ്. രാഷ്ട്രീയ കാര്യങ്ങൾ പറഞ്ഞ് നമ്മൾ ഓരോ വിവാദത്തിലേർപ്പെടാറുമുണ്ട്. ഇവിടെ ഒരസഹിഷ്ണുതയുമില്ല, വ്യക്തിപരമായൊരു പ്രശ്നവുമില്ല. ശ്രീ. കോടിയേരി സംസാരിക്കുന്നതിൽ ഒരു തടസ്സവുമില്ല, പക്ഷേ ഇവിടെ പറഞ്ഞത് അങ്ങനെ കൂടുതൽ ആഴത്തിൽ രാഷ്ട്രീയ കാര്യങ്ങളിലേക്ക് പൊയ്ക്കൊണ്ടിരുന്നാൽപിന്നെ അതിൽ ചോദ്യങ്ങളുണ്ടാകും, പിന്നെ തിരിച്ച് ചോദ്യങ്ങളുണ്ടാകും, അങ്ങനെ കൂടുതൽ വിവാദങ്ങളിലേക്ക് പോകേണ്ട എന്നു പറഞ്ഞു, അത്രമാത്രമേയുള്ളു. അതിൽ സങ്കുചിതദേശമല്ലാതെ ഒരു ദുരുദ്ദേശവുമില്ല, ദുരർത്ഥവുമില്ല എന്നു വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തിന് പ്രസംഗം തുടരാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഞാൻ പറഞ്ഞുവന്നത് നോമിനേഷനെ സംബന്ധിച്ചുതന്നെയാണ്. നോമിനേഷനെന്നു പറയുന്നത് ഓരോ പാർട്ടിയും തീരുമാനിക്കുന്ന പ്രശ്നംതന്നെയാണ്. ഭരണകക്ഷിയാകുമ്പോഴും—ഗവൺമെന്റാകുമ്പോഴും—ആരാണ് നോമിനേഷൻ നടത്തേണ്ടത് എന്ന് ഗവൺമെന്റ് തീരുമാനിക്കും.

ഇപ്പോഴും ബി. ഡി. സി. (ബ്ലോക്ക് ഡവലപ്പ്മെന്റ് കൗൺസിലുകൾ) പുനഃസംഘടിപ്പിക്കാൻ സാധിക്കുന്നില്ല ; തർക്കങ്ങളാണ്. പക്ഷേ നോമിനേഷനുമായി ബന്ധപ്പെടുമ്പോഴും രാഷ്ട്രീയം പറയേണ്ടിവരും. ചില രാഷ്ട്രീയകാര്യങ്ങൾ പറയുമ്പോൾ ബേജാറായിട്ട് കാര്യമില്ല. അതിൽ ഞാൻ സൂചിപ്പിച്ച പ്രശ്നം ഈ നോമിനേഷൻ ഇതിൽ വച്ചാൽ 10 ആളുകളെ നോമിനേറ്റ് ചെയ്യുന്നത് നടക്കാൻ പോകുന്നില്ല. ഈ ഡവലപ്പ്മെന്റ് കൗൺസിൽ ശരിക്കും ഒരു രാഷ്ട്രീയവേദിയായി മാറാനാണ് പോകുന്നത്. അതുകൊണ്ട് ചില രാഷ്ട്രീയകാര്യങ്ങളും പരാമർശിക്കേണ്ടിവരും. ആ രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ചുമാത്രമേ ഞാൻ പരാമർശിക്കുന്നുള്ളു. അങ്ങനെയുള്ള കാര്യങ്ങളും ഒഴിവാക്കാൻ നല്ലത് ഈ നോമിനേഷൻ സിസ്റ്റം എടുത്തുകളയുകയാണ്. ഈ 10 കർഷകപ്രതിനിധികളെ തെരഞ്ഞെടുക്കുന്ന സമ്പ്രദായം വന്നാൽ ഏതു പാർട്ടിയിൽനിന്ന്, ഏത് ഗ്രൂപ്പിൽനിന്ന് തിരഞ്ഞെടുക്കും. ഒരു പാർട്ടി പ്രസിഡന്റിനെ അതേ പാർട്ടിയിൽപ്പെട്ട ആളുകൾതന്നെ കുത്തി. അങ്ങനെ കുത്തുന്ന ആളുകൾ നമ്മുടെ നാട്ടിലുണ്ട്. സ്വന്തം പാർട്ടിയിൽപ്പെട്ട ആളുകൾ അന്യോന്യം കുത്തുന്നു ! കെ. എസ്. യു. വിന്റെ സെക്രട്ടറിയെ കെ. എസ്. യു. വിന്റെ പ്രസിഡന്റ് കുത്തുന്നു, അങ്ങനെ കുത്തുന്ന പാർട്ടിക്കാർക്ക് ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കാൻ സാധിക്കുമോ ? അതിനാലാണ് നോമിനേഷൻ സിസ്റ്റം അവസാനിപ്പിക്കണമെന്ന് ഞാൻ പറഞ്ഞത്.

ആനുപാതിക പ്രാതിനിധ്യപ്രകാരം ഈ 10 കർഷകപ്രതിനിധികളെ തെരഞ്ഞെടുക്കുന്ന സ്ഥിരംവിശേഷമുണ്ടാക്കണം. ഇതിനകത്ത് ഉൾക്കൊള്ളുന്ന മറ്റ് കാര്യങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട്, കാർഷിക മേഖലയെ കൂടുതൽ അഭിവൃദ്ധിയിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ട സഹായകരമായ ഒരു സ്ഥിതിവിശേഷം ഉണ്ടാക്കാൻ സാധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ജലസേചനവകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി കാർഷിക മേഖലയിലെ പുരോഗതിക്കുവേണ്ടി കൂടുതൽ താൽപ്പര്യങ്ങം പ്രകടിപ്പിക്കു മെന്നാണ് പൊതുവിൽ പ്രസ്താവിച്ചിട്ടുള്ളത്. ഈയടുത്ത കാലത്തായി അദ്ദേഹം ചെയ്ത പ്രസ്താവനയ്ക്ക് ഈ സന്ദർഭത്തിൽ വളരെ പ്രാധാന്യ മുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. കാർഷിക മേഖലയിലെ പുരോഗതി ക്കുവേണ്ടി ജലസേചനരംഗത്ത് കൂടുതൽ സഹായം കേന്ദ്രത്തിൽനിന്ന് കിട്ടണ മെന്ന് അദ്ദേഹം പറഞ്ഞു. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തു മ്പോം കേരളത്തിന് ജലസേചനരംഗത്ത് വളരെ കുറച്ച് സഹായം മാത്രമേ കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നുള്ളു എന്നാണ് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി 9-7-1988-ൽ പ്രസ്താവിച്ചത്. ആ പ്രസ്താവനയിൽതന്നെ ബഹുമാനപ്പെട്ട മന്ത്രി ഇപ്പോഴും ഉറച്ചു നിൽക്കുന്നുണ്ടോ എന്ന് എനിക്കറി യില്ല. കേന്ദ്രത്തിൽനിന്ന് അർഹമായ വിഹിതം ജലസേചനരംഗത്ത് കിട്ടു ന്നില്ല എന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് കേന്ദ്രത്തിൽനിന്ന് ജല സേചനകാര്യത്തിനുവേണ്ടി കൂടുതൽ വിഹിതം ചോദിച്ചുവാങ്ങുന്നതിനു വേണ്ടിയുള്ള തയ്യാറെടുപ്പ് ഗവൺമെൻറ് നടത്തുമോ ? കേന്ദ്രത്തിനെതിരായി ഒന്നും മിണ്ടിക്കൂടാ ! കേന്ദ്രത്തിനെതിരായി മിണ്ടുന്ന ആരേയും ഈ മുന്നണി യിലോ, ഈ മന്ത്രിസഭയിലോ വച്ചേയ്ക്കുകയില്ല എന്ന പ്രഖ്യാപനംതന്നെ വന്നിരിക്കുന്ന ഈ പുതിയ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഈ പ്രസ്താവനയിൽ ഉറച്ചുനിൽക്കുമോ ? അങ്ങനെ ഉറച്ചുനിൽക്കാൻ മന്ത്രിക്ക് ധൈര്യമുണ്ടെങ്കിൽ ജലസേചനരംഗത്ത് കേന്ദ്രം സ്വീകരിക്കുന്ന ഈ ചിറ്റമ്മ നയം, മറ്റ് സംസ്ഥാനങ്ങൾക്കുള്ളതിനേക്കാം വളരെ കുറച്ച്, നാമമാത്രമായ സഹായംമാത്രം കേരളത്തിന് ചെയ്തുതരുന്ന കേന്ദ്രഗവൺമെൻറിൻറെ നയത്തിനെതിരായി ശക്തിമത്തായി പൊരുതാൻ സാധിച്ചെങ്കിൽ മാത്രമേ ജലസേചനപദ്ധതികം പൂർത്തിയാക്കാൻ നമുക്ക് സാധിക്കുകയുള്ളു. ജലസേചനപദ്ധതികം പൂർത്തിയാക്കണമെങ്കിൽ 'സ്റ്റേറ്റ്' ഗവൺമെൻറു കളെ കേന്ദ്രഗവൺമെൻറ് കാര്യമായി സഹായിക്കണം. കേന്ദ്രഗവൺമെൻറ് ജലസേചനരംഗത്ത് കേരളത്തെ സഹായിക്കണമെന്ന് പറയുന്നത് തെറ്റല്ല, അത് കേന്ദ്രവുമായുള്ള സമരമല്ല. കേന്ദ്രഗവൺമെൻറ് ജലസേചനരംഗത്ത് കേരളത്തെ അവഗണിക്കുന്നു എന്നതാണ് ശ്രീ. മാണിയുടെ നിലപാട്. ആ പ്രസ്താവന നടത്തിയ ശ്രീ. മാണി അതിനകത്ത് ഉറച്ചു നിൽക്കണം. ശ്രീ. പത്മരാജൻ കണ്ണ് മിഴിക്കുമ്പോം മൂത്രമൊഴിച്ചുപോകാൻ പാടില്ല. രാജീവ്ഗാന്ധി കേന്ദ്രത്തിനെതിരായി മിണ്ടിപ്പോകുന്നവരെ ഈ മന്ത്രിസഭ യിൽ നിർത്തുകയില്ലായെന്നു പറഞ്ഞാൽ ഈ പ്രസ്താവന പിൻവലിച്ച് ഓടരുത്. കേന്ദ്രഗവൺമെൻറിൽനിന്ന് ജലസേചനരംഗത്ത് കൂടുതൽ വിഹിതം നേടിയെടുക്കാൻ സാധിച്ചില്ലെങ്കിൽ നമുക്ക് ജലസേചനപദ്ധതി കം പൂർത്തിയാക്കാൻ സാധിക്കുകയില്ല. ആ നിലയിൽ കേരളത്തിലെ ജല സേചനരംഗത്ത് വമ്പിച്ചൊരു പുരോഗതിയുണ്ടാക്കാൻ സാധിക്കണം. അതിന് സഹായകമായൊരു നിലപാടല്ല ഇന്നത്തെ ഗവൺമെൻറ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ജലസേചനവകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി മാരൊക്കെ അടുത്തകാലത്തായി പല അബദ്ധങ്ങളിലും ചെന്നുപെട്ടിട്ടുണ്ട്. ആ പാഠം ശ്രീ. മാണി ഉൾക്കൊണ്ടുകൊണ്ട് അങ്ങനെയുള്ള അബദ്ധത്തി ലൊന്നും ചാടാതെ ജലസേചനരംഗത്തെ അഭിവൃദ്ധിക്കുവേണ്ടി ന്യായമായ കാര്യങ്ങം ന്യായമായ രീതിയിൽ പറഞ്ഞ് കേന്ദ്രത്തിന് കേരളത്തോട് ജല സേചനരംഗത്തുള്ള അവഗണന മാറ്റിയെടുക്കുന്നതിനുവേണ്ടി മുന്നോട്ടു വരണം എന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ : ജലസേചന വകുപ്പുമന്ത്രി കേന്ദ്ര വിരുദ്ധ മെല്ലാം ഉപേക്ഷിച്ചിട്ട് ഇപ്പോൾ കോൺഗ്രസ്സുമായി ലയിക്കാൻ നടക്കുന്ന കാര്യം ശ്രീ. കോടിയേരിക്ക് അറിയാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അത് രാഷ്ട്രീയ ചോദ്യമായതു കൊണ്ട് എനിക്ക് പറയാൻ വിഷമമുണ്ട്.

മി. ചെയർമാൻ : അങ്ങ് ധൈര്യമായി പറഞ്ഞുകൊള്ളു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പറയാം, ശ്രീ. മാണി കോൺഗ്രസ്സല്ല, ഏത് പാർട്ടിയിൽ വേണമെങ്കിലും ചേരും, എവിടെ ചേർന്നാലും മാണിക്ക് മാണിയായിട്ട് നിൽക്കണമെന്നു മാത്രമേയുള്ളു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നമ്പൂതിരിപ്പാടും കൂട്ടരും കോൺഗ്രസ്സിലേക്ക് ലയിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചതു കൊണ്ടാണ് ശ്രീ. ഗംഗാധരൻ നമ്പൂതിരിപ്പാടിനെ പോയി കണ്ടത് എന്നുള്ളത് ശരിയാണോ ? എം. വി. രാഘവനും കൂട്ടരും പോയപ്പോൾ നിരാശപ്പെട്ട് ഇനി കോൺഗ്രസ്സിലേക്ക്—അതിന്റെ മെയിൻസ്ട്രീമിലേക്ക്—വരാമെന്ന് നമ്പൂതിരിപ്പാടിന് ആഗ്രഹമുണ്ടായപ്പോൾ വെരിഫൈ ചെയ്യാൻവേണ്ടി ഗംഗാധരൻ അവിടെ പോയതാണെന്നാണ് പറയുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പഴയ ജലസേചന വകുപ്പു മന്ത്രിയായിരുന്നു എ. പി. ഗംഗാധരൻ. ഗംഗാധരൻ സേട്ടുവിനെ കാണാനാണ് . ഇ. എം. എസ്സിന്റെ വീടിന്റെ അടുത്ത് പോയത്. സേട്ട് ഇ. എം. എസ്സിന്റെ വീടിന്റെ അടുത്ത് താമസിക്കാൻ തുടങ്ങിയിട്ട് കുറച്ചല്ലം നാളായി. ആ സേട്ടുവിനെ കാണാനാണ് പോയത് എന്നാണ് ഗംഗാധരൻ പറയുന്നത്. ഇ. എം. എസ്സിനോട് രാഷ്ട്രീയം സംസാരിക്കാനല്ലാതെ പിന്നെ എന്തിനാണ് ഗംഗാധരൻ ഇപ്പോൾ അവിടെ പോകേണ്ടത്. ഇ. എം. എസ്സും ഗംഗാധരനും തമ്മിൽ രാഷ്ട്രീയം അല്ലാതെ പിന്നെ എന്തെങ്കിലും സംസാരിക്കാനുണ്ടോ? ഗംഗാധരന് കോൺഗ്രസ്സ് പാർട്ടിയിൽ സ്ഥാനം മോശമാണെന്ന് ബഹുമാന്യപ്പെട്ട ചെയറിന് അറിയാമല്ലോ. ആ കാര്യം ഒന്നു നേരെയാക്കാൻ വേണ്ടിയാണ് ഇ. എം എസ്സിന്റെ അടുത്തു പോയത്. അല്ലെങ്കിൽ ഇ എം. എസ്സിനോട് അനുവാദം വാങ്ങിക്കണം. എല്ലാവർക്കും ഇ. എം. എസ്സിന്റെ അടുത്തു പോകാം. ഇൻഡ്യയിലെ ഏറ്റവും ആരാദ്ധ്യനായ രാഷ്ട്രീയ നേതാവെന്ന നിലയിൽ, ഇൻഡ്യയുടെ രാഷ്ട്രീയരംഗത്ത് വ്യക്തിമുദ്ര പതിച്ച രാഷ്ട്രീയ നേതാവെന്ന നിലയിൽ ഇ. എം. എസ്സിന്റെ അടുത്ത് ആർക്കും പോകാം. ശ്രീ. രമണിക്കും ഒന്ന് പോകണമെന്നുണ്ട്. കേരളാ കോൺഗ്രസ്സിൽ മാണിയുടെ സ്ഥിതി വളരെ പരുങ്ങലിലാണ്. അതു കൊണ്ട് ഇപ്പോൾ ജോസഫിനേയും പൂഞ്ഞാർ ജോർജിനേയും ശരിപ്പെടുത്താൻ വേണ്ടിയാണ് നടക്കുന്നത്. പക്ഷേ ശരിയാകുന്ന മട്ടില്ലെന്നാണ് തോന്നുന്നത്. മാണിക്കും ഇ. എം. എസ്സിന്റെ അടുത്ത് പൊയ്ക്കളയാം എന്നുള്ള വ്യക്തിപരമായ തോന്നൽ ഉള്ളതുകൊണ്ടാണ് ഗംഗാധരൻ പോയ വഴിക്ക് തന്നെ മാണിക്കും പോകാൻ പറ്റുമോയെന്ന് ആലോചിക്കുന്നത്. ഗംഗാധരൻ ആ പുറപ്പാടിൽ എത്തിയതുകൊണ്ട് ഇ. എം. എസ്സിന്റെ അടുത്തെത്തി. അതുപോലെ മാണിയും വിഷമം വരുന്ന സന്ദർഭത്തിൽ ഇ. എം. എസ്സിനെപ്പോയി കണ്ടിട്ടുണ്ട്. മാണിയുടെ ചരിത്രം അതാണ്. ഗംഗാധരൻ ഇ. എം. എസ്സിന്റെ അടുത്തോട്ടു ചെന്നാൽ ഇ. എം എസ്സിന് എന്തോ വിഷമം ഉണ്ടാകുമെന്ന് ധരിച്ചവശനായ മാണി വിഷമത്തിലായി.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി : (ശ്രീ. കെ. എം. മാണി) : സർ, ഇ. എം. എസ് ഈ രാജ്യത്ത് സംസാരിക്കാത്ത ഏത് രാഷ്ട്രീയ കക്ഷിയുണ്ട്. നിങ്ങളാണ് ഈ രാജ്യത്തെ എല്ലാ രാഷ്ട്രീയ കക്ഷികളുമായി ബന്ധങ്ങൾ ഉണ്ടാക്കി നടക്കുന്നത്. അങ്ങനെയുള്ള പാർട്ടി ഇങ്ങനെ പറയുന്നത് മോശമാണ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞങ്ങൾക്ക് ഇതിനെപ്പറ്റി അഭിപ്രായമുണ്ട്. ഞങ്ങളുടെ പാർട്ടിയുടെ നേതാവ് എല്ലാ പാർട്ടികളുമായും സംസാരിക്കും. ഗംഗാധരൻ സംസാരിച്ചതിന്റെ ഉദ്ദേശം എന്താണെന്ന് എല്ലാവർക്കും അറിഞ്ഞുകൂടേ. സ്വതന്ത്രരായ ചില ആളുകളെക്കൂടി അടുത്ത തൊഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാക്കുമെന്ന ഇ. എം. എസ്സിന്റെ പ്രസ്താവന കണ്ടപ്പോഴാണ് ഗംഗാധരൻ കോൺഗ്രസ് പാർട്ടിയിലെ സ്ഥിതി മോശമാണെന്ന് മനസ്സിലാക്കി അങ്ങോട്ടു ചെന്നത്. ഇ. എം. എസ് പാരസ്യമായി പറഞ്ഞു, ഞാൻ ഗംഗാധരനെപ്പോലുള്ള പരമനാറികളെ ഉദ്ദേശിച്ചുകൊണ്ടല്ല ആ പ്രസ്താവന ഇറക്കിയതെന്ന്.

ശ്രീ. പി. വി. മുഹമ്മദ് : സർ, നമ്പൂതിരിപ്പാട് പ്രത്യേക ദൂതൻവഴി ഗംഗാധരനെ വിളിപ്പിച്ചതാണെന്ന് പറയുന്നത് ശരിയാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഗംഗാധരനെ ആളയച്ച് വിളിക്കേണ്ട ആവശ്യമില്ല. ശ്രീ. കരുണാകരൻവരെ എപ്പോഴാണ് ഇ. എം. എസുമായി സംസാരിക്കേണ്ടത് എന്ന് നോക്കിയിരിക്കുകയാണ്. അദ്ദേഹം പറഞ്ഞല്ലോ ഇ എം. എസ്സുമായി സംസാരിക്കാം എന്ന്. ജലസേചന വകുപ്പ്. കൈകാര്യംചെയ്ത മന്ത്രിമാർക്കൊക്കെ അവസാനം കുളത്തിൽ ചാടിയ അനുഭവം ഉണ്ടായിട്ടുണ്ട്. മാണിയുടെ സ്ഥിതിയും അങ്ങോട്ടേയ്ക്കു തന്നെ. അതുകൊണ്ടാണ് കമാൻഡ് ഏരിയാ വികസിപ്പിക്കുന്നതിനുള്ള ബിൽ കൊണ്ടുവന്നത്. ഇത് സമഗ്രമായ നിലയിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഈ വികസന അതോറിറ്റി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വി. മാണി : ഞാൻ ഈ ബില്ലിനെ പരിപൂർണ്ണമായി പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനം പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച ഒരു സംസ്ഥാനമാണ്. പ്രത്യേകിച്ച് മഴയുടെ കാര്യത്തിലും പ്രകൃതി സമ്പത്തിന്റെ കാര്യത്തിലും ശാസ്ത്രീയ രീതിയിൽ ജല സമ്പത്തിനെ ഉപയോഗിക്കാനുള്ള ശ്രമം ഇന്നുവരെ നമ്മുടെ സംസ്ഥാനത്തു നടത്തിയിട്ടില്ല എന്നുള്ളതാണ് ഒരു പരമാർത്ഥം മാത്രമാണ്. ഒരുപക്ഷേ പ്രകൃതി ധാരാളം മഴ തരുന്നതുകൊണ്ടും നമ്മുടെ രാജ്യത്ത് അഞ്ഞോളമിങ്ങോളം നദികളും ജല സമ്പത്തുകളും ഉള്ളതുകൊണ്ടും നമ്മൾ ജലസമ്പത്തിനെ കാര്യമായി ചൂഷണം ചെയ്യാൻ ശ്രമിച്ചില്ല എന്നുള്ളതാണ് സത്യമായിരിക്കും. കേരളം പോലെ ഇത്രമാത്രം ജനസാന്ദ്രതയുള്ള സംസ്ഥാനത്ത്, കൃഷിയെ മാത്രം ആശ്രയിച്ച് ഭൂരിപക്ഷം ജനങ്ങളും ജീവിക്കുന്ന ഈ സംസ്ഥാനത്ത്, നമുക്ക് ഇനി കൃഷിഭൂമികൾ വികസിപ്പിക്കാൻ ഇടമില്ല. ഒരുകാലത്തു മലബാറിലും മലയോര പ്രദേശങ്ങളിലുമൊക്കെ കൃഷിക്കാർ ഭൂമി വെട്ടിത്തെളിച്ച് കൃഷിചെയ്തുവന്നിരുന്നു. നമ്മുടെ സംസ്ഥാനത്ത് ഇനി ഒരിഞ്ചുഭൂമി കൃഷിക്കുവേണ്ടി മാറിവയ്ക്കാൻ പുതിയതായി ഇല്ലെന്നുള്ളതാണ് വാസ്തവമാണ്. അതുകൊണ്ട് അടിയന്തിരമായി ഉള്ള ഭൂമിയിൽ നിന്ന് പരമാവധി വിളകൾ എടുക്കുക എന്ന ലക്ഷ്യത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടുനീങ്ങേണ്ട ഘട്ടത്തിൽ നമ്മൾ എത്തിയിരിക്കുകയാണ്. ഈ ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിച്ചാൽ മാത്രമേ നമ്മുടെ സംസ്ഥാനത്തിന് പുരോഗതിയും തൊഴിലവസരങ്ങളും ഉണ്ടാവുകയും പട്ടിണി മാറുകയും വികസനം ഉണ്ടാകുകയും ചെയ്യുകയുള്ളൂ. ജലസേചന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് അല്ലെങ്കിൽ വാട്ടർ റിസോഴ്സസ് പരമാവധി ചൂഷണം ചെയ്തുകൊണ്ട് മാത്രമേ ഈ രംഗത്ത് വളരെ കാതലായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. നല്ല രീതിയിൽ വാട്ടർമാനേജ്മെന്റ് ഈ സംസ്ഥാനത്ത് കൊണ്ടുവന്നാൽ മാത്രമേ ഈ രംഗത്ത് ഏതെങ്കിലും രീതിയിൽ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റാൻ കഴിയുകയുള്ളൂ. അങ്ങനെ നോക്കുമ്പോൾ ഈ ബില്ലിന് വളരെ പ്രസക്തിയുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഉള്ള ജലസേചന പദ്ധതികൾ ഒക്കെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കമാൻഡ് ഏരിയാ ഡവലപ്പ്മെന്റ് അതോറിറ്റി നടപ്പിൽ വരുന്നതുകൊണ്ട് വിവിധ ഡിപ്പാർട്ടുമെന്റുകൾ ഏകോപിപ്പിച്ചുകൊണ്ട് ഒരിഞ്ചു ഭൂമിയിൽനിന്നും ഉല്പാദനം വളരെ കൂടുതലാക്കാൻ കഴിയും. അതിനുവേണ്ടിയുള്ള സമഗ്രമായ രീതിയിലുള്ള ഒരു ബില്ലാണിതെന്ന കാര്യത്തിൽ എനിക്ക് അഭിമാനമുണ്ട്.

ജലസേചന പദ്ധതികളെപ്പറ്റി ഇവിടെ പല മെമ്പർമാരും ഇതിനകം സൂചിപ്പിച്ചിട്ടുണ്ട്. നമ്മുടെ ജലസമ്പത്തിന്റെ മുപ്പതു ശതമാനം പോലും ഇന്നുവരെ നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ ചെറുപ്പകാലം മുതൽ കേരള സംസ്ഥാനം ഉടലെടുത്ത കാലം മുതൽ—ഇവിടുത്തെ ജലസമ്പത്ത് ഉപയോഗിക്കുന്നതിനെപ്പറ്റി മാസ്റ്റർ പ്ലാൻ ഉണ്ടാക്കുന്നുവെന്നും അതനുസരിച്ച് കാര്യങ്ങൾ നീങ്ങുന്നുവെന്നും പല മന്ത്രിസഭകളും മന്ത്രിമാരും പറഞ്ഞിട്ടുണ്ട്. എങ്കിൽ തന്നെയും ഇന്നും ശാസ്ത്രീയമായി നമ്മുടെ ജലസമ്പത്ത് എങ്ങനെ ഉപയോഗിക്കണം, അത് എത്രമാത്രം ഉണ്ട്, അതിനുള്ള വഴികൾ എന്താണ്, എന്നുള്ളതിനെപ്പറ്റിയും ഒരു സമയബന്ധിത പരിപാടിയനുസരിച്ച് ഇത് മുന്നോട്ടുകൊണ്ടുപോകുന്നതിനെപ്പറ്റിയും ഒരു പരിപാടിയും ഉണ്ടായിട്ടില്ല. അതിന്റെ കുറവുകൊണ്ടുതന്നെയാണ് വലിയ ജലസേചന പദ്ധതികളൊക്കെ ഇഴഞ്ഞിഴഞ്ഞ് നീങ്ങുന്നത്. ശ്രീ. ജോസ് ഇവിടെ സൂചിപ്പിച്ചതുപോലെ ജലസേചനപദ്ധതികളുടെ ജസ്റ്റേഷൻ പീരിയഡ് ഒരു രാജ്യത്തും ഉണ്ടാകാത്ത അത്ര ദീർഘിച്ചു പോകുകയാണ്. അതുകൊണ്ട് തുടങ്ങിവച്ച, പത്തുകോടി രൂപയ്ക്ക് തീരുമെന്ന് പ്രതീക്ഷിച്ച പദ്ധതികൾ അതിന്റെ പത്തിരട്ടി ആയാലും തീരുന്നില്ല.

കല്ലടയെ സംബന്ധിച്ച് പറയാം. കേരളത്തിന്റെ കാർഷിക മേഖലയിൽ പ്രത്യേകിച്ചും കൊല്ലം, പത്തനംതിട്ട ജില്ലകളിലൊക്കെ കാർഷിക രംഗത്ത് വലിയ മാറ്റങ്ങൾ വരുത്താവുന്ന ആ ബൃഹത്തായ പദ്ധതി തുടക്കിയിട്ട് 20 വർഷം കഴിഞ്ഞിരിക്കുകയാണ്. ആദ്യത്തെക്കാലത്ത് ഉണ്ടാക്കിയ കനാലുകൾ ഇടിഞ്ഞ് നശിച്ചുപോയിരുക്കുകയാണ്. ആ പദ്ധതിയൊന്നു കമ്മീഷൻ ചെയ്തു ഉദ്ദേശിച്ച രീതിയിൽ ജലസമ്പത്ത് എത്തിക്കാൻ സാധിച്ചിട്ടില്ല. 30 കോടിയിൽ തീരുമെന്ന് പ്രതീക്ഷിച്ച പദ്ധതി 200 കോടി രൂപയായിട്ടും തീരുന്നില്ല. അതുപോലെതന്നെയാണ് എല്ലാ ജലസേചന പദ്ധതികളുടേയും സ്ഥിതി.

ഇന്ന് ഒരു പദ്ധതിയും പൂർണ്ണമായി പൂർത്തീകരിച്ചുവെന്ന് പറയാൻ കേരളത്തിലില്ല. പെരിയാർവാലി പദ്ധതി തുടങ്ങിയിട്ട് 20 വർഷമായി. വീടിനും എക്സ്റ്റൻഷനുവേണ്ടി ഹൈലവൽ കനാൽ തുറന്നു. ഹൈലവൽ കനാൽ തീർന്നിട്ട് കൊല്ലങ്ങളായി. പെരിയാർവാലി ബാരേജിന്റെ പൊക്കം കൂട്ടുകയെന്നുള്ള പരിപാടിയും ഇന്ന് പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്. ചില സ്ഥലത്ത് അൽപ സ്വൽപ്പം പണികൾ തീരാത്തതാകൊണ്ട് വർഷങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളായി പണിതീർന്ന ആ പദ്ധതി കമ്മീഷൻ ചെയ്ത് കൂടുതൽ പ്രദേശത്തേക്ക് വെള്ളം എത്തിക്കാൻ സാധിക്കുന്നില്ല. നമ്മുടെ ഭൂമിയുടെ പ്രത്യേകതകൂടിയുണ്ട്. പാലക്കാട് ജില്ലപോലെ മറ്റുള്ള ജില്ലകളും നിരപ്പുള്ള ഭൂമിയല്ല. അവിടെ കുന്നിൻപ്രദേശങ്ങളും താഴ്ന്ന പ്രദേശങ്ങളുമുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ കൂടി വെള്ളം ആഴത്തിൽ ഒഴുകിപ്പോകുന്നതുകൊണ്ട്, മുകളിലുള്ള പ്രദേശത്തുള്ള കിണറുകളിൽപ്പോലും വെള്ളം ഇല്ലാത്ത സ്ഥിതി ഉണ്ടായിട്ടുണ്ട്. ആളുകൾക്ക് ജലം എത്തിക്കുന്നതിനുള്ള പദ്ധതി പല പ്രദേശങ്ങളിലും കുടിവെള്ളം മുട്ടിക്കുന്ന സ്ഥിതി ഉണ്ടാക്കിയിട്ടുണ്ട്. ഇത് വളരെ ഗൗരവപൂർവ്വം എടുക്കേണ്ടതാണ്. ഒരു പ്രോജക്ട് പ്രൊപ്പോസലും എങ്ങും എത്താതെ തുടങ്ങിവച്ചിരിക്കുകയാണ്.

ഇടമലയാർ ഇറിഗേഷൻ പദ്ധതിയെ സംബന്ധിച്ചിടത്തോളം വളരെ ജലസമ്പന്നതുള്ള പദ്ധതിയാണ്. 1983-ൽ തുടങ്ങി. പക്ഷേ അന്ന് പ്ലാനിംഗ് കമ്മീഷനും കേന്ദ്ര വാട്ടർ അതോറിറ്റിയും ഒന്നും നോക്കി രൂപകല്പന ചെയ്തില്ല. അതിനുശേഷം അതിന്റെ കുറച്ചു കനാലുകൾ നടുഭാഗത്ത് ഉണ്ടാക്കി അതൊക്കെ വെറുതെ കിടക്കുകയാണ്. പിന്നീടാണ് പ്ലാനിംഗ് കമ്മീഷനും കേന്ദ്രവാട്ടർ അതോറിറ്റിയുടെ ആളുകളും വന്നു നോക്കി അന്തിമമായി രൂപകൽപ്പന നടത്തിയിട്ടുള്ളത്. ഇതിന്റെ 14 കിലോമീറ്റർ വരുന്ന വനഭൂമിയിൽ കനാൽ വെട്ടുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അനുവാദം കിട്ടിയിട്ടില്ല. ഓരോ കുടുക്കുകളിൽ ഓരോ പദ്ധതികളും കുടുങ്ങി; അതിനുവേണ്ടി കോടിക്കണക്കിന് രൂപ മുടക്കി. കോടിക്കണക്കിന് രൂപ നമ്മുടെ സംസ്ഥാനത്തെ ജലസേചനപദ്ധതികളിൽ വെറുതെ മുടക്കിക്കിടക്കുകയാണ്. അത് എന്ന് തീരുമെന്ന് ആർക്കും ഒരു രൂപവുമില്ലാതെ കിടക്കുകയാണ്. അതിന് അടിയന്തിരമായി ഒരു തിരുമാനമെടുക്കുകയും ആ രീതിയിലുള്ള ലക്ഷ്യബോധത്തോടുകൂടി അത് പൂർത്തീകരിച്ച് ഈ പദ്ധതികളിൽനിന്ന് പരമാവധി ജലം കൃഷിക്കാർക്ക് കിട്ടുന്നതിനുള്ള ലക്ഷ്യബോധത്തോടുകൂടി മുന്നോട്ട് പോവുകയും ചെയ്തെങ്കിൽ മാത്രമേ കമാൻഡ് ഏരിയാ ഡവലപ്പ്മെന്റ് അതോറിറ്റി നിലവിൽവന്നാൽ തന്നേയും പ്രയോജനം കിട്ടുകയുള്ളൂ.

നമ്മുടെ ജലസേചന പദ്ധതികളെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക പരിതസ്ഥിതി ആലോചിക്കുമ്പോൾ ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ പാലക്കാട് ജില്ലപോലെയുള്ള സമതല പ്രദേശങ്ങളൊഴിച്ചാൽ നമ്മുടെ കാർഷിക മേഖലയ്ക്ക് അല്ലെങ്കിൽ മറ്റു ജില്ലകളിലെ കർഷകർക്ക് നമ്മുടെ വൻകിട ജലസേചന പദ്ധതികളും കൊണ്ടുമാത്രം ജലം കൊടുക്കാൻ സാധിക്കുകയില്ല. നമ്മുടെ ഭൂപ്രകൃതി കുന്നും തടവുമായി കിടക്കുന്നതുകൊണ്ട് കുന്നിൻപ്രദേശങ്ങളിലേക്ക് കനാലിൽനിന്നുള്ള നാച്വറലായുള്ള ഫ്ളോകൊണ്ടു വെള്ളം കിട്ടുകയില്ല. നമ്മുടെ ജലസേചനപദ്ധതികളുണ്ടാക്കുമ്പോൾ കുന്നുകളുംകൂടി കൂട്ടിക്കൊണ്ടാണ് അണക്കെട്ടുപ്രദേശങ്ങൾ ആദ്യമായിട്ട് തയ്യാറാക്കിയത്. അങ്ങനെയാണ് പതിനായിരക്കണക്കിന് ഏക്കറുകൾ കണക്കാക്കിയത്. പക്ഷേ യഥാർത്ഥത്തിൽ കനാലിൽക്കൂടി ജലം പോകുമ്പോൾ ചെറിയ ചെറിയ കുന്നിൻപ്രദേശങ്ങളിലൊന്നും ജലം കിട്ടുന്നില്ല. അവരെല്ലാം വാട്ടർ സെസ് അടയ്ക്കേണ്ട ഗതികേടും വരും. അങ്ങനെയുള്ള കേസുകളിലൊക്കെ വളരെ അടിയന്തിരമായി പരിഹാരമുണ്ടാക്കണം. ഞാൻ സൂചിപ്പിക്കുന്നത് നമ്മുടെ വൻകിട ജലസേചനപദ്ധതികളുടെ കനാലുകൾകൊണ്ടുമാത്രം നമ്മുടെ ഭൂപ്രദേശങ്ങളിൽ ഉദ്ദേശിച്ച രീതിയിലുള്ള ജലം എത്തിക്കാൻ സാധിക്കുകയില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ ജലമെത്തിച്ചാൽ മാത്രമേ കുടിവെള്ളത്തിനായാലും ആ പ്രദേശത്തെ കൃഷി മെച്ചപ്പെടുത്തുന്നതിനായാലും സാധിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയുള്ളു. ഇന്നുള്ള വലിയ ജലസേചനപദ്ധതികൾക്ക് അതിന് കഴിയാത്തതുകൊണ്ട് അതിനുള്ള പരിഹാരം കൂടിയുണ്ടാക്കണം.

ഈ ബില്ലിൽ ഇതിന്റെ കർത്തവ്യങ്ങളെക്കുറിച്ച് പറയുന്ന ഭാഗത്ത് അദ്ധ്യായം മൂന്നിനെക്കുറിച്ച് ഒരു കാര്യം സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിൽ മറ്റു പല കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ടെങ്കിൽത്തന്നെയും ഈ കർത്തവ്യങ്ങളുടെ കൂട്ടത്തിൽ ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ച് യാതൊന്നും പറഞ്ഞിട്ടില്ല. അതൊരു പോരായ്മയായി ഞാൻ കാണുകയാണ്. ഈ അതോറിറ്റി പ്രധാനമായും നിലവിൽ വരുന്നത് ഏതെങ്കിലും വലിയ ജലസേചനപദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞ ഭാഗത്താണെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ കുന്നിൻ പ്രദേശങ്ങളിലൊന്നും ജലം കിട്ടുകയില്ല. അവിടെ വെള്ളം കിട്ടണമെങ്കിൽ തീർച്ചയായും ലിഫ്റ്റ് ഇറിഗേഷൻകൊണ്ടു മാത്രമേ സാധിക്കുകയുള്ളു. ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ച് ഇതിനകത്ത് ഒന്നും പറയാത്തതുകൊണ്ട് ഈ കമാൻഡ് ഏരിയ അതോറിറ്റി നിലവിൽ വന്നാൽത്തന്നെയും ജലം കിട്ടിക്കൊണ്ട് കർഷകർക്ക് കൂടുതൽ വിളവെടുക്കാനും ആ രീതിയിൽ കൃഷി മെച്ചപ്പെടുത്താനുമുള്ള സൗകര്യങ്ങളും പഴയ രീതിയിൽതന്നെ നിലനിൽക്കുമെന്നുള്ളതുകൊണ്ട് ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ച് വ്യക്തമായി ഈ ബില്ലിൽത്തന്നെ ഉൾപ്പെടുത്തണം ; കമാൻഡ് ഏരിയായിൽ ഉൾപ്പെടുത്തണമെന്ന് ഈയവസരത്തിൽ ഞാൻ പറയുകയാണ്.

ഇവിടെ പല മെമ്പർമാരും പറഞ്ഞു നെൽക്കൃഷിക്ക് വളരെയധികം പ്രാധാന്യം കൊടുക്കണമെന്ന്. അതിൽ യാതൊരു തർക്കവുമില്ല. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം നമ്മൾ കമ്മി സംസ്ഥാനമാണ്. നെൽകൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കൂടുതൽ ഉൽപ്പാദനം ഉണ്ടാക്കേണ്ടതാവശ്യമാണ്. പക്ഷെ ഒരു യാഥാർത്ഥ്യം നമ്മൾ മറന്നിട്ട് കാര്യമില്ല. നെൽകൃഷിയിൽ നമ്മൾ എത്രമാത്രം ശ്രദ്ധ കേന്ദ്രീകരിച്ചാലും നമ്മുടെ ആവശ്യത്തിനുള്ള നെല്ല് ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമോയെന്നുള്ള കാര്യത്തിൽ സംശയമാണ്. അതിനുവേണ്ടി എത്രമാത്രം പണം മുടക്കിയാലും അതു സാധിക്കുമെന്നു തോന്നുന്നില്ല. നേരെമറിച്ച് കേരളം ഇൻഡ്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും വ്യത്യസ്തമായി പല നാണ്യവിളകളും കേരളത്തിന്റെ മാത്രം കുത്തകയായി ഉൽപ്പാദിപ്പിക്കുന്ന ഒരു സംസ്ഥാനമാണ്. നമ്മുടെ കർഷകർ ഇന്നു ഒരുവിധത്തിൽ പിടിച്ചുനിൽക്കുന്നത് നമ്മുടെ നാണ്യവിളകൾകൊണ്ടാണ്. ചില സമയങ്ങളിൽ നാണ്യവിളകൾക്ക് വിലയിടിയും. ഇറക്കുമതിനയത്തിന്റെ കുഴപ്പംകൊണ്ടാണ് അങ്ങനെ വരുന്നത്. അങ്ങനെ വിലയിടിയുമെങ്കിൽത്തന്നെയും ഒരു നാണ്യവിളയ്ക്ക് വില കുറഞ്ഞാൽ വേറൊരെണ്ണത്തിന് വില കൂടും. ഇൻഡ്യയിൽ ഒരു സംസ്ഥാനത്തുമില്ലാത്ത രീതിയിൽ പ്രത്യേകതരം നാണ്യവിളകളാണ് കേരളത്തിലുള്ളത്. റബർ, തെങ്ങ്, അടയ്ക്കാ, കുരുമുളക്, തേയില, ഏലം ഇവയൊക്കെ കേരളത്തിന്റെ മാത്രം കുത്തകയായ നാണ്യവിളകളാണ്. ഈ നാണ്യവിളകൾ നല്ല രീതിയിൽ കൃഷി ചെയ്യാൻ അനുവദിച്ചാൽ അല്ലെങ്കിൽ അതിനുള്ള സൗകര്യങ്ങൾ കൊടുത്താൽ തീർച്ചയായും കേരളത്തിന്റെ കാർഷികമേഖലയിൽ വലിയ മാറ്റം ഉണ്ടാക്കാൻ കഴിയും. ഞാൻ അതുകൊണ്ട് നെല്ലിന്റെ പ്രാധാന്യം കുറച്ച് കാണുന്നില്ല. നെല്ല് കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ പ്രത്യേകിച്ചും പാലക്കാട്, കുട്ടനാടൻ പ്രദേശങ്ങൾ നെല്ലിന് ഏറ്റവും അനുയോജ്യമായ സ്ഥലങ്ങളാണ്. അവിടെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നെൽക്കൃഷിക്ക് ജലസേചനമെത്തിച്ച്, നെൽകൃഷിക്കുവേണ്ട സൗകര്യങ്ങൾ ചെയ്തു നെൽക്കൃഷി പ്രോത്സാഹിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനുള്ള നടപടികളും നടത്തുന്നത് നല്ലതാണ്. മറ്റു പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ കർഷകരെ നിലനിർത്തുന്നത് നാണ്യവിളകളാണ്. നാണ്യവിളകൾക്ക് ഇന്നു കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ കല്ലട ജലസേചനപദ്ധതിയെ സംബന്ധിച്ചിടത്തോളം നാണ്യവിളകൾക്കുകൂടി വെള്ളം കൊടുക്കാനുള്ള പരിപാടിയുണ്ട്. അതനുസരിച്ച് ആധുനിക രീതിയിൽ ലോകബാങ്കിന്റെ സാങ്കേതികമായ ഉപദേശമനുസരിച്ചുതന്നെ നാണ്യവിളകളും നനയ്ക്കുന്നതിനുള്ള ബൃഹത്തായ പദ്ധതികളുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇനി ആരംഭിക്കാൻ പോകുന്നതോ അല്ലെങ്കിൽ ആരംഭിച്ച് കഴിഞ്ഞതോ ആയ നമ്മുടെ എല്ലാ ജലസേചനപദ്ധതികളും നെല്ലുൽപ്പാദനത്തിന് പാടശേഖരങ്ങളിൽ വെള്ളം എത്തിക്കുന്നതോടൊപ്പംതന്നെ കരഭൂമികളിൽ മറ്റു നാണ്യവിളകളുൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളിലും ശരിക്കും ജലമെത്തിക്കുന്നതിനുള്ള നടപടികളുമാവശ്യമാണെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. എങ്കിൽ മാത്രമേ ജലസേചനംകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് സമഗ്രമായ വികസനമുണ്ടാകുകയുള്ളൂ. അവിടെയാണ് ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുള്ളത്.

സർ, നമ്മുടെ സംസ്ഥാനത്തെ പല പദ്ധതികളുമായി താരതമ്യം ചെയ്യുമ്പോൾ ലിഫ്റ്റ് ഇറിഗേഷൻ വളരെ കുറഞ്ഞ ചെലവിൽ തീരുമെന്നുള്ളത് അതിന്റെ ഒരു പ്രത്യേകതയാണ്. അതിന്റെ മോട്ടോർ മെയിൻറനൻസിനും കറൻറ് ചാർജ്ജിനുമൊക്കെ കൂടുതൽ ചെലവ് വരുന്നു എന്നാണ് നമ്മുടെ എൻജിനീയർമാർ പറയുന്നതെങ്കിൽക്കൂടി നമ്മുടെ മറ്റു പല പ്രോജക്റ്റുകൾക്കും എല്ലാക്കൊല്ലവും മെയിൻറനൻസ് വേണ്ടിവരും കനാലുകൾക്കും മെയിൻറനൻസുണ്ട്. അതിനുവേണ്ടിയും ലക്ഷക്കണക്കിനു രൂപ ചെലവാകുന്നുണ്ട്. അതുവച്ചുനോക്കുമ്പോൾ ലിഫ്റ്റ് ഇറിഗേഷന് വരുന്ന കറൻറ് ചാർജ് അല്ലെങ്കിൽ കനാലിനും മോട്ടോറിനുമൊക്കെ വരുന്ന മെയിൻറനൻസിന് വലിയ തുക വരുന്നു എന്ന് എനിക്ക് തോന്നുന്നില്ല. 100 ഏക്കറും അതിൽക്കൂടുതലുമുള്ള പ്രദേശങ്ങൾ സ്വരൂപിച്ചുകൊണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി തുടങ്ങിയാൽ 100 ഏക്കറിനുവേണ്ടി ഇന്നു ഗവൺമെൻറ് അനുവദിക്കുന്നത്, ഏതാണ്ട് എട്ടര ലക്ഷം രൂപ വരെയാണ്. 100 ഹെക്ടർ ലിഫ്റ്റ് ഇറിഗേഷനു വേണ്ടിവരുന്ന സ്ഥലത്ത് അതിന്റെ മാക്സിമം ചെലവ് അനുവദിക്കണം. ഇതു ഇന്നു വളരെ അപര്യാപ്തമാണ്. 100 ഹെക്ടർ സ്ഥലത്തിനുവേണ്ട കനാലും കുളങ്ങളുമൊക്കെയുണ്ടാക്കുന്നതിനും മോട്ടോറും പമ്പുസെറ്റുമൊക്കെ ഫിറ്റ് ചെയ്യുന്നതിനുംകൂടി ഇന്നത്തെ കോസ്റ്റ്വച്ചു നോക്കുമ്പോൾ എട്ടര ലക്ഷം രൂപ വളരെ കുറവാണ്. അതു കൂടിയാൽതന്നെയും ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ചിടത്തോളം അതൊട്ടും കൂടുതലാണെന്ന് എനിക്ക് അഭിപ്രായമില്ല. കല്ലട പോലുള്ള വൻകിട ജലസേചന പദ്ധതികൾക്ക് ഒരു ഹെക്ടറിന് ചെലവ് ഏതാണ്ട് അമ്പതിനായിരം രൂപയ്ക്ക് മുകളിൽ വരുന്നു എന്നാണ് കണക്കാക്കിയിരിക്കുന്നത്. അതു പല മേജർ ഇറിഗേഷനും വേണ്ടിവരുന്നതാണ്. അതു തുടങ്ങുമ്പോൾ ഇരുപതിനായിരവും മുപ്പതിനായിരവും വരുമെങ്കിലും പണി തീർന്നുവരുമ്പോൾ ഓരോ മേജർ ഇറിഗേഷനും ഒരു ഹെക്ടറിന് വരുന്ന ചെലവ് ചുരുങ്ങിയത് അമ്പതിനായിരം രൂപ മുതൽ എഴുപത്തയ്യായിരം രൂപ വരെ ആയിരിക്കുമെന്നുള്ളത് ഒരു സത്യം മാത്രമാണ്. അതേസമയം ഒരു ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടിയാൽ ഒരു ഹെക്ടറിന് പതിനായിരമോ പതിനയ്യായിരമോ മുടക്കുവാൻ സാധിച്ചാൽ ലിഫ്റ്റ

LIBRARY ARCHIVES Kerala Legislative Assembly

ഇറിഗേഷൻ കൂടുതൽ കൊടുക്കുവാൻ സാധിക്കും. പല ഇറിഗേഷൻ പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോഴും ഇതിന് ഇനിഷ്യലായിവരുന്ന ഇൻവെസ്റ്റ്മെൻറിൽതന്നെ വലിയ അന്തരമുള്ളതുകൊണ്ട് അതിൻറെ പലിശയിലുള്ള വ്യത്യാസംമാത്രം മന്ത്രി ലിഫ്റ്റ് ഇറിഗേഷൻറെ മെയിൻറനൻസിനോ കറൻറ് ചാർജ്ജിനോ കൊടുക്കാനെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് 10 കോടി രൂപ വീതം ലിഫ്റ്റ് ഇറിഗേഷനുവേണ്ടി ബഡ്ജറ്റിൽ മാറ്റിവച്ചുകൊണ്ട് ഓരോ കൊല്ലവും മുന്നോട്ടു പോയാൽ തീർച്ചയായും നമ്മുടെ സംസ്ഥാനത്തെ ജലസമ്പത്ത് പരിപൂർണ്ണമായി ഉപയോഗിച്ചുകൊണ്ട്, നമ്മുടെ കുന്നിൻപ്രദേശങ്ങളിലൊക്കെ വെള്ളമെത്തിക്കാൻ സാധിക്കും. അല്ലെങ്കിൽ ഇറിഗേഷൻകൊണ്ട് നമ്മുടെ സംസ്ഥാനത്ത് പരിപൂർണ്ണമായ പ്രയോജനം ലഭിക്കുകയില്ല. കുടിവെള്ളത്തിനായാലും കൃഷി മെച്ചപ്പെടുത്തുന്നതിനായാലും ലിഫ്റ്റ് ഇറിഗേഷനിൽക്കൂടിയല്ലാതെ എത്രമാത്രം ജലസമ്പത്ത് നാം ഉപയോഗിച്ചാലും അതു പരിപൂർണ്ണതയിലെത്തുകയില്ലെന്നുള്ള കാര്യം ഞാൻ ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ഈ ബില്ലിൽ 10 പേരെ നോമിനേറ്റ് ചെയ്യുന്ന കാര്യം പറഞ്ഞു. കർഷക പ്രതിനിധികളെ നോമിനേറ്റ് ചെയ്യുന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. പക്ഷെ അവർ ആ പ്രോജക്റ്റ് ഏരിയായിലുള്ള കർഷകരായിരുന്നാൽ ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ കാര്യങ്ങൾ അറിയാവുന്നവരായിരിക്കും. ആ പ്രദേശത്തെ ഉദ്യോഗസ്ഥൻമാരും കളക്ടറും അതിലുണ്ടാകുമെന്നു പറഞ്ഞിട്ടുണ്ട്. മറ്റ് ഉദ്യോഗസ്ഥൻമാരൊക്കെ ആ ഏരിയായുമായി ബന്ധപ്പെട്ടവരാണ്. അദ്ധ്യായം രണ്ടിൽ ഇതിൻറെ രൂപീകരണത്തിൽ പറഞ്ഞിരിക്കുന്ന കർഷക പ്രതിനിധികളും ആ ഏരിയായിൽ ഉള്ളവരായിരിക്കണം.

സർ, അതുപോലെതന്നെ കൃഷി, ഉദ്യാനനിർമ്മാണം, പട്ടുനൂൽപ്പുഴു വളർത്തൽ, ഫാം ഫോറസ്റ്ററി, മൃഗസംരക്ഷണം, മൽസ്യബന്ധനം, വാർത്താവിനിമയം ഇതൊക്കെ പറഞ്ഞിട്ടുണ്ട്. എന്നാൽ ചില വിഭാഗത്തിലുള്ള ഡിപ്പാർട്ടുമെൻറുകളെ മാത്രമാണ് ഈ കമ്മിറ്റിയുടെ രൂപീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രത്യേകിച്ച് വാർത്താവിനിമയം എന്നു പറയുമ്പോൾ അതിൽ റോഡ്സൊക്കെ പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ട് റോഡ്സിൻറെ ചീഫ് എഞ്ചിനീയറെക്കൂടി ഈ കമ്മറ്റിയിൽ ഉൾപ്പെടുത്തുന്നത് നല്ലതായിരിക്കും. സോഷ്യൽ ഫോറസ്റ്ററിക്കും ഇക്കാര്യത്തിൽ പലതും ചെയ്യാൻ സാധിക്കും. അതുകൊണ്ട് സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ടുമെൻറിനെ പ്രതിനിധീകരിച്ചുകൊണ്ട് ഒരാൾകൂടി ഈ കമ്മിറ്റിയിൽ വരുന്നത് വളരെ അത്യാവശ്യമാണെന്ന് എനിക്ക് തോന്നുന്നു. ഡയറി ഡവലപ്പ്മെൻറ് ഈ കമാൻഡ് ഏരിയായുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെട്ടതാണ്. കെ. എസ്. ഇ. ബി.ക്കും പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്. ഉൾനാടൻ മൽസ്യസമ്പത്തുണ്ടാക്കുന്നതിനും ഈ ബിൽ സഹായകരമാകേണ്ടതാണ്. അപ്പോൾ ഡയറക്ടർ ഓഫ് ഇൻലൻറ് ഫിഷറീസ്, കെ. എസ്. ഇ. ബി. ഡയറക്ടർ ഓഫ് ഡയറി ഡവലപ്പ്മെൻറ്, ചീഫ് എഞ്ചിനീയർ റോഡ്സ്, സി. സി. എഫ്, സോഷ്യൽ ഫോറസ്ട്രി ഇത്രയും പേരെക്കൂടി ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതുകൊണ്ടുമാത്രമേ ഇത് കോ-ഓർഡിനേറ്റ് ചെയ്തു മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കുകയുള്ളു. ആ രീതിയിൽ ഇതിന് മാറ്റം വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള ചർച്ചകൾ നടക്കുമ്പോൾ കൂടുതൽ നിർദ്ദേശങ്ങൾ പറയാം. എന്തായാലും നമ്മുടെ രാജ്യത്തു സമഗ്രമായ ഒരു കാർഷിക വിപ്ലവത്തിനുവേണ്ടി തുടക്കം കുറിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണം ആണെന്ന കാര്യത്തിൽ സംശയമില്ല. ഏറ്റവും വേഗം ഈ ബിൽ പാസാക്കി അതിന്റെ റൂൾസ് ഉണ്ടാക്കി കാർഷിക രംഗത്തു കൂടുതൽ ജലം എത്തിക്കുന്ന വിപ്ലവകരമായ നടപടി ഏറ്റവും വേഗം പ്രാവർത്തികമാകട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്. ബിൽ വേഗം രൂപപ്പെടട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, കഴിയുന്നത്ര വേഗത്തിൽ നിയമം ആക്കേണ്ടുന്ന ഒരു ബില്ലാണ് ഇതെന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ പ്രയോജനകരമായേക്കാവുന്ന പ്രവൃത്തികൾ ഏറെറടുക്കുന്നതിനും അവയ്ക്കുവേണ്ട സാമ്പത്തിക ശേഷി കൈവരിക്കുന്നതിനും ഒക്കെയുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ബില്ല് എന്ന നിലയ്ക്ക് ഈ ബിൽ കഴിയുന്നത്ര വേഗം അംഗീകരിക്കേണ്ടതാണ്. എന്നാൽ എന്റെ സുഹൃത്ത് ശ്രീ. മാണിയുടെ പ്രസംഗം കേട്ടപ്പോൾ ഇത് ഉദ്ദേശിക്കുന്ന ഫലം ചെയ്യുമോയെന്ന കാര്യത്തിൽ എനിക്ക് സംശയം തോന്നുന്നു. ഇതിന്റെ പ്രയോജനം നാണ്യവിള കർഷകർക്ക് മാത്രമായി ഒതുക്കിത്തീർക്കുന്നതിനുള്ള പരിശ്രമങ്ങൾ ഉണ്ടായേക്കാൻ ഇടയുണ്ടെന്ന് എനിക്ക് തോന്നുന്നു. ആ നിലയ്ക്കാണെങ്കിൽ ഇത് വെളുക്കാൻ തേച്ചത് പാണ്ഡായിത്തീരും എന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. ഈ ബിൽ കഴിയുന്നതും വേഗം നിയമമാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നതിന്റെ പ്രേരകഘടകം നമ്മുടെ നെൽക്കൃഷിയുടെ ഇന്നത്തെ ദുരവസ്ഥ നിറഞ്ഞ അവസ്ഥയാണ്. നെൽക്കൃഷിക്കാരന് ഗവൺമെന്റിൽനിന്നും മറ്റ് ഏജൻസികളിൽനിന്നും മുമ്പ് കിട്ടിക്കൊണ്ടിരുന്ന സഹായങ്ങൾ ഇന്ന് ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. ജലസമ്പത്ത് ധാരാളം അവകാശപ്പെടാവുന്ന കേരളത്തിൽ അതിന്റെ പ്രയോജനം കർഷകന്, പ്രത്യേകിച്ച് ചെറിയ നെൽക്കർഷകന് കിട്ടാതെ വന്നിരിക്കുന്നു. ഞാൻ പ്രതിനിധീകരിക്കുന്നത് ചെറുകിട കർഷകർ, ധാരാളമുള്ള നെടുമങ്ങാട് താലൂക്കിലെ മലയടിവാര പ്രദേശങ്ങളാണ്. നെടുമങ്ങാട്, നെയ്യാറ്റിൻകര, ചിറയിൻകീഴ് തുടങ്ങിയ തിരുവനന്തപുരം ജില്ലയിലെ ചെറുകിട നെൽക്കർഷകർ ഏതാനും വർഷങ്ങളായി ഏതാണ്ട് അവഗണിക്കപ്പെട്ട നിലയിലാണ്. ഈ നെൽക്കർഷകന് ഒരു സഹായവും കിട്ടുന്നില്ല. സംസ്ഥാന ഗവൺമെന്റ് നെൽക്കൃഷിക്കാരുടെ പ്രയോജനത്തിനായി നീക്കിവയ്ക്കുന്നതുക കുട്ടനാട്ടിലേയ്ക്ക് കൊണ്ടുപോകുന്നതിൽ എനിക്ക് വിഷമമില്ല. കുട്ടനാടിന് നൽകുന്ന ആ പരിഗണന നമ്മുടെ പ്രധാനപ്പെട്ട നെല്ലറയായ പാലക്കാടിനും നൽകണം എന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. നൽകുന്നില്ല എന്ന പരാതിയും ഉണ്ട്. തുശ്ശൂരുള്ള കോൾനിലങ്ങൾക്ക് ആവശ്യമായ പരിഗണന ലഭിക്കുന്നില്ല എന്ന പരാതിയുമുണ്ട്. അതുപോലെയോ അതിനെക്കാളൊക്കെ കൂടുതലായോ നമ്മുടെ സംസ്ഥാനത്തെ ചെറിയ നെൽകർഷകനെ പൂർണ്ണമായും തഴയുന്നുവെന്ന പരാതിയുമുണ്ട്. ആ നെൽകർഷകന് ആശ്വാസത്തിന്റെ കണിക ഈ ബിൽ നിയമമാക്കുന്നതിന്റെ ഫലമായി ലഭിക്കുന്നതിന് സഹായകരമായ പദ്ധതികൾ നടപ്പാക്കാൻ കഴിയുമെന്നുള്ള ആത്മാർത്ഥമായ വിശ്വാസംകൊണ്ടും മന്ത്രി മാണിയെപ്പോലെയുള്ള ഒരു കർഷകസ്നേഹിയിൽനിന്നും നന്മ പ്രതീക്ഷിച്ചുകൊണ്ടും ഈ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. നെൽക്കൃഷിയെ എം. വി. മാണി അവഗണിച്ചതുപോലെ അവഗണിച്ചാൽ സംഭവിക്കുന്നത് എന്തായിരിക്കും?

LIBRARY ARCHIVES Kerala Legislative Assembly

ഒരു അന്തരാളഘട്ടം വന്നാൽ എന്തു ചെയ്യും ? ഞാൻ ഒരു അന്തരാളഘട്ടത്തെ നേരിട്ടവനാണ്. കഴിഞ്ഞ രണ്ടാം ലോകമഹായുദ്ധത്തിന്റെ മദ്ധ്യഘട്ടത്തിനു ശേഷം, പല്ലും പുല്ലും ഒക്കെ തിന്നാൻ നിർബന്ധിതരായ അന്നത്തെ കുട്ടികളിൽപ്പെട്ടവനാണ് ഞാൻ. പല്ലും പുല്ലും ഒക്കെ തിന്നേണ്ട ദുർഗതി വന്നത് നമ്മുടെ നെൽക്കൃഷിയെ അവഗണിച്ചതുകൊണ്ടാണ്. ഇന്ന് കേരളത്തിലെ നെല്ലുൽപ്പാദനം നമുക്ക് ആവശ്യമായതിന്റെ പകുതിയിൽ വളരെ താഴെയാണ്. നമുക്ക് വേണ്ടത്ര നെല്ലും അരിയും ആന്ധ്രാ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും പഞ്ചാബിൽ നിന്നുമൊക്കെയാണ് വരേണ്ടത്. പഞ്ചാബിൽനിന്നും അരികൊണ്ടുവരുന്നതിലുള്ള ബുദ്ധിമുട്ടു നമുക്കറിയാമല്ലോ. ചിലപ്പോഴെക്കെ നമുക്കു ലഭിക്കുന്നത് ഇരുമ്പരിയാണ്. ആ ഇരുമ്പരി കേരളീയരുടെ തൊണ്ടയിൽക്കൂടിത്തന്നെ കുത്തിയിറക്കണമെന്ന് നിർബന്ധമുള്ള കേന്ദ്ര ഉദ്യോഗസ്ഥൻമാർ ഉണ്ട്. ഇരുമ്പരി കേരളത്തിൽ വിതരണം നടത്തുകയില്ലായെന്ന് പ്രഖ്യാപനം നടത്തിയതിനുശേഷവും അത്, ഇവിടെനിന്നും മാറാതെ ഗോഡൗണുകളിൽ സൂക്ഷിച്ച് ഇടയ്ക്കും മുറയ്ക്കും വിതരണം ചെയ്യാൻ ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്ന വസ്തുത അങ്ങേയ്ക്ക് അറിയില്ലേ ? എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. ടി. എസ്. ജോണിനറിയാം. ഇങ്ങനെയുള്ള ഒരു പ്രത്യേക സാഹചര്യത്തിൽ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം നെൽക്കൃഷി ഫലപ്രദമായി ചെയ്യാൻ കഴിയാത്ത ഒരു ദുർഗതിയിൽ ആണ്ടുപോയിരിക്കുന്നു. ചെറുകിട കർഷകർക്ക് സഹായം എത്തിക്കാൻ ഈ ബില്ലിലെ വ്യവസ്ഥകൾ പ്രയോജനപ്പെടണം. അതല്ലാതെ ഇതിന്റെ പ്രയോജനം നാണ്യവിളകൾക്കായി മാറ്റിവച്ചാൽ ഞാൻ നേരത്തെ പറഞ്ഞ ഒരു അന്തരാളഘട്ടത്തിൽ നമുക്കു നെല്ലരിച്ചോറ് ഉണ്ണാൻ കിട്ടില്ല.

ശ്രീ. മണിമംഗലത്തുകുട്ട്യാലി : സർ, മാക്സിമം ഉൽപ്പാദനം ഉണ്ടാക്കുക എന്ന ഒരു തത്വമാണല്ലോ അങ്ങു പറഞ്ഞതിന്റെ പിന്നിലുള്ളത്. അങ്ങനെയാണെങ്കിൽ കൃഷിഭൂമിക്ക് വെള്ളം കൊടുത്തതിനുശേഷം ബാക്കി നഷ്ടപ്പെട്ടുപോകുന്ന വെള്ളം മറ്റ് നാണ്യവിളകൃഷിക്കുകൂടി ഉപയോഗിക്കുന്നതിൽ തെറ്റുണ്ടോ ?

ശ്രീ. കെ. പങ്കജാക്ഷൻ : സർ, അതിന് യാതൊരു തടസ്സവുമില്ല നമുക്കുള്ള ജലസമ്പത്ത് നാണ്യവിളകൃഷിക്കുകൂടി ഉപയോഗിക്കണം. അക്കാര്യത്തിൽ സംശയമില്ല.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : നമ്മുടെ കൃഷിക്ക് വെള്ളം ഇറിഗേറ്റ് ചെയ്തുകൊടുത്തതിനുശേഷം ബാക്കിയുള്ള ജലം കുരുമുളകിനോ മറ്റ് വല്ല കാര്യങ്ങൾക്കോവേണ്ടി ഇറിഗേറ്റ് ചെയ്തു കൊടുക്കുന്നതിലുള്ള തെറ്റ് എന്താണ് ?

ശ്രീ. കെ. പങ്കജാക്ഷൻ : ഒരു തെറ്റുമില്ല. അങ്ങനെ ചെയ്യുന്നതിൽ അപാകതയേ ഇല്ല. അത് നെൽക്കൃഷിയെ അവഗണിച്ചുകൊണ്ടാകരുത് എന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. കാരണം ഇവിടെ അവഗണിക്കപ്പെടുന്നത് നെൽക്കൃഷിക്കാരനാണ്. അവന് ശക്തമായ ലോബി ഇല്ല. അവന് സമ്മർദ്ദം ചെലുത്താനുള്ള ഏജൻറുമാരോ ഏജൻസികളോ ഇല്ല. അതുകൊണ്ട് അവൻ അവഗണിക്കപ്പെടുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : അങ്ങ് പറഞ്ഞതിനോട് ഞാനും യോജിക്കുന്നു. ഈ ധാന്യങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ നമുക്കു വിദേശനാണ്യം കിട്ടുന്ന നാണ്യവിളകളും ഉണ്ടാകട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ : ഉണ്ടാകണമെന്നു തന്നെയാണ് പറയുന്നത്. പക്ഷേ ഒരു കുഴപ്പമേയുള്ളു. ഒരു അന്തരാളകാലഘട്ടം വന്നാൽ നമുക്ക് അരി കിട്ടാതെ വരും. നമുക്ക് ആവശ്യമായ.....

ശ്രീ. കെ. പി. പ്രഭാകരൻ : ഇപ്പോഴും കേരളത്തിലുള്ള മുഴുവൻ ജല സേചന പദ്ധതികൾക്കും അതിന്റെ ക്യാച്ച്മെന്റ് ഏരിയയിലുള്ള നെൽക്കൃഷിക്കുപോലും വെള്ളംകൊടുക്കാൻ പര്യാപ്തമല്ലെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. പങ്കജാക്ഷൻ : ഞാൻ അതിലേയ്ക്ക് വരികയാണ്. ഞാൻ പറഞ്ഞത്, എന്റെ സുഹൃത്ത് ശ്രീ. മാണി, അത് മുഴുവൻ നെൽക്കൃഷിക്കു കൊടുക്കാതെ നാണ്യവിളകൾക്ക് കൊടുക്കണമെന്നു പറഞ്ഞുവെന്നല്ല. എനിക്ക് അങ്ങനെയൊരു അഭിപ്രായമില്ല. നാണ്യവിളകൾക്ക് മുൻതൂക്കം കൊടുക്കുന്ന ഒരവസ്ഥ ഉണ്ടാകരുത്. കാരണം, നെൽക്കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം അത് അവന്റെ വയറ്റുപാടിന്റെ പ്രശ്നമാണ്. നമുക്ക് ഒരു യുദ്ധകാല പരിതസ്ഥിതിയുണ്ടായാൽ ഈ നാണ്യവിളയിൽ നിന്നും നാം നേടിയെടുക്കുന്ന ഡോളർ ഉപയോഗിച്ച് ഈ പറയുന്ന വിധത്തിൽ അരി കിട്ടില്ല. ഇതിനുമുമ്പ് അങ്ങനെ കിട്ടിയിട്ടുമില്ല. പഞ്ചാബിൽ നിന്ന് അരി കൊണ്ടുവരണമെങ്കിൽ നമുക്ക് ഉണ്ടാകുന്ന ദുർവ്വഹമായ ചെലവ് എന്തുമാത്രമുണ്ട്? പിന്നെ ഞാനൊന്ന് ചോദിക്കട്ടെ, ഈ 'ഡോളർ' തിന്നാൽ മതിയോ?

ശ്രീ. എം. വി. മാണി : നെൽക്കൃഷിക്ക് പ്രാധാന്യം കൊടുത്ത് വളവും മറ്റെന്തെല്ലാം സഹായം കൊടുത്താലും നാം സ്വയം പര്യാപ്തതയിൽ എത്തുമെന്ന് മെമ്പർക്ക് തോന്നുന്നുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ : എത്താനുള്ള പല വിപ്രവങ്ങളെപ്പറ്റിയും ഈ വേദിയിൽ പറഞ്ഞിട്ടുണ്ട്. ഹരിതവിപ്രവത്തെക്കുറിച്ചും ധവളവിപ്രവത്തെക്കുറിച്ചുമൊക്കെ പറഞ്ഞിട്ടുണ്ട്. അന്ന്, ഇതൊക്കെ ഉണ്ടാകില്ലെന്ന് ശ്രീ. മാണിയോടും മറ്റെല്ലാപേരോടും പറഞ്ഞതാണ്. അതായത്, സ്വയം പര്യാപ്തത ഉണ്ടാകില്ല. സ്വയം പര്യാപ്തതയിൽ എത്താൻ കഴിയില്ലെന്നുള്ളതുകൊണ്ട് പരമാവധി ഉൽപ്പാദനം ഉണ്ടായിക്കൂടെന്നില്ല. അതിനു വേണ്ടി പരിശ്രമിച്ചുകൂടെന്നില്ല.

നമുക്ക് റബ്ബറിൽ സ്വയംപര്യാപ്തത ഉണ്ടാകുമെന്ന് പറയാനൊക്കുമോ? ഒക്കുകയില്ല. അതിന് ഇനി നെൽപ്പാടങ്ങളും നികത്തി മാത്രമേ അങ്ങനെ സാധിക്കുകയുള്ളൂ. മാത്രമല്ല, ഇപ്പോൾ വെസ്റ്റ് ബംഗാളിലും ത്രിപുരയിലും ഗോവയിലുമൊക്കെ റബ്ബർ കൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടി റബ്ബർബോർഡിന്റെ ആഭിമുഖ്യത്തിൽ ധാരാളം പണം ചെലവിടാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ കേരളത്തിലെ റബ്ബർ കർഷകന്റെയും റബ്ബറിന്റെയും അടിവെട്ടാനുള്ള പരിപാടിയിട്ടിട്ടുണ്ട്.

ശ്രീ. എം. വി. മാണി : ഇൻഡ്യയെപ്പോലെ നെൽക്കൃഷിയിൽ സർപ്ലസ് സായ ഒരു രാജ്യത്ത് കേരളത്തിന്റെ തൊട്ടടുത്ത് സംസ്ഥാനമായ ആന്ധ്രപ്രദേശ് മാത്രം മതി കേരളത്തിനാവശ്യമായ അരി നൽകാൻ നമ്മളൊക്കെ ഇൻഡ്യാരാജ്യത്ത് തന്നെയാണ് ജീവിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ : പണ്ടൊരു സോണൽ എർപ്പാടുണ്ടായിരുന്നു.

ശ്രീ. മാണി അതിനെക്കുറിച്ചുള്ള രൂപം കാണുകില്ല. നമുക്ക് ആവശ്യമായ അരി ഇങ്ങോട്ടു തരാനും അതിനുപകരം അവർക്ക് ആവശ്യമായ കാണ്ടം അങ്ങോട്ട് കൊടുക്കുവാനും മറ്റുമുള്ള പരിപാടിയുണ്ടായിരുന്നു. ഇപ്പോൾ അവനവന് അവനവൻ എന്ന തത്വം നിലവിൽ വന്നു കഴിഞ്ഞിരിക്കുന്നു. നമുക്ക് ആവശ്യത്തിന് നെല്ല് ഇങ്ങോട്ട് കിട്ടിയിട്ടില്ല. കർണ്ണാടകയിൽ നിന്നോ, ആന്ധ്രയിൽ നിന്നോ പഞ്ചാബിൽനിന്നോ ആവശ്യമായ അരി കിട്ടിയിട്ടില്ല. അവസാനം ചോറ് കഴിക്കുന്നതിനുപകരം, വിശപ്പു തീരുകില്ലെങ്കിലും കൊച്ചു കുട്ടികൾ ചൂയിംഗ്ഗം ചവയ്ക്കുന്നതുപോലെ റബ്ബർ ചവച്ചുകൊണ്ടിരിക്കാം. അതല്ലാതെ ഒക്കുമോ? അപ്പോൾ വസ്തുതകൾ വസ്തുതകളായി കാണുക ചില ഭാഗങ്ങളിൽമാത്രം സ്വത്ത് കുന്ന് കൂടുന്നതിന് സൗകര്യമുണ്ടാക്കിക്കൊടുത്താൽ ഈ സ്വത്തുകൊണ്ടുമാത്രം ജീവൻ നിലനിറുത്തുവാൻ കഴിയില്ല. ഇവിടെ സഖാവ് കെ. പി. പ്രഭാകരൻ സൂചിപ്പിച്ചതുപോലെ നമുക്കുള്ള ജലസമ്പത്ത് ഉപയോഗിച്ച് നെൽകർഷകന് പൂർണ്ണമായ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ടോ? പേമാരിയൊക്കെ വരുന്ന അവസരത്തിൽ കടലിലേയ്ക്ക് ഒഴുകിപ്പോകുന്ന ജലം സംഭരിച്ച് നെൽക്കൃഷിക്കും നാണ്യവിളകൾക്കും പ്രയോജനപ്പെടുത്താൻ കഴിയും. ഇല്ലെന്നു ഞാൻ പറയുന്നില്ല. കഴിഞ്ഞ ഒന്നു രണ്ട് വരൾച്ചക്കാലത്ത് നാം അതനുഭവിച്ചതാണ്. ഇപ്പോഴും നാം അനുഭവിക്കുന്നു. കുഴൽക്കിണറുകളും മറ്റും കുഴിച്ച പ്രദേശങ്ങളിൽ ഇപ്പോഴും ആ കിണറുകളിൽ വെള്ളമില്ല. എന്നു മാത്രമല്ല, അതിനടുത്ത് കുളങ്ങളുണ്ടെങ്കിൽ അവയിലും വെള്ളമില്ല. ഈ വസ്തുത ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? ഇനിയും ആയിരക്കണക്കിന് കുഴൽക്കിണറുകൾ കുഴിക്കാൻപോകുന്നുവെന്ന് പറയുന്നു. ഈ കുഴൽക്കിണറുകളിൽ വെള്ളം കിട്ടുന്നില്ല, സമീപ പ്രദേശങ്ങളിലുള്ള കുളങ്ങളിലും തോടുകളിലും വെള്ളം ഇല്ലാതായിരിക്കുന്നു. ഈ സാഹചര്യം നമ്മുടെ എഞ്ചിനീയർമാരും വിദഗ്ധൻമാരുമൊക്കെ പരിശോധിച്ചിട്ടുണ്ടോയെന്നറിയില്ല. അതിനെക്കുറിച്ച് പരിശോധിക്കണമെന്ന് ഒന്നിലധികം പ്രാവശ്യം കൃഷിക്കുവേണ്ടിയുള്ള സബ്ജക്ടറ് കമ്മിറ്റിയിൽ ഞാൻ ചൂണ്ടിക്കാണിച്ചതാണ്. ഇതുവരെയും ഫലപ്രദമായ ഒരു നടപടിയും ഉണ്ടായിട്ടില്ല. ഒഴുകിവരുന്ന വെള്ളം പാഴായിപ്പോകാതെ തടഞ്ഞുനിറുത്തി പ്രയോജനപ്പെടുത്താൻ കഴിയുന്ന പദ്ധതികൾ ഈ കമാണ്ട് ഏരിയ ബില്ലിൽക്കൂടി ആവിഷ്കരിക്കാൻ കഴിയും.

അതുപോലെ ശ്രീ. മാണി ആവിഷ്കരിച്ച് നടപ്പിലാക്കുമെന്നു പ്രഖ്യാപിച്ച സാമൂഹ്യ ജലസേചന പദ്ധതിയെക്കുറിച്ച് പറയാം. അതൊരു നല്ല പദ്ധതിയാണ്. നമുക്ക് ഇക്കാര്യത്തിൽ വിയോജിപ്പില്ല പക്ഷേ ആ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തലസ്ഥാനത്ത് നടത്തിയതിന്റെ പിറ്റേ ദിവസം പത്രത്തിൽ കാണാൻ കഴിഞ്ഞത്, ഇതിന് ആവശ്യമായ പണം ഉണ്ടാകില്ലെന്നാണ്; ലഭ്യമാകില്ലെന്നാണ്. ഈ പദ്ധതിക്ക് പത്തു കോടി രൂപ വേണം, അത് എവിടെനിന്ന് വരും. അതേസമയം ശ്രീ. മാണി തറപ്പിച്ച് പറഞ്ഞു, പണമുണ്ടാകുമെന്ന്. പക്ഷേ ഇനിയും ഉണ്ടാകുമെന്ന് തീർത്തു പറയാൻ കഴിയാത്ത ദുർഗ്ഗതിയാണുള്ളത്. അങ്ങയുടെ കണക്കുപ്രകാരം ഈ സാമൂഹ്യ ജലസേചന പദ്ധതികൾക്കു വേണ്ടി പത്തുകോടി രൂപ ഉണ്ടാകണം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രയോജനപ്പെടുത്താവുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. പക്ഷേ ആ പദ്ധതികൾക്ക് ആവശ്യമായ ധനം കണ്ടെത്തുന്നതിന് ഇന്നത്തെ നിലയിൽ കഴിയുമോയെന്ന് ഉറപ്പുപറയാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഞാൻ പറയുന്നില്ല, ഇത് ഭരണ കക്ഷികൾ

LIBRARY ARCHIVES Kerala Legislative Assembly

തമ്മിലുള്ള അഭിപ്രായവ്യത്യാസത്തിന്റെ രൂക്ഷതകൊണ്ടാണെന്ന്. ഇനി ശ്രീ. മാണി ജലസേചനവകുപ്പിന്റെ ചാർജ് വഹിക്കുന്നതു കൊണ്ട് ധനകാര്യമന്ത്രി ഉടക്കിടുന്നതാണോ എന്നും പറയാൻ തയ്യാറല്ല. കാരണം, ധനകാര്യമന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ ഇവിടുത്തെ ബ്ലേഡ് കമ്പനികളുടെയൊക്കെ കൊരവളയിൽ പിടിച്ച് തുടങ്ങിയപ്പോഴേ അവരെല്ലാവരും കൂടി തച്ചടിയുടെ കൊരവളയിൽ പിടിച്ചിരിക്കുകയാണോയെന്ന് എനിക്കറിയില്ല. ഏതായാലും കാര്യങ്ങളൊന്നും നടന്നിട്ടില്ല. സാമൂഹ്യ ജലസേചന പദ്ധതിയെന്നു പറയുന്നത് പ്രാവർത്തികമാക്കാൻ അങ്ങ് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളും ചെറുകിട നെൽക്കൃഷിക്കാരനെ പ്രയോജനപ്പെടുത്താൻ ബോധപൂർവ്വം പരിശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ അതിന്റെ പ്രയോജനം, മറ്റു സൗകര്യങ്ങളുപയോഗിച്ച് സമ്പന്നാർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള വിഭാഗത്തിനല്ല പോകരുത്. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ ബില്ലിലെ ചില കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഈ ബില്ലിന്റെ ഘടനയെക്കുറിച്ച്, അതിന്റെ പ്രാതിനിധ്യത്തെക്കുറിച്ച് ഒക്കെ പല അഭിപ്രായങ്ങളും കൊണ്ടുവന്നു. എനിക്ക് അതിൽ പ്രത്യേകമായി നിഷ്കർഷിക്കുവാനുള്ള ഒരു കാര്യം, നോമിനേഷന്റെ ഒരു കാര്യത്തിൽ പൊതുവെ ഞങ്ങൾക്ക് എതിർപ്പുണ്ട് എന്നാണ്.

പക്ഷേ സ്വാഭാവികമായും ആദ്യത്തെ ഒരു സമിതിയുണ്ടാകുമ്പോൾ, നോമിനേറ്റ് ചെയ്താൽത്തന്നെ ഞാൻ നേരത്തെ ആശങ്ക പ്രകടിപ്പിച്ച ചെറുകിട കർഷകർക്ക് നിശ്ചിതമായ പ്രാതിനിധ്യം അതിൽ ഉണ്ടാകണം. ആ കാര്യത്തിൽ അങ്ങ് ഉറപ്പ് നൽകണം. ചെറുകിട കർഷകൻ എന്നും അവഗണിക്കപ്പെടുന്നു. അവന് ഈ അതോറിറ്റിക്കകത്ത് പ്രാതിനിധ്യം ഉണ്ടാകണം. കാർഷിക മേഖലയിലെ പ്രധാന ഘടകമെന്ന നിലയിൽ ചെറുകിട കർഷകർക്ക് ആവശ്യമായ പ്രാതിനിധ്യം ഉണ്ടാകണം.

അതോറിറ്റിയിലെ നിയമനങ്ങളെ സംബന്ധിച്ചാണ് എനിക്ക് പറയുവാനുള്ളത്. ഗവൺമെന്റ് നിർണ്ണയിക്കുന്ന രീതിയിൽ നിയമനം നടത്താമെന്ന് ഒരു പരാമർശം നടത്തിയിട്ടേയുള്ളൂ. മറ്റു സർക്കാർ വകുപ്പുകളിലേക്ക് നടത്തുന്ന നിയമനം പോലെ പി. എസ്. സിയുടെ നിയന്ത്രണത്തിൽ നിയമനം നടത്തണം. നിശ്ചിതമായ സംവരണ സംവിധാനങ്ങളുള്ള നിയമന രീതി നടപ്പാക്കണം. അതിന് ഇപ്പോഴത്തെ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ സന്ദർഭംപോലെ ആർക്കും എന്തും ചെയ്യാമെന്ന ഒരു അവസ്ഥ വരുമെന്നുള്ളതുകൊണ്ട് അതിന് വ്യക്തമായ വ്യവസ്ഥ ഉണ്ടാകണം.

അതുപോലെതന്നെ ഈ അതോറിറ്റിയിലെ ആഡിറ്റ് സംവിധാനങ്ങളെക്കുറിച്ചാണ് എനിക്കു പറയുവാനുള്ളത്. അതോറിറ്റിയുടെ കണക്കുകളും മറ്റും ആഡിറ്റ് ചെയ്യുന്നത് ചട്ടങ്ങളനുസരിച്ച് നിയോഗിക്കുന്ന ഏജൻസികളാണെന്ന് പറയുന്നുണ്ട്. അതു മാറണം. ഒന്നുകിൽ കേന്ദ്ര ഗവൺമെന്റിന്റെ ആഡിറ്റർ ജനറലിനെക്കൊണ്ടോ അല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തെ ലോക്കൽ ഫണ്ട് എക്സാമിനറെക്കൊണ്ടോ പരിശോധിപ്പിക്കുക എന്നുള്ള ഏർപ്പാടിന് വ്യവസ്ഥയുണ്ടാകണം. ഇതിനകത്ത് ഒന്നുരണ്ട് അപകടകരമായ വ്യവസ്ഥകളും ഉൾക്കൊള്ളുന്നു. അതിൽ, ഒന്ന് ശിക്ഷകളും കുറ്റങ്ങളും എന്ന അദ്ധ്യായത്തിൽ ഉള്ളതാണ്. ആരെങ്കിലും, ചട്ടങ്ങൾക്ക് വിപരീതമായി നിഗമനങ്ങൾ നടത്തി അതിന്റെ പ്രയോജനം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിയാൽ അതാരാണെന്ന് കണ്ടുപിടിക്കാൻ കഴിയില്ലെങ്കിൽ എല്ലാവർക്കും കൂടി ശിക്ഷ കൊടുക്കുമെന്ന കൂട്ടപ്പിഴ ശിക്ഷ ഒരുവിധത്തിലും അനുവദിക്കാൻ പാടില്ല. കൂട്ടപ്പിഴ ഏർപ്പെടുത്തുന്ന സംവിധാനം വളരെ അടിയന്തിര പരിത സ്ഥിതികം നിലവിലിരിക്കുന്ന കാലങ്ങളിൽ മാത്രമേ ഉണ്ടായിട്ടുള്ളൂ. അതിനെ അനുകൂലിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് കൂട്ടപ്പിഴയ്ക്കുള്ള വ്യവസ്ഥ ഒഴിവാക്കണം. അത് അത്രമാത്രം ഒരു കാടൻ നിയമമാണ്. അങ്ങനെയുള്ള ഒരു നിയമം ഇതുപോലെ ഒരു നിയമത്തിനകത്ത് ഉൾക്കൊള്ളിക്കുന്നത് അനുചിതമാണ്.

അതുപോലെതന്നെ ഈ നിയമത്തിനകത്ത് മറെറാരു വ്യവസ്ഥയുണ്ട്. പിൽക്കാല പ്രാബല്യത്തോടെ ചട്ടങ്ങൾ രൂപീകരിക്കാമെന്നതാണ് അത്. അത് അന്യായമാണ്. ഈ നിയമത്തിന് തന്നെ പിൽക്കാല പ്രാബല്യമുണ്ട്. ഇത് പിൽക്കാല പ്രാബല്യത്തോടെ നിലവിൽ വരുന്ന നിയമമാണ്. അതിനകത്ത് പിൽക്കാല പ്രാബല്യത്തോടെ ചട്ടങ്ങൾ രൂപീകരിക്കാമെന്നൊരു വ്യവസ്ഥ കൂടി എഴുതിവച്ചാൽ ഈ നിയമത്തിന്റെ പിൽക്കാല പ്രാബല്യത്തിന് പുറകോട്ടു പോകുന്ന പ്രവണത വന്നെത്തുമെന്നുള്ളതുകൊണ്ട് ആ വ്യവസ്ഥ എടുത്തുമാറ്റണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

[ശ്രീ. എം. എം. ഹസ്സൻ: സർ, സമഗ്രമായ കാർഷിക വികസനം ലക്ഷ്യമാക്കി കൊണ്ടുവന്നിട്ടുള്ള ഒരു ജലസേചന പദ്ധതിയാണ് കമാൻഡ് ഏരിയാ ഡവലപ്മെൻറ് പദ്ധതി. അതിന് നിയമസാധുത നൽകുന്നതിനു വേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ സമഗ്രമായ നിയമം ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും സ്വാഗതം ചെയ്തിട്ടുള്ള ഒരു നിയമമാണ്. അതുകൊണ്ടുതന്നെ ഈ നിയമത്തിനുള്ള പ്രാധാന്യവും ആവശ്യകതയും വളരെയേറെ പ്രസക്തമാണ്. കുറെയൊക്കെ കാടുകയറാവും രാഷ്ട്രീയ പരാമർശങ്ങളുമെല്ലാം ഉണ്ടായെങ്കിലും ഈ 'കാഡാ'യുടെ നിയമ പരിധിയിൽ നിന്നുകൊണ്ട് കേരളത്തിന്റെ കാർഷികവും കാർഷികേതരവുമായ പുരോഗതിയെക്കുറിച്ച് ചിന്തിക്കുവാൻ കിട്ടിയ അവസരം ഈ സഭയുടെ ചർച്ചകളിൽ സുപ്രധാനമായ ഒരവസരമായി ഞാൻ കാണുകയാണ്. കൃഷിയുടെ വികസനത്തിനും പുരോഗതിക്കും നമ്മുടെ സംസ്ഥാന ഗവൺമെൻറ് നൽകേണ്ട പ്രാധാന്യം എത്ര വലുതാണെന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും വികസിപ്പിക്കാനും നമ്മുടെ ഗവൺമെൻറ് നൽകുന്ന ഊന്നലാണ് ഈ നിയമത്തെ ചുറ്റിപ്പറ്റി ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതെന്ന് മനസ്സിലാകും. ഇവിടെ കമാൻഡ് ഏരിയാ ഡവലപ്മെൻറ് അതോറിറ്റിയുടെ കീഴിൽ പത്തു ജലസേചന പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഏതാണ്ട് മൂന്നു ലക്ഷം ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം നൽകാൻ ഉപയുക്തമായ ഒരു പദ്ധതിയായിട്ടാണ് ഇതിന് രൂപം കൊടുത്തിട്ടുള്ളത്. ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും സംസാരിച്ചപ്പോൾ, ഇപ്പോൾ പണി നടന്നു കൊണ്ടിരിക്കുന്നതും പണി പൂർത്തിയായതുമായ നിരവധി പദ്ധതികളുടെ നേരെ വിരൽ ചൂണ്ടുകയുണ്ടായി. ഏതാണ്ട് ഏഴു ലക്ഷം ഹെക്ടർ ഭൂപ്രദേശത്ത് ഇന്ന് നിലവിലുള്ള പണി തീരാനുള്ള ജലസേചന പദ്ധതികളുടെ പണി പൂർത്തിയായിക്കഴിഞ്ഞാൽ ജലസേചനസൗകര്യം നൽകാൻ കഴിയും. നമ്മെ ആലോചിക്കേണ്ടത്. ജലസേചന പദ്ധതികൾക്ക് ഇങ്ങനെ കാലവിളംബം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്നതുകൊണ്ട് നമ്മുടെ കാർഷിക പുരോഗതിയെ എത്രമാത്രം പ്രതികൂലമായി, ബാധിക്കുമെന്നുള്ളതിനെക്കുറിച്ചാണ്. ഏതാണ്ട് പതിനെട്ട് ലക്ഷം ഹെക്ടർ ഭൂപ്രദേശത്ത് ജലസേചന സൗകര്യം നൽകാനുള്ള സാദ്ധ്യതകളും നമ്മുടെ സംസ്ഥാനത്തുണ്ട്. നമുക്ക് ഇന്നുള്ള പദ്ധതികളും പൂർത്തിയാക്കി പുതിയ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കുകയും നമ്മുടെ കയ്യിലുള്ളത് ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യണം. എന്നാൽ പതിനെട്ടുലക്ഷം ഹെക്ടർ ഭൂപ്രദേശത്ത് ജലസേചനം നൽകാൻ സാധിക്കും. പക്ഷേ ഈ ജലസേചന സൗകര്യങ്ങളും മെച്ചപ്പെടുത്താൻ സാധിക്കാത്തതുമൂലം ഇന്ന് കാർഷികരംഗത്ത് ഉണ്ടായിട്ടുള്ള തകർച്ചയെ ഒരു ചെറിയ പ്രശ്നമായിട്ടല്ല നാം കാണേണ്ടത്. ഇവിടെ ശ്രീ. എ. സി. ജോസ് സംസാരിച്ചപ്പോഴും വളരെ പ്രധാനമായ കാര്യങ്ങളിലേക്ക് വിരൽ ചൂണ്ടുകയുണ്ടായി. ഈ ഗവൺമെൻറിനു ഇറിഗേഷൻ പോളിസി ഉണ്ടാകണമെന്നും ആ ഇറിഗേഷൻ പോളിസിയിലൂടെ സമയബന്ധിതമായി ജലസേചന പദ്ധതികളും പൂർത്തിയാക്കി കൃഷിക്കാർക്ക് പ്രയോജനം ഉണ്ടാകാൻ ഉതകുന്ന സമീപനം ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ഈ സഭയിലെ ഉത്തരവാദപ്പെട്ട മെമ്പർമാർ ആലോചിക്കേണ്ടത്, ഗവൺമെൻറിൻെറ പോലീസ് നയത്തെക്കുറിച്ചോ മറ്റു രംഗങ്ങളിൽ ഉണ്ടാക്കുന്ന സമീപനത്തിനു ആസ്പദമായ നയങ്ങളെക്കുറിച്ചോ വാതോരാതെ സംസാരിക്കുന്ന നാം, അങ്ങോട്ടും ഇങ്ങോട്ടും ഗവൺമെൻറിൻെറ അഗ്രിക്കൾച്ചർ പോളിസിക്കുവേണ്ടിയും ഒരു ശക്തമായ വാദപ്രതിവാദത്തിന് ഇതുവരെ തയ്യാറായിട്ടുണ്ടോ എന്നാണ്. ഈ സമഗ്രമായ നിയമത്തിൽ ഊന്നിനിന്നുകൊണ്ട് ചില കാര്യങ്ങളും നാം ഉറക്കെ ചിന്തിക്കണം. ഇറിഗേഷൻ പോളിസി നമ്മുടെ ഗവൺമെൻറിന് എത്രമാത്രം ആവശ്യമാണെന്നും അതിൻെറ ഫലമായിട്ട് നമ്മുടെ കൃഷിക്ക് എന്തുമാത്രം പ്രയോജനം ഉണ്ടാക്കാമെന്നും ഈ നിയമത്തിൽ ഊന്നിനിന്നുകൊണ്ട് ആലോചിക്കേണ്ടതാണ്.

സർ, 1984-85-ലെ ഇക്കോണമിക് റിവ്യൂ നോക്കിയാൽ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ള കാർഷിക പുരോഗതിയുടെ ചിത്രം വരച്ചുവച്ചിരിക്കുന്നതു കാണാം. ജലസേചനം എന്നു പറയുന്നത് കാർഷിക പുരോഗതിക്ക് എത്രമാത്രം പ്രാധാന്യം—അത് നെൽക്കൃഷിയായാലും കരക്കൃഷിയായാലും നാണ്യവിളകളുടെ കാര്യത്തിലായാലും—നമ്മുടെ സമ്പദ്ഘടനയുടെ അടിത്തറ മാറാൻ കഴിയുന്ന കാർഷിക പുരോഗതിക്കുവേണ്ടി വഹിക്കുന്ന പ്രാധാന്യം നമുക്കറിയാം. ഭക്ഷ്യരംഗത്ത് നമുക്ക് സ്വയംപര്യാപ്തത ഉണ്ടാവുകയില്ലെങ്കിൽ നെൽക്കൃഷിക്ക് പ്രാധാന്യം നൽകണമോ എന്ന ഒരു ചോദ്യം ഇതിനുണ്ട്. ശ്രീ. കെ. പങ്കജാക്ഷൻ പറഞ്ഞതാണ് ഇതിൽ പ്രസക്തമായ കാര്യം. ഭക്ഷ്യരംഗത്ത് പരമാവധി ഉൽപ്പാദനം ഉണ്ടാക്കാൻ കഴിയണം. കേന്ദ്രത്തിൽനിന്നോ അല്ലെങ്കിൽ അന്യ സംസ്ഥാനങ്ങളിൽനിന്നോ അരി കൊണ്ടുവന്ന് സെൻട്രൽ പൂളിൽനിന്ന് നാം വാങ്ങി ഓരോ മാസവും ന്യായവില ഷോപ്പുകളിലൂടെ വിതരണം ചെയ്യുന്നു. മുഖ്യ ഭക്ഷ്യാഹാരമായ അരി ഉൽപ്പാദിപ്പിക്കുന്നതിൽ 1984-85-ൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. അത് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽനിന്ന് മാറ്റാൻ ആഗ്രഹിക്കുന്നില്ല. 7,30,379 ഹെക്ടർ ഭൂപ്രദേശത്ത് 1984-85-ൽ നെൽക്കൃഷി ഉണ്ടായിരുന്നു. അത് മുൻവർഷത്തേക്കാൾ കുറവായിരുന്നു. ഓരോ വർഷം കഴിയുന്തോറും നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ പരിധി പല കാരണങ്ങൾകൊണ്ടും കുറഞ്ഞു വരികയാണ്. 1984-85-ൽ 12.56 ലക്ഷം ടൺ അരി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞു. അത് 1983-84-ൽ 12.8 ലക്ഷം ആയിരുന്നു. എന്തുകൊണ്ടാണ് ഇതിൽ ഗണ്യമായ പുരോഗതി ഉണ്ടായത്? ജലസേചന സൗകര്യം കൊണ്ടാണെന്ന് അഭിമാനിക്കാനും അവകാശപ്പെടാനും ഇതിൽ കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി : 1962-ലെ നെല്ല് ഉൽപ്പാദനത്തിന്റെ കണക്ക് ഇതുതന്നെയാണ്. അതായത് 12.1 ലക്ഷമാണ്.

ശ്രീ. എം. എം. ഹസ്സൻ : സർ, 1962-ൽ ഉണ്ടായിരുന്നതിനേക്കാൾ ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞു. ഓരോ വർഷവും അത് കുറഞ്ഞുകുറഞ്ഞു വരുകയാണ്. അവിടെയാണ് പുരോഗതി കണക്കാക്കിയിട്ടുള്ളത്.

1 p.m. 1962-ൽ ഉണ്ടായിരുന്നതിനേക്കാൾ കുറയുകയും ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്തു. കാരണം ഈ ഭൂമിയുടെ പരിധി കുറഞ്ഞതുകൊണ്ട് ഉൽപ്പാദനം വർദ്ധിച്ചത് അനുകൂലമായ കാലാവസ്ഥയും, ഹൈ ഈൽഡ് വെറൈറ്റീസ് വിത്ത് ഉപയോഗിച്ചതുകൊണ്ടുമാണ്. അവിടെയാണ് യഥാർത്ഥത്തിൽ പ്രയോജനമുണ്ടായിട്ടുള്ളത്. അതുകൊണ്ട് ജലസേചനം കൊണ്ടാണ് ഈ മാറ്റം ഉണ്ടായത് എന്നു പറയാനും അവകാശപ്പെടാനും നമുക്ക് സാധിക്കുകയില്ല. ഞാൻ പറഞ്ഞുവരുന്നത് നെൽക്കൃഷിക്കു ആയാലും മറ്റു കരക്കൃഷിക്ക് ആയാലും ജലസേചനം എത്രമാത്രം പ്രയോജനപ്പെടുമെന്നുള്ളതു കണ്ടുകൊണ്ട് ഇന്ന് നിലവിലുള്ള പദ്ധതികളെ നമ്മൾ പൂർത്തിയാക്കുന്നതോടൊപ്പം 'കാഡ്'യുടെ ഏറ്റവും പ്രയോജനം നാം കാണുന്നത് ആയക്കെട്ട് ഏരിയായുടെ വികസനംപോലെ നേരിട്ട് ചാനലിലൂടെ നമുക്ക് കൃഷി സ്ഥലത്ത് വെള്ളം എത്തിക്കാൻ സാധിക്കും. നമുക്ക് ലഭ്യമായ ജലത്തിന്റെ പരമാവധി ഉപയോഗം അതാണ് ഇതിന്റെ ഒരു പ്രത്യേകതയായി ചൂണ്ടിക്കാണിച്ചത്. ആ ലഭ്യമായ ജലത്തിന്റെ പരമാവധി ഉപയോഗം നമുക്ക് ഉണ്ടാക്കുന്നതിന് 'കാഡ്'യെപ്പോലെ പദ്ധതിപ്രകാരവും മറ്റ് സ്കീമുകൾ പ്രകാരവും നമ്മൾക്ക് നേരിട്ട് കൃഷിസ്ഥലത്ത് വെള്ളം എത്തിക്കാൻ സാധിച്ചാൽ 7 ലക്ഷം ഹെക്ടർ എന്നുള്ളത് ഫലത്തിൽ 10 ലക്ഷം ഹെക്ടർ ഭൂമിയിലേക്ക് ജലസേചനസൗകര്യം എത്തിക്കാൻ നമുക്ക് സാധിക്കും. ഇപ്പോൾ 10 പദ്ധതികൾ ആണ് കാഡയുടെ കീഴിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത് വികസിപ്പിച്ചുകൊണ്ട്, ഇതിനെ ശക്തിപ്പെടുത്തിക്കൊണ്ട് 7 ലക്ഷം ഹെക്ടർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത് 10 ലക്ഷം ഹെക്ടറിലേക്ക് നമുക്ക് ജലസേചനം എത്തിക്കാൻ സാധിക്കുമെങ്കിൽ അത് വലിയ ഒരു നേട്ടമാണ്.

ഈ നിയമത്തിൽ നിയമം നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും അങ്ങോട്ടും ഇങ്ങോട്ടും മാറ്റങ്ങൾ വരുത്താമെങ്കിലും കാർഷിക പുരോഗതിക്കുള്ള സമഗ്രമായ പദ്ധതിയുണ്ട്. വെള്ളം കൊണ്ടുപോകുന്ന പ്രദേശങ്ങളിൽ റോഡ് നിർമ്മിക്കാൻ, ഗതാഗത സൗകര്യങ്ങളുണ്ടാക്കാൻ, കൃഷിക്കാരന് വായ്പ കൊടുക്കാൻ, അവർക്ക് വിപണന സൗകര്യങ്ങളുണ്ടാക്കാൻ, മാർക്കറ്റ് വിപുലപ്പെടുത്താൻ, അതുപോലെ ഭൂഗർഭ ജലം പ്രയോജനപ്പെടുത്താൻ—ഇതിനെല്ലാം വളരെ സമഗ്രമായ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ജലസേചന സൗകര്യങ്ങൾ വളരെ പ്രധാനമായി നാം കൈകാര്യം ചെയ്യേണ്ടതും നടപ്പിലാക്കേണ്ടതുമായ കാര്യമാണ്.

ഇന്ന് ഈ ക്ഷേത്ര സ്വയംപര്യാപ്തതയെക്കുറിച്ച് പറയുമ്പോൾ പാശ്ചാത്യ രാജ്യങ്ങളെ അപേക്ഷിച്ച് ഉഷ്ണമേഖലാ രാജ്യങ്ങളിലാണ് കൃഷിക്ക് കൂടുതൽ അനുയോജ്യമായ കാലാവസ്ഥയുള്ളത്. വെള്ളമായാലും സൂര്യപ്രകാശമായാലും ആ അനുകൂല പരിതഃസ്ഥിതി ബുദ്ധിപൂർവ്വം പ്രയോജനപ്പെടുത്തിക്കൊണ്ട് നമ്മുടെ പട്ടിണി മാറ്റാൻ ഉതകുന്ന സംരംഭങ്ങൾ നാം നടത്തിയില്ലെങ്കിൽ തലമുറകളോട് നമുക്ക് മറുപടി പറയേണ്ടി വരും. ഇന്ന് ഇപ്പോൾ കൃഷി വികസനത്തിന് എന്താണ് ചെയ്യാൻ പറ്റുന്നത് ? നിലവിലുള്ള ഭൂമിയുടെ പരിധി വർദ്ധിപ്പിക്കാൻ സാദ്ധ്യമല്ല. കൂടുതൽ ഭൂമി കൃഷിയോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

മാക്കിക്കൊണ്ട്, ഉൽപ്പാദന വർദ്ധനവ് അസാധ്യമായിരിക്കുന്ന സാഹചര്യത്തിൽ ഒരേ സ്ഥലത്തുനിന്നുതന്നെ ഒന്നിലധികം വിളകളും ഉൽപ്പാദിപ്പിക്കുക. ഓരോ വർഷവും ഒന്നിലധികം വിളകളും നമുക്ക് ഉണ്ടാക്കിയെടുക്കാൻ കഴിയണം. ഈ കടുംകൃഷി പദ്ധതിക്ക് അത്യുൽപ്പാദനശേഷിയുള്ള വിത്തുകളോ, രാസവളത്തിന്റെ ശാസ്ത്രീയ പ്രയോഗമോ, ജലസേചന സൗകര്യങ്ങളും വർദ്ധിപ്പിക്കുകയോ ആണ് നമുക്ക് ആവശ്യമായിട്ടുള്ളത്. ജലസേചനം വർദ്ധിപ്പിക്കുന്നതിനോടൊപ്പംതന്നെ പല മെമ്പർമാരും ഇവിടെ ചൂണ്ടിക്കാണിച്ചപോലെ വെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിന് പദ്ധതികളും വേണം. ഇൻഡ്യയുടെ ആകെ ജലസമ്പത്തിൽ 5 ശതമാനം കേരളത്തിന്റേതാണ്. ഇതിൽത്തന്നെ നമ്മുടെ ഭൂമിയിൽ പടിഞ്ഞാറോട്ടൊഴുകുന്ന നദികളെപ്പറ്റി ഇവിടെ പല മെമ്പർമാരും പറഞ്ഞു. കോടിക്കണക്കിന് ഘനമീറ്റർ വെള്ളം പ്രതിവർഷം കടലിലേയ്ക്ക് ഒഴുകിപ്പോവുകയാണ്. അതുപോലെ ഭൂഗർഭ സമ്പത്ത് പ്രയോജനപ്പെടുത്താൻ പറ്റുന്നില്ല. മഴവെള്ളത്തിന്റെ 90 ശതമാനവും കൃഷിക്ക് ഉപയുക്തമാകാതെ പോവുകയാണ്. ഇതെല്ലാം പ്രയോജനപ്പെടുത്തണം. വാട്ടർ മാനേജ്മെന്റിനെക്കുറിച്ച് ഇവിടെ പറഞ്ഞു. കൃഷിക്കാരെ അത് പഠിപ്പിക്കാൻ നമുക്ക് കഴിയണമെങ്കിൽ അത് ഉൾക്കൊള്ളാൻ സാധിക്കണം. ആവശ്യത്തിന് വെള്ളം കൊടുക്കണം. ശാസ്ത്രീയമായി കൃഷി ചെയ്യുന്ന ആളുകളും പറയുന്നത് എന്താണ്? ഞാറു പറിച്ചു നടുമ്പോൾ പാടത്ത് വാസ്തവത്തിൽ 1.5 സെന്റീമീറ്റർ വെള്ളം മാത്രം മതിയെന്നാണ് അനുഭവസമ്പന്നരായ കൃഷിക്കാർ പറയുന്നത്. പിന്നീട് ചിനപ്പു പൊട്ടുന്ന പ്രായമാകുമ്പോൾ 5 സെന്റീമീറ്റർ എന്ന തോതിൽ വെള്ളം നിറുത്താമെന്നാണ്. കൊയ്ത്തിന് പത്തുദിവസം മുമ്പുവരെ മാത്രം അത് നിറുത്തിയാൽമതി. ഇങ്ങനെയൊക്കെ ശാസ്ത്രീയമായി കൃഷിചെയ്യുന്ന ആളുകളും വെള്ളത്തിന്റെ ഉപയോഗത്തെക്കുറിച്ച് വ്യക്തമായ കണക്കുകളും ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വാട്ടർ മാനേജ്മെന്റ് ഉണ്ടാക്കാൻ നമുക്ക് കഴിയണം. അത് ഉണ്ടാക്കാൻ കഴിഞ്ഞാൽ വെള്ളത്തിന്റെ ദുരുപയോഗം തടയാൻ കഴിയും. അങ്ങനെ തടഞ്ഞാൽ മാത്രമേ ഇന്നത്തെ ജലസേചന സൗകര്യങ്ങളും, കിട്ടുന്ന വെള്ളം കെട്ടിനിറുത്തി നമുക്ക് അതിന്റെ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കൂ. ഇവിടെ പല മെമ്പർമാരും പല നിർദ്ദേശങ്ങളും പറഞ്ഞു. അതിലേയ്ക്ക് ഞാൻ വിശദമായി കടക്കുന്നില്ല. പക്ഷേ ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. ഇവിടെ ഇലക്ട്രിസിറ്റിയെക്കുറിച്ച് പറഞ്ഞു. ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. പ്രതിപക്ഷ മെമ്പർമാർ പ്രസക്തമായ കാര്യങ്ങളും പറയുന്നതിനോട് തീർച്ചയായും. രാജ്യത്തിന്റെ പൊതുതാൽപ്പര്യങ്ങളും വച്ച് യോജിക്കേണ്ടതാണ്. കൃഷിക്കാരുടെ പങ്കാളിത്തം, അത് എല്ലാ തലത്തിലും വേണം. 10 കൃഷിക്കാരുടെ പ്രതിനിധികളും എന്നു പറഞ്ഞല്ലോ. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ അവരെ ബാലറ്റ് പെട്ടിയിലൂടെ തെരഞ്ഞെടുക്കണമോ, രാഷ്ട്രീയ പാർട്ടി നിയോഗിക്കണമോ എന്നുള്ള കാര്യത്തിൽ എല്ലാക്കാലത്തും എങ്ങനെയാണോ ഇതുപോലുള്ള കാര്യങ്ങൾക്കൊക്കെ മെമ്പർമാരെ തെരഞ്ഞെടുത്തത് അതുപോലെ തെരഞ്ഞെടുത്താൽ മതി. പക്ഷേ ഇതിന്റെ പദ്ധതികളിലും ആ പദ്ധതി ഇംപ്ലിമെന്റ് ചെയ്യുന്നതിലും അതിന്റെ തർക്കങ്ങളും കേൾക്കുന്നതിലും അവസാന നിമിഷം നടപടികളും ആസൂത്രണം ചെയ്യുന്നതിലുമെല്ലാം ഓരോ സെക്ഷൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അവിടെയെല്ലാം കർഷക പങ്കാളിത്തം വർദ്ധിച്ച തോതിൽ വരണം. ഞാൻ മനസ്സിലാക്കുന്നത് ഈ വെള്ളം കൊണ്ടുപോകുന്ന ചാനലുകളെ സംബന്ധിച്ചെല്ലാം കർഷക സമിതി തീരുമാനമെടുക്കണമെന്നാണ്. ഈ സ്കീമിന്റെ പ്രിപ്പറേഷൻതൊട്ട് കൃഷിക്കാർക്ക് വ്യാപകമായിട്ട് പങ്കാളിത്തം ഉണ്ടാകണം. ഈ കൃഷിക്കാർക്കു വേണ്ടിയുള്ളതാണ്. കൃഷിക്കാരുടെ പ്രയോജനത്തിനുവേണ്ടിയുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് നടപ്പിലാക്കുന്ന അവസരത്തിൽ എപ്പോഴും ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റമെന്ന് പറയുന്നതുപോലെ ശ്രീ. കെ. എം. മാണി ഇത് കൊണ്ടുവന്നു. നേരത്തെ ശ്രീ. എം. പി. ഗംഗാധരനാണ് ഈ ബില്ലിനു രൂപം കൊടുത്തത്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, എനിക്ക് അതിനോട് പ്രതിഷേധമുണ്ട്. എന്നോട് ഇഷ്ടമില്ലെന്ന് എങ്ങനെയാണ് പറഞ്ഞത് ?

ശ്രീ. എം. എം. ഹസ്സൻ : സർ, ശ്രീ. കെ. എം. മാണി ധനകാര്യ മന്ത്രിയായിരുന്നപ്പോഴാ ഫിനാൻസ് ബില്ല് കൊണ്ടുവന്നത്, ഇപ്പോഴും ഈ ബില്ലു കൊണ്ടുവന്നു. ഇതിനകത്ത് പി. ഡബ്ളിയു. ഡി. വരും, ഇലക്ട്രിസിറ്റി വരും, കോ-ഓപ്പറേഷൻ വരും, അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് വരും. ഒരു കാര്യം ഞാൻ പറയാം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഞങ്ങളല്ല ശ്രീ. കെ. എം. മാണിയെ ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെന്നു പറഞ്ഞത്. ഇവിടത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. കരുണാകരൻ ആണ് പറഞ്ഞത്.

ശ്രീ. എം. എം. ഹസ്സൻ : സർ, എനിക്ക് പറയാനുള്ളത് കേരളത്തിന്റെ സമ്പദ്ഘടനയുടെ വികസനത്തിന് ഒരു ശാസ്ത്രീയ സമീപനം ഭരണതലത്തിൽ സ്വീകരിക്കണമെന്നാണ്. ഐക്യമുന്നണി ഭരണം കൊണ്ട് ഓരോ വകുപ്പും ഓരോ പാർട്ടിയുടെ മന്ത്രിമാർക്ക് കിട്ടിപ്പോയി എങ്കിലും ഈ കൃഷിയുടെ അഗ്രിക്കൾച്ചർ ആൻറ് കോ-ഓപ്പറേഷൻ, ഇറിഗേഷൻ ഈ മൂന്നു വകുപ്പുകളും ഒരുമിച്ച് പ്രവർത്തിക്കേണ്ടതാണ്. കേരളത്തിലെ ഐക്യമുന്നണി ഭരണത്തിന്റെ പ്രത്യേകതകൊണ്ട് ഇത് പലരുടേയും കൈകളിൽ ആയിപ്പോയി. അശാസ്ത്രീയമായ രീതിയിൽ ആണ് വകുപ്പുകൾ ഓരോരുത്തരുടെ കൈകളിൽ എത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഞാൻ പറയുന്നത് അങ്ങനെയുള്ള ഒരു സംവിധാനത്തിൽ ഈ കമാൻഡ് ഏരിയാ ഡെവലപ്പ്മെൻറ് അതോറിറ്റി ഒരു അനുഗ്രഹമാണ്. കൃഷിക്കാരന് പ്രയോജനമുണ്ടാകണമെങ്കിൽ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെൻറിന്റെ സഹായം മാത്രം പോരാ. ഇറിഗേഷന്റെ സഹായം വേണം, കോ-ഓപ്പറേഷന്റെ സഹായം വേണം, ഇലക്ട്രിസിറ്റിയുടെ സഹായം വേണം, പി. ഡബ്ലിയു. ഡിയുടെ സഹായവും ആവശ്യമുണ്ട്. ഇതെല്ലാംകൂടി സംയോജിപ്പിച്ചുകൊണ്ട് ഓരോ വകുപ്പിനേയും നിയന്ത്രണത്തിൽ നിന്നുകൊണ്ട് ഇങ്ങനെ ഒരു സമഗ്ര കാർഷിക വികസന പദ്ധതി നടപ്പിലാക്കുന്നത് തീർച്ചയായിട്ടും പ്രയോജനപ്രദമായിട്ടുള്ള കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ബഹുമാനപ്പെട്ട ശ്രീ. ഹസ്സൻ, അങ്ങ് ഈ കമാൻഡ് ഏരിയാ ഡെവലപ്പ്മെൻറിനെക്കുറിച്ചാണല്ലോ പറയുന്നത്. രാഷ്ട്രീയ രംഗത്ത് ചില കമാൻഡ് ഏരിയാ ഡെവലപ്പ്മെൻറ് മാർക്സിസ്റ്റ് പാർട്ടിയിൽ നടപ്പിലാക്കുന്നുണ്ട്. നിരാശരായ കുറേ ആളുകളെ പിടിച്ച് സ്ഥാനാർത്ഥികളാക്കി നിർത്തി, സ്വതന്ത്രരാക്കി നിറുത്തി, മാർക്സിസ്റ്റ് പാർട്ടിയുടെ കമാൻഡ് ഏരിയാ ഡെവലപ്പ് ചെയ്യുന്നതിനെക്കുറിച്ച് വല്ലതും പറയാനുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ : സർ, ഞാൻ രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് കടക്കുകയല്ല, അദ്ദേഹം ചോദിച്ചതുകൊണ്ട് ഒരുവാക്ക് പറഞ്ഞവസാനിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കമാൻറ് ഏരിയാ ചുരുങ്ങിപ്പോകുന്നു എന്ന് ഒരു സംശയം വന്നപ്പോൾ പുതിയ ചില പദ്ധതികളൊക്കെയെടുത്തു. ശ്രീ നമ്പൂതിരിപ്പാട് വന്നുപറഞ്ഞു ഇവിടെ അടുത്തുവരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ഞങ്ങൾ മാർക്സിസ്റ്റുകാർ ബുദ്ധിജീവികളും സ്വതന്ത്രൻമാരുമായിട്ടുള്ള ആളുകളെ നിറുത്തുമെന്ന്. കാരണം എന്താണെന്നറിയാമോ? അവിടെ നില്ക്കുന്ന പല ആളുകൾക്കും സീറ്റ് കൊടുക്കാൻ ബുദ്ധിമുട്ടാണ്. നമ്മുടെ മുഖ്യമന്ത്രി ഗുരുവായൂരിൽ പോകുന്നതിനെക്കുറിച്ച് ആക്ഷേപം പറയുന്ന ആളുകൾ ജനാധിപത്യ മഹിളാ അസോസിയേഷൻറെ സമ്മേളനത്തിന് മഴ പെയ്യാതിരിക്കാൻവേണ്ടി 101 തേങ്ങ ഗണപതി കോവിലിൽ കൊണ്ടുപോയി അടിച്ചു സർ. സഖാവ് കാട്ടായിക്കോണം ശ്രീധർ പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്ന് പായസവും കഴിപ്പിച്ചു. ഇതാണ് 'മാർക്സിസവും ഗണപതിയും'. ഇപ്പോഴെന്താണെന്നു വച്ചാൽ കമാൻഡ് ഏരിയാ വികസിപ്പിക്കാൻവേണ്ടി വിഘ്നേശ്വരൻറെ സഹായവും പത്മനാഭസ്വാമിയുടെ സഹായവും സ്വതന്ത്രൻമാരുടെ സഹായവും ബുദ്ധിജീവികളുടെ സഹായവുമെല്ലാംകൂടി സ്വീകരിക്കുകയാണ്. എന്താണെന്നറിയാമോ അവരുടെ കമാൻഡ് ഏരിയായിൽനിന്ന് വാസുദേവമേനോനും ചക്രപാണിയും മുസ്സാൻകുട്ടിയും വിട്ടിട്ടും എം. വി. രാഘവനെ മാത്രം കമാൻഡ് എരിയായിൽനിന്ന് വിടുകയും മറ്റവരെ കൂച്ച് വിലങ്ങിട്ട് കമാൻഡ് ഏരിയായിൽത്തന്നെ നിർത്തിയിരിക്കുകയുമാണ്. ഏതായാലും മാർക്സിസ്റ്റ് പാർട്ടിയുടെ കമാൻഡ് ഏരിയ വികസിക്കുകയോ വികസിക്കാതിരിക്കുകയോ അച്ചുതാനന്ദൻ എന്ന സുപ്രീം കമാൻഡർ അതെല്ലാം അദ്ദേഹത്തിൻറെ പിടിയിൽ ഒതുക്കിനിർത്തുകയോ നിർത്താതിരിക്കുകയോ ചെയ്യട്ടെ. നമുക്ക് ഇവിടെ കാർഷിക വികസനം വളരെ അത്യാവശ്യമായ ഒരു കാര്യമാണ്. അതിന് കമാൻഡ് ഏരിയാ ഡവലപ്മെൻറ് അതോറിറ്റി നിയമം ഉടനടി പാസ്സാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ഇതിൻറെ സമീപനത്തിൽ ചില തകരാറുകൾ സംഭവിച്ചിട്ടുണ്ട്. നിയമം ആവശ്യമാണ്. ഇതിൻറെ സമീപനത്തിൽ വന്നിട്ടുള്ള തകരാറുകൾ ചുരുക്കമായി ഞാൻ ചൂണ്ടിക്കാണിക്കാം. ഒന്നാമത് ഈ നിയമം 1974 ഏപ്രിൽ മാസം ഒന്നാം തീയതി നടപ്പിൽ വരേണ്ടതായിരുന്നു. അത് ഇപ്പോൾ ഓർഡിനൻസാക്കി. ആറ് ഓർഡിനൻസ് കഴിഞ്ഞ് ഇപ്പോൾ തെരഞ്ഞെടുപ്പു വരുന്നതുകൊണ്ട് ഗത്യന്തരമില്ലാതെയാണ് ഇത് പാസാക്കാൻ ഗവൺമെൻറ് നിർബന്ധിതമായത്. മാത്രവുമല്ല, കൂട്ടത്തിൽ കേന്ദ്രഗവൺമെൻറിനേറെയും പ്രധാനമന്ത്രിയുടേയും ഓർഡിനൻസ് ഭരണത്തിനെതിരായ ശക്തമായ ഒരു നിലപാട് വന്ന സാഹചര്യത്തിൽ മറ്റു പോംവഴികളെല്ലാം അടഞ്ഞു പോയതുകൊണ്ടും തെരഞ്ഞെടുപ്പിന് ജനങ്ങളെ അഭിമുഖീകരിക്കേണ്ട സാഹചര്യമുള്ളതുകൊണ്ടുമാണ് ഇപ്പോഴെങ്കിലും പന്ത്രണ്ടു വർഷങ്ങൾക്കുശേഷം ഗവൺമെൻറ് ഒരു ബില്ലുമായി സഭയിൽ എത്തിയിരിക്കുന്നത്. അങ്ങനെ എത്തിയിരിക്കുന്ന ഈ ബില്ലിൻറെ സമീപനത്തിൽ മൗലികമായ മാറ്റം ആവശ്യമാണ്. അയൽ സംസ്ഥാനങ്ങളായ കർണ്ണാടകത്തിലും ആന്ധ്രാപ്രദേശിലും ഈ നിയമം നിലവിലുണ്ട്. അവിടെ പാസ്സാക്കി നടപ്പിൽ വന്നു കഴിഞ്ഞു. ആ നിയമത്തിലെ പല വ്യവസ്ഥകളുടേയും ചുവടു പിടിച്ചാണ് കേരളത്തിൽ ഈ നിയമം തയ്യാറാക്കിയിട്ടുള്ളത്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ള ഒരു കാര്യം ഡവലപ്മെൻറ് അതോറിറ്റിയുടെ ഘടനയാണ്. ഒന്നാമത് സി. എ. ഡി. എ. എന്നു പറയുന്ന ഡവലപ്മെൻറ് അതോറിറ്റി രൂപീകരിക്കുന്നതിൽ തെറ്റായ ചില ധാരണകൾ ഉണ്ട്. ഇത് ഇറിഗേഷൻറെ ഭാഗമാണെന്നല്ല, ഇറിഗേഷൻ ഇതിൻറെ

LIBRARY ARCHIVES Kerala Legislative Assembly

ഒരംശം മാത്രമാണ്. ബില്ലു കൊണ്ട് ഉദ്ദേശിക്കുന്നത് ഇറിഗേഷനേ അല്ല. ഇറിഗേഷൻ അതിർത്തിയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമെന്നുള്ള നിലക്ക് ഒരർത്ഥം ഉണ്ടെന്നേല്ലാതെ ഇറിഗേഷൻ പദ്ധതിക്ക് ലഭ്യമായ വെള്ളം പരമാവധി വിനിയോഗിച്ച് അതിന്റെ അളവു ചുരുക്കി മിനിമമായിട്ട് കൂടുതൽ ഉല്പാദനം നടത്തുകയാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ അതിനുപരി ഈ ബില്ല് സമഗ്രമായ മറ്റു ചില കാര്യങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇറിഗേഷൻ അല്ല പ്രധാനം. അതിന് സമഗ്രമായ ചില കാര്യങ്ങൾകൂടി എനിക്ക് ചൂണ്ടിക്കാണിക്കാനുണ്ട്. ഒന്നാമതായി ഇത് പ്രവർത്തിക്കണമെങ്കിൽ നിശ്ചയമായിട്ടും അതിനാവശ്യമായ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഉണ്ടാകണം. നമ്മുടെ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആ പോരായ്മ സബ്ജക്ട് കമ്മിറ്റി പരിഹരിക്കണം. ഇവിടെ ചാപ്റ്റർ 7-ൽ ക്രെഡിറ്റ് ഫെസിലിറ്റീസ് എന്നു ചേർത്തിട്ടുണ്ട്. ആ ക്രെഡിറ്റ് ഫെസിലിറ്റീസ് വെറും ബോറോയിങ്ങിനു അല്ലെങ്കിൽ പണം കടം കൊടുക്കുന്നതിനു മാത്രമുള്ള ചില വ്യവസ്ഥകളാണ്. അതു പോരാ. എന്തു കൊണ്ടെന്നാൽ ഇതിനെ സംബന്ധിച്ച് സെൻട്രൽ അഗ്രിക്കൾച്ചറൽ മിനിസ്ട്രി തന്നെ ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതിൽ ചില വ്യവസ്ഥകൾ ഉണ്ട്. അതുകൂടി ശ്രദ്ധിക്കണം. അതിൽ പായുന്നത്

In sectors of area development programme it depends a very large extent on the ability of existing financial institutions to provide institutional finance to farmers.

കൃഷിക്കാർക്ക് ആവശ്യമായ ക്രെഡിറ്റ് കിട്ടുന്നതിനെ ആശ്രയിച്ചാണ് ഇതിന്റെ വിജയം. ആ വിജയം നടപ്പിൽ വരണമെങ്കിൽ ഏറ്റവും പരമപ്രധാനമായി ശ്രദ്ധിക്കേണ്ട ഒരു കാര്യം

The authority set up in each command may be structured as a Company under the Company Law.

ഒരു ബാങ്കിംഗ് ഫിനാൻസിങ്ങ് ഇൻസ്റ്റിറ്റ്യൂഷനായി പ്രവർത്തിക്കാനുള്ള ചെയർമാൻ, അതിന്റെ മാനേജിംഗ് ഡയറക്ടറും ഇതിന്റെ മെമ്പർമാർ ഡയറക്ടർമാരുമായി ബാങ്കിംഗ് കമ്പനി ലാ അനുസരിച്ച് ഒരു ബാങ്കിംഗ് ഇൻസ്റ്റിറ്റ്യൂഷനായി പ്രവർത്തിക്കാനുള്ള അധികാരം കൂടി ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണം. അതു ചെയ്യാതിരുന്നാൽ സെക്രട്ടേറിയറ്റിലെ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിച്ചതു കൊണ്ടോ സി. എ. ഡി.യിലെ ക്ലാർക്കുമാരുടേയും അസിസ്റ്റന്റുമാരുടേയും എണ്ണം വർദ്ധിപ്പിച്ചതുകൊണ്ടോ ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ സാധുതപ്രായമായി തീരുകയില്ല. അതു കൊണ്ടാണ് ഞാനിതു സൂചിപ്പിച്ചത്

രണ്ടാമത് ഇതിന്റെ പ്രധാന വിജയം ആശ്രയിച്ചിരിക്കുന്നതു Active participation of farmers (കൃഷിക്കാരുടെ പരിപൂർണ്ണമായ) സഹകരണം. കർണ്ണാടക നിയമത്തിൽ ചില വ്യവസ്ഥകളുണ്ട്. നമുക്ക് അത് സ്വീകാര്യമാണ്. കർണ്ണാടക നിയമത്തിൽ അവർ artisans എന്നു ചേർത്തിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ പട്ടിണിപ്പാവങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്നതാണ് ഈ ബിൽ. ചെറുകിട കൃഷിക്കാർ ഇന്നാരിന്നാരായിരിക്കണം. അല്ലാതെ കേവലം 10 ഫാർമേഴ്സിനെ നോമിനേറ്റ് ചെയ്യാനല്ല കർണ്ണാടക നിയമത്തിലെ വ്യവസ്ഥ. എന്നാൽ കേരള നിയമത്തിൽ കെ. എം. മാണി എഴുതിവച്ചിരിക്കുന്നത് കേവലം പത്തുപേരെ നോമിനേറ്റ് ചെയ്യാനാണ്. പക്ഷേ പാവപ്പെട്ട ആർട്ടിസാൻ, പൂവർ അഗ്രിക്കൾച്ചറൽ വർക്കേഴ്സിനെയെല്ലാം ഇതിനകത്ത് ഉൾപ്പെടുത്തണമെന്നാണ് കർണ്ണാടക നിയമത്തിൽ വ്യവസ്ഥ. നിങ്ങൾ എഴുതി

LIBRARY ARCHIVES Kerala Legislative Assembly

വച്ചിരിക്കുന്ന നിയമത്തിൽ കേവലം ഒരൊറ്റ വാക്കേ ഉള്ളൂ. ഫാർമേഴ്സ് എന്നുള്ള ഒരു വാക്കു മാത്രമാണ് നിങ്ങൾ ഉപയോഗിച്ചിട്ടുള്ളത്. പത്ത് ഫാർമേഴ്സിനെ സെലക്ട് ചെയ്യാനാണ്. ഒരു കാര്യം കൂടി എനിക്ക് പറയാനുള്ളത് ഇതിന്റെ ഘടനയെ സംബന്ധിച്ചാണ്. ഈ രാജ്യത്തുള്ള സകലരും ആകാമെങ്കിൽ എന്തുകൊണ്ട് അഞ്ച് നിയമസഭാ സാമാജികൻമാരെ ഇതിൽപ്പെടുത്തിക്കൂടാ? മഹാരാഷ്ട്ര നിയമത്തിൽ വ്യവസ്ഥ ഉണ്ട്. കേരള നിയമത്തിൽ അങ്ങനെയും കൂടി ഉൾപ്പെടുത്തി കുറ്റങ്ങളും പരമാവധി കുറച്ച് കൊണ്ടുവരാൻ സബ്ജക്റ്റ് കമ്മിറ്റി ശ്രദ്ധിക്കണമെന്നു പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ ബില്ലിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട സഭാംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റി പരിശോധിക്കുന്ന സമയത്ത് പരിശോധിക്കാവുന്നതും നമുക്ക് സ്വീകരിക്കാവുന്ന കാര്യങ്ങളൊക്കെയും സ്വീകരിച്ചുകൊണ്ട് ഈ ബിൽ കൂടുതൽ ഭംഗിയാക്കാൻ ശ്രമിക്കുകയും ചെയ്യാം. അങ്ങനെയുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാമെന്ന് ഞാൻ പ്രത്യേകിച്ച് സഭാംഗങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇറിഗേഷൻ രംഗത്തെ എല്ലാ പ്രശ്നങ്ങൾക്കും ഒരു പ്രതിവിധി അല്ല കമാൻഡ് ഏരിയാ ഡവലപ്പ്മെൻറ്. ഇത് കമാൻഡ് ഏരിയായുടേതു മാത്രമാണ്. അതിനെ സ്പർശിക്കുന്ന ഒരു ബിൽ മാത്രമാണ്. ഇവിടെ നടന്ന ചർച്ചകളെ സംബന്ധിച്ചിടത്തോളം നിർമ്മാണ രംഗത്തെ കാര്യങ്ങൾ, ഇറിഗേഷൻ അണക്കെട്ടുകൾ മറ്റു കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഇന്നു നമ്മുടെ ഇറിഗേഷൻ രംഗത്തെ സംബന്ധിച്ചിടത്തോളമുള്ളത് ഇറിഗേഷൻ കനാലുകൾ, കനാലുകളെത്തുടർന്നുള്ള ഡിസ്ട്രിബ്യൂട്ടറീസ് ഡിസ്ട്രിബ്യൂട്ടറീസ് കഴിഞ്ഞുള്ള ബ്രാഞ്ചുകൾ ഇവയൊക്കെയാണ്. ആ ബ്രാഞ്ചു കഴിഞ്ഞിട്ട് ഒരു പൈപ്പ് ഔട്ട്ലെറ്റ് കാണും. ആ പൈപ്പ് ഔട്ട്ലെറ്റിലൂടെ ഇപ്പോൾ വെള്ളം ഒഴുകിപ്പോകുകയാണ്. ആ വെള്ളം ഒഴുകിപ്പോകുന്നതിനെസംബന്ധിച്ചിടത്തോളം ശാസ്ത്രീയമായി ഫീൽഡ് ചാനലുകൾ ആവശ്യമില്ല. ഇതിനാകട്ടെ ഒരു പ്രധാനപ്പെട്ട സ്കീം എന്നു പറയുന്നത് ഒരു പൈപ്പ് ഔട്ട്ലെറ്റിനെത്തുടർന്നുവരുന്ന 40 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി എടുത്തുകൊണ്ട് ഓരോ പൈപ്പ് ഔട്ട്ലെറ്റിനോടും അനുബന്ധിച്ച് 40 ഹെക്ടർ സ്ഥലത്ത് ഫീൽഡ് ചാനലുകൾ നിർമ്മിച്ചുകൊണ്ട് കൂടുതൽ ഫലപ്രദമായി വെള്ളം വിനിയോഗിക്കുക എന്നുള്ളതാണ്. നല്ല ഒരു വാട്ടർ മാനേജുമെൻറാണ് ഈ ബിൽ കൊണ്ട് വാസ്തവത്തിൽ ഉദ്ദേശിക്കുന്നത്. ഏറ്റവും ഫലപ്രദമായി ഇത് തീർക്കണം എന്നുള്ളതാണ് ഗവൺമെൻറിന്റെ ഉദ്ദേശം.

അങ്ങനെ വരുമ്പോൾ നമുക്ക് ഇതിനെ സംബന്ധിച്ചിടത്തോളം കൂടുതൽ ഗുണം ഉൽപ്പാദനരംഗത്ത് ഉണ്ടാക്കാൻ കഴിയും. ചിലപ്പോൾ ക്രോപ്പിംഗ് പാറേറൺതന്നെ മാറേറണ്ടതായിവരും. ക്രോപ്പിംഗ് രംഗത്ത് ചില മാറ്റങ്ങൾ വരേണ്ടത് ഏറ്റവും വലിയ ആവശ്യമാണ്. ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി നല്ലൊരു ആശയം പറയുകയുണ്ടായി. എന്തുകൊണ്ട് ഈ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനു വച്ചിരിക്കുന്നു. ഇത് അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറിനല്ലെ വേണ്ടത് എന്നു പറയുകയുണ്ടായി. ഈ ഗവൺമെൻറിനു കൂട്ടായ ഉത്തരവാദിത്വമുണ്ട്. ഞങ്ങൾ ഈ ബില്ലുകളൊക്കെ കൊണ്ടുവരുന്നത് മന്ത്രിസഭയിൽ ആലോചിച്ചു കൊണ്ടാണ്. ഇതിനെ സംബന്ധിച്ചിടത്തോളം കൂട്ടായ ഉത്തരവാദിത്വമുള്ളതുകൊണ്ട് ഇന്ന ഡിപ്പാർട്ടുമെൻറ് വേണമെന്നുള്ള പ്രത്യേകത

LIBRARY ARCHIVES Kerala Legislative Assembly

ത്തുകൊണ്ട് ചെയ്യുന്നതല്ല. ഒരു കാലഘട്ടത്തിനു മുൻപ് കേന്ദ്രത്തിൽ അഗ്രികൾച്ചർ ഡിപ്പാർട്ടുമെൻറാണ് ഈ കൈകാര്യം ചെയ്തുകൊണ്ടിരുന്നത്. പക്ഷേ കേന്ദ്രത്തിൽ ഒരു നയ പരിവർത്തനംതന്നെ വരികയുണ്ടായി. കേന്ദ്ര ഗവൺമെൻറ് അടുത്തകാലത്ത് അഗ്രികൾച്ചർ ഡിപ്പാർട്ടുമെൻറിൽനിന്ന് മാറ്റിക്കൊണ്ട് കാഡാ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൻെറ കീഴിലേക്ക് കൊണ്ടുവരികയുണ്ടായി. എല്ലാ സംസ്ഥാനങ്ങളിലും കാഡാ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ കൊണ്ടുവന്നിരിക്കുകയാണ്. അപ്പോൾ അതനുസരിച്ച് കേന്ദ്രഗവൺമെൻറിൻെറ നിർദ്ദേശാനുസരണം, അവരുടെ ഗൈഡ് ലൈൻ അനുസരിച്ച്, നമ്മുടെ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും വന്നിരിക്കുന്ന മാറ്റം അനുസരിച്ച്, നമുക്ക് ഇവിടെയും കാഡായെ സംബന്ധിച്ചിടത്തോളം കേരളാ ഗവൺമെൻറിൽ കാഡാ ഏതു ഡിപ്പാർട്ടുമെൻറിൽപ്പെട്ടതാണോ ആ ഡിപ്പാർട്ടുമെൻറിൻെറ അഡ്മിനിസ്ട്രേറ്റീവ് കൺട്രോളിലേക്ക് കൊണ്ടുവന്നിരിക്കുകയാണ്. നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം കാഡാ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽപ്പെട്ടതാണ്. ആ നിലയ്ക്ക് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൻെറ അഡ്മിനിസ്ട്രേറ്റീവ് കൺട്രോളിലേക്ക് ഇവിടെ കൊണ്ടുവന്നിരിക്കുന്നു എന്നുള്ളതു ഒഴിച്ചാൽ അതിനു് യാതൊരു കുഴപ്പവുമില്ല. അത് പുതിയതായി ഉണ്ടായിരിക്കുന്ന നിർദ്ദേശത്തിൻെറയും ഗൈഡ് ലൈനിൻെറയും അടിസ്ഥാനത്തിലാണ്. ഇതിൽ തർക്കത്തിൻെറ വിഷയമൊന്നുമില്ല. ഇത് ഒരു അതോറിറ്റിയാണ്. ഇത് ഏതെങ്കിലും ഗവൺമെൻറിൻെറയോ ഡിപ്പാർട്ടുമെൻറിൻെറയോ അല്ല. കാഡാ എന്നു പറയുന്നത് കമാൻഡ് ഏരിയ ഡവലപ്പ്മെൻറ് അതോറിറ്റിയായി, ഒരു ഓട്ടോണമസ് സ്റ്റാറ്റ്യൂട്ടറി ബോഡിയാക്കി മാറ്റുകയാണ്, അതിനകത്തുള്ളത് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ, കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ, ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ തുടങ്ങിയവരാണ്. ഇതെല്ലാം കൂടെ കൂട്ടിച്ചേർത്തുകൊണ്ട് മന്ത്രി. ഡിസിപ്ളനറി സിസ്റ്റം നമ്മെ സ്വീകരിക്കുകയാണ്. മന്ത്രി ഡിസിപ്ളിൻ ആണ് ഇതിനകത്ത് ഉദ്ദേശിക്കുന്നത്. എല്ലാ ഡിപ്പാർട്ടുമെൻറുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു അപ്രോച്ചാണ്. ഇതു തന്നെയാണ് നാഷണൽ കമ്മിഷൻ ഫോർ അഗ്രികൾച്ചർ. നാഷണൽ കമ്മിഷൻ ഫോർ അഗ്രികൾച്ചറിൻെറ തന്നെയും ശുപാർശ ഇതനുസരിച്ചുകൊണ്ടാണ്. അതുകൊണ്ട് ഇത് ഏതു ഡിപ്പാർട്ടുമെൻറിൽ വേണമെന്നു പറഞ്ഞുകൊണ്ടുള്ള ഒരു വിവാദം ആവശ്യമില്ലാത്ത കാര്യമാണ്. ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളെ മുഴുവൻ ഏകോപിപ്പിച്ചുകൊണ്ട്, ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാക്കിക്കൊണ്ട് ഇതിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിന് വച്ചിരിക്കുന്നു എന്നു മാത്രമേയുള്ളൂ. തന്നെയുമല്ല ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഒരു അണക്കെട്ടുണ്ടായാൽ അതിൻെറ റിസർവോയർ മുതൽ അതിൻെറ പൈപ്പ് ഔട്ട്ലെറ്റുവരെയുള്ള വെള്ളത്തിൻെറ ഫ്ളോ, ആ വെള്ളത്തിൻെറ ബാലൻസിംഗ്, ഫീൽഡ് ചാനൽ ഇതിനെ സംബന്ധിച്ചിടത്തോളമെല്ലാമുള്ള അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ കേന്ദ്രഗവൺമെൻറിൻെറ നോംസിൻെറയും ഗൈഡ് ലൈനിൻെറയും അടിസ്ഥാനത്തിൽ ഈ ബില്ലിൽ ഡ്രാഫ്ട് ചെയ്യപ്പെട്ട കാര്യമാണ്. അതുകൊണ്ട് അതിനെ സംബന്ധിച്ചിടത്തോളം ഒരു പിടിവാശിയൊന്നുമില്ല. കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടിയാണ് അത് ചെയ്തിരിക്കുന്നത് എന്നു സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, അതുപോലെ ബഹുമനപ്പെട്ട എ.സി. ജോസ് ഇറിഗേഷൻ പോളിസിയെ സംബന്ധിച്ച് പറയുകയുണ്ടായി. ഇറിഗേഷൻ പോളിസി ഇതിനകത്ത് പറയേണ്ട കാര്യമില്ല. ഇത് കമാൻഡ് ഏരിയ ഡവലപ്പ്മെൻറിനെ സംബന്ധിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇറിഗേഷൻ പോളിസിയെ സംബന്ധിച്ചിടത്തോളം നമ്മുടെ നാഷണൽ വാട്ടർ റിസോഴ്സസ് കൗൺസിലുണ്ട്. പ്രധാനമന്ത്രിതന്നെ അദ്ധ്യക്ഷനായിട്ടുള്ള നാഷണൽ വാട്ടർ റിസോഴ്സസ് കൗൺസിലുണ്ട്. ആ കൗൺസിലാണ് ഇറിഗേഷൻ പോളിസി ഫോർമുലേറ്റ് ചെയ്യുന്നത്. അത് ഫോർമുലേറ്റ് ചെയ്യുന്ന ഇറിഗേഷൻ പോളിസി പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശാനുസരണം സംസ്ഥാനങ്ങൾ അനുസരിക്കുക എന്നുള്ളതു മാത്രമേയുള്ളു. അവർ ഇറിഗേഷൻ പോളിസിയിൽ കാലാകാലങ്ങളിൽ അനുവർത്തിക്കുന്ന നയങ്ങൾ നടപ്പിലാക്കുന്ന ഒരു നടപടിയാണ് ഇപ്പോൾ നിലവിലുള്ളത്. അതുകൊണ്ട് ആ നിലക്ക് അതിന് പ്രത്യേകമായ ഒരു മറുപടി പറയേണ്ട കാര്യമില്ല. കേന്ദ്രഗവൺമെന്റിന്റെ ഇറിഗേഷൻ പോളിസിതന്നെ സ്റ്റേറ്റ് ഗവൺമെന്റ് സ്വീകരിക്കുന്നു എന്നുള്ളതാണ്. പക്ഷെ പോളിസിയെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഇവിടെ ബഹുമാനപ്പെട്ട എ. സി. ജോസ് ജസ്റ്റേഷൻ 'പീരിയഡിനെക്കുറിച്ച്' പറയുകയുണ്ടായി. ജസ്റ്റേഷൻ എന്നു പറയുന്നത് ശരിയല്ല. എങ്കിലും നമ്മുടെ പദ്ധതികളെ സംബന്ധിച്ചിടത്തോളം നമ്മുടെ പദ്ധതികൾ—കല്ലട 25 വർഷം, പമ്പ 26 വർഷം പെരിയാർവാലി 26 വർഷം ചിമ്മിനി 11 വർഷം, കാഞ്ഞിരപ്പുഴ, 22 വർഷം, ചിറ്റൂർപ്പുഴ 22 വർഷം, പഴശ്ശി 22 വർഷം, വാമനപുരം 6 വർഷം, മൂവാറ്റുപുഴ 10 വർഷം എന്നിങ്ങനെയാണ്. ഇതിൽ നമ്മുടെ എല്ലാവരുടെയും കൂട്ടായ മനസാക്ഷി ഉണ്ടാകണം. ഇത് നമ്മളെല്ലാവരും കൂടി ഒന്നിച്ച് ചിന്തിക്കേണ്ടതാണ്. ശ്രീ. ഇ. എം. എസ്സിന്റെയും, ശ്രീ. അച്യുതമേനോന്റെയും, ശ്രീ. നായനാരുടെയും കാലഘട്ടം മുതൽ കാലാകാലങ്ങളിൽ എത്രയോ ഗവൺമെന്റുകൾ ഈ രാജ്യത്ത് ഉണ്ടായി. കഴിഞ്ഞ 25 വർഷക്കാലമായി 3-ാം പദ്ധതി കാലഘട്ടത്തിൽ ആരംഭിച്ച പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലായെങ്കിൽ തീർച്ചയായും അത് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം കണ്ണു തുറപ്പിക്കേണ്ട കാര്യമാണ്. വിഭവ പരിമിതിയായിരുന്നു നമ്മെ സംബന്ധിച്ചിടത്തോളം ഉണ്ടായിരുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട്. പക്ഷെ കല്ലടയെ സംബന്ധിച്ചിടത്തോളം വേൾഡ് ബാങ്കിന്റെ സഹായമുള്ളതുകൊണ്ട് ആ പ്രോജക്ട് ഏതാണ്ട് തീർക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ സ്ട്രാറ്റജി നിർമ്മാണത്തിലിരിക്കുന്ന വൻകിട ജലസേചന പദ്ധതികളുടെ നിർമ്മാണ വേഗത കൂട്ടുക എന്നുള്ളതാണ്. നിർമ്മാണ വേഗത കൂട്ടുകയും നിലവിലിരിക്കുന്ന പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കികൊണ്ട് കൂടുതൽ പ്രയോജനം ഈ രംഗത്തുണ്ടാക്കാനായിട്ട് ആലോചിച്ചുകൊണ്ടിരിക്കുകയുമാണ്. ഇവിടെ ചെറുകിട ജലസേചനത്തെ പ്പറ്റിപറയുകയുണ്ടായി. ഈ സന്ദർഭത്തിൽ ചെറുകിട ജലസേചനത്തിന്റെ പ്രസക്തി വലുതാണ് എന്ന് ഞാൻ ഓർക്കുകയാണ്. ഇപ്പോൾ കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട് ഭൂഗർജ്ജലവും ഉപരിതലജലവും രണ്ടുംകൂടി സംയോജിപ്പിച്ചുകൊണ്ടുള്ള 'കൺജംഗ്റ്റീവ്' പ്രോജക്ടും' ഇരുപതിന പരിപാടിയിലെ ഒരു പ്രധാനപ്പെട്ട വിഷയമാണ്. ചെറുകിട ജലസേചനരംഗത്ത് ചെറിയ ചെറിയ പദ്ധതികൾ എടുത്ത് കുറഞ്ഞ ചെലവിൽ കുറഞ്ഞ സമയംകൊണ്ട് കൂടുതൽ വ്യാപ്തിയിൽ കാര്യങ്ങൾ നീക്കാൻ കഴിയും. ഞാൻ കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ടിന്റെ കാര്യത്തിൽ ഒരു കാര്യം പറഞ്ഞു. 1000 പ്രോജക്ടുകൾ ഈ സാമ്പത്തിക വർഷത്തിൽ എടുക്കാൻ കഴിഞ്ഞാൽ ഏതാനും മാസങ്ങൾകൊണ്ട് 10,000 ഹെക്ടർ സ്ഥലത്ത് നമുക്ക് വെള്ളം കൊടുക്കാൻ കഴിയും. 25 വർഷക്കാലം കൊണ്ട് കല്ലടയിൽ നമുക്ക് വെള്ളം കൊടുക്കാൻ കഴിഞ്ഞത് 180 കോടി രൂപ ചെലവഴിച്ചിട്ട് 3000 ഹെക്ടർ സ്ഥലത്താണ്. ഒന്നാം ഘട്ടം പൂർത്തിയായാൽ 35,000 ഹെക്ടറിൽ വെള്ളം കൊടുക്കാൻ കഴിയും. 180 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ മുടക്കി 25 വർഷക്കാലംകൊണ്ട് 35,000 ഹെക്ടറിൽ വെള്ളം കൊടുക്കാൻ കഴിഞ്ഞാലും 10 കോടി രൂപപോലും മുതൽമുടക്കില്ല. അല്ലാതെ ഏതാനം മാസങ്ങൾകൊണ്ട് 10,000 ഹെക്ടർ സ്ഥലത്ത് വെള്ളം കൊടുക്കാൻ കഴിഞ്ഞാൽ നമ്മുടെ ജലസേചനത്തിന്റെ കഴിവ് എത്രയോ വലുതാണ്. കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം അതിന്റെ സാദ്ധ്യതകളെ വില കുറച്ച് കാണിച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. വില കുറച്ച് കാണിക്കരുത്. ബഹുമാനപ്പെട്ട എ. സി. ജോസ് ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം പറയുകയുണ്ടായി. ലിഫ്റ്റ് ഇറിഗേഷനെ ഇതിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. വളരെ ആത്മാർത്ഥമായി ഞാൻ പറയുകയാണ് സബ്ജക്ട് കമ്മിറ്റി കൂടുന്ന സന്ദർഭത്തിൽ അത് പരിശോധിക്കാം. ലിഫ്റ്റ് ഇറിഗേഷന്റെ ആയക്കെട്ട് ഏരിയായും വേണമെങ്കിൽ കമാൻഡ് ഏരിയായിലേക്ക് കൊണ്ടുവരാൻ കഴിയും. ബഹുമാനപ്പെട്ട ജോസ് ഒരു കാര്യം പറയുകയുണ്ടായി. ലിഫ്റ്റ് ഇറിഗേഷൻ പലതും നെഗ്ലക്ട് ചെയ്യപ്പെട്ടു കിടക്കുന്നു എന്ന്, ശരിയാണ്. ഞാൻ ഈ അടുത്തകാലത്ത് ജില്ലകൾതോറും ചർച്ചകൾ നടത്തിയപ്പോൾ പല കർഷകരും വന്ന് പരാതിപ്പെടുകയുണ്ടായി. പല കാലഘട്ടങ്ങളിലും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് നടപ്പിലാക്കിയ ചെറുകിട പദ്ധതികളുണ്ട്. കൃഷി ഡിപ്പാർട്ടുമെന്റ് നടപ്പിലാക്കിയതുണ്ട്, പഞ്ചായത്തുകൾ നടപ്പിലാക്കിയതുണ്ട്. പക്ഷേ ഓരോ ഗ്രാമങ്ങളിലും ചീപ്പുകളാവട്ടെ, ക്രോസ്ബാറാകട്ടെ പലതും ഇന്ന് ഇടിഞ്ഞു പൊളിഞ്ഞ് കിടക്കുന്നു. മെയിന്റനൻസിന് ചുമതലപ്പെട്ട ആളുകൾ ഇല്ലാതെ വിഷമിക്കുന്നു. ഇത് നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമാണ്. നമ്മുടെ ചെറുകിട ജലസേചന രംഗത്തെ സംബന്ധിച്ചിടത്തോളം ചെറുകിട ജലസേചന രംഗത്താകട്ടെ, വൻകിട പദ്ധതികളാകട്ടെ, ഇടത്തരം പദ്ധതികളാകട്ടെ, നമ്മൾ തുടങ്ങിയാൽ അത് നോക്കാൻ ആളുകൾ ഉണ്ടാകണം. അതിനുവേണ്ടിയാണ് കർഷകരുടെ പാർട്ടിസിപ്പേഷൻ എന്ന ഒരു ആശയം വന്നിരിക്കുന്നത്. ഇവിടെ കർഷകർക്ക് ഡവലപ്പ്മെന്റ് അതോറിറ്റിയിൽ എന്തു പ്രശക്തി ഉണ്ടെന്ന് ബഹുമാനപ്പെട്ട ഉണ്ണി ചോദിക്കുകയുണ്ടായി. ഞാൻ ഇതിന്റെ ചർച്ച ആരംഭിച്ചപ്പോൾതന്നെ പറയുകയുണ്ടായി. നമുക്ക് ഇത് സബ്ജക്ട് കമ്മിറ്റിയിൽ ചിന്തിക്കാം. കർഷകർക്ക് ഒരു പാർട്ടിസിപ്പേഷൻ വേണം. കാഡായെ സംബന്ധിച്ചിടത്തോളം കാഡായുടെ ഏറ്റവും വലിയ അത്യാധുനികമായ കൺസെപ്റ്റ് കൃഷിക്കാർക്ക് പാർട്ടിസിപ്പേഷൻ കൊടുക്കണമെന്നുള്ളതാണ്. വാട്ടർ യൂസേഴ്സ് അസോസിയേഷൻ ഉണ്ടാക്കണമെന്നുള്ളതാണ് മറ്റൊന്ന്. നമ്മൾ കല്ലടയിൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ ഉണ്ടാക്കിയിട്ടുണ്ട്. അപ്പോൾ ഈ ബില്ലിനകത്ത് ഡവലപ്പ്മെന്റ് അതോറിറ്റിയിൽ വാട്ടർ യൂസേഴ്സ് അസോസിയേഷനും അല്ലെങ്കിൽ കർഷക പങ്കാളിത്തത്തിനും തീർച്ചയായും ഒരു പ്രൊവിഷൻ ആവശ്യമാണെന്ന് ഞാൻ വിചാരിക്കുകയാണ്. നമുക്ക് അതിനെപ്പറ്റി ചർച്ചചെയ്യാം. ചെറുകിട ജലസേചനരംഗത്തും കർഷകരുടെ പാർട്ടിസിപ്പേഷൻ ആവശ്യമാണ്. ആ പാർട്ടിസിപ്പേഷൻതന്നെയാണ് ഇറിഗേഷൻ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. കൃഷിക്കാരുടെ പാർട്ടിസിപ്പേഷൻ ആണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ഉണ്ണിയെ ഞാൻ അറിയിക്കാൻ ആഗ്രഹിക്കുന്നത് കൃഷിക്കാർക്ക് ഇതിൽ പങ്കാളിത്തം ഉണ്ടായിരിക്കണമെന്നാണ്. അവർക്ക് വലിയ റോൾ ഉണ്ടായിരിക്കണം. ഇപ്പോൾ 10 പേരെ ഈ ഡവലപ്പ്മെന്റ് അതോറിറ്റിയിൽ വച്ചിട്ടുണ്ട്. കൂടുതൽ വയ്ക്കണമെങ്കിൽ വയ്ക്കാം. ബഹുമാനപ്പെട്ട പങ്കജാക്ഷൻ പറഞ്ഞു ചെറുകിട കൃഷിക്കാർക്ക് പ്രാതിനിധ്യം വേണമെന്ന്. നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കാം. അപ്പോഴും ഈ കാര്യങ്ങളൊക്കെയും ആലോചിച്ചുകൊണ്ട് ആ കാര്യങ്ങളിൽ ആവശ്യമായിട്ടുള്ള മാറ്റങ്ങളും വരുത്തുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ആലോചിക്കാവുന്നതാണ്. ബഹുമാനപ്പെട്ട പങ്കജാക്ഷൻ ഇപ്പോൾ സംസാരിച്ചപ്പോൾ ഇറിഗേഷനെ സംബന്ധിച്ചിടത്തോളം നിങ്ങൾ നാണ്യ വിളകളിലേക്ക് പോവുകയാണോ എന്ന് ചോദിക്കുകയുണ്ടായി ? ആവശ്യമില്ലാത്ത ഒരു വിവാദമാണ് ഇത്. ജലസേചനത്തെ സംബന്ധിച്ചിടത്തോളം നെൽകൃഷിക്കും നാണ്യവിളകൾക്കും തുല്യപ്രാധാന്യമുണ്ട്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം മലമ്പുഴ പ്രോജക്ട് നെല്ലറയായ പാലക്കാട് ജില്ലയിലാണ്. ഇത് നെൽകൃഷിക്കാർക്ക് പ്രയോജനമാണ്. ഇവിടെ ഏത് പ്രോജക്ട് എടുക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ്. വെള്ളമുള്ള നദിയിൽ നിങ്ങൾ പ്രോജക്ട് എടുത്താൽ ആ പ്രോജക്ടിന്റെ ആയക്കെട്ടിൽ നിലങ്ങളാണോ, കാർഷിക മേഖലയാണോ, മറ്റു നാണ്യ വിളകളാണോ കൂടുതൽ വരുന്നത് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മലമ്പുഴ എടുത്തപ്പോൾ നെല്ലറകൾ കൂടുതലായി വന്നു. കുട്ടനാട് വാട്ടർ ലോഗ്ഡ് ഏരിയയാണ്. അവിടെ ഡി-വാട്ടറിംഗാണ് പ്രശ്നം. ഇവിടെ നമ്മൾ കല്ലട എടുത്തപ്പോൾ കല്ലടയിൽ നെൽക്കൃഷി മാത്രമല്ല നാണ്യവിളകളും ഉണ്ട്. അപ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം എവിടെയൊക്കെ പദ്ധതികൾ എടുക്കുന്നുവോ ആ പദ്ധതിയുടെ ആയക്കെട്ടിൽ വരുന്ന നിലങ്ങളും, നാണ്യവിളകളും ഒരുപോലെ തന്നെ പ്രധാനമായി കണ്ടുകൊണ്ട് അതിനു ജലസേചനം കൊടുക്കുക എന്നുള്ള നയമാണ് സ്വീകരിക്കുന്നത്. അതാണ് വേൾഡ് ബാങ്ക് ഇപ്പോൾ കല്ലടയിൽ സ്വീകരിച്ചിട്ടുള്ള തത്വം. കല്ലടയെ സംബന്ധിച്ചിടത്തോളം ആദ്യ കാലഘട്ടത്തിൽ നെൽക്കൃഷിക്കുവേണ്ടിയായിരുന്നു അത് ഉദ്ദേശിക്കപ്പെട്ടതെങ്കിലും ഇപ്പോൾ അത് ഡിസൈൻ ചെയ്തിട്ടുള്ളത് നാണ്യവിളകൾക്ക് കൂടിയാണ്. അതുകൊണ്ട് നമ്മൾ ഈ വിവാദത്തിലേക്ക് കടക്കാൻ പാടില്ല. കേരളത്തെ സംബന്ധിച്ചടത്തോളം നാണ്യ വിളകളും അതുപോലെ തന്നെ നെൽക്കൃഷിയും വളരെ വളരെ പ്രധാനപ്പെട്ടതാണ്. ആ കൃഷികൾക്കൊക്കെയും വെള്ളം കൊടുത്തുകൊണ്ട് ആ കൃഷിയിൽനിന്നൊക്കെ പരമാവധി ഉൽപ്പാദനം വർദ്ധിപ്പിച്ച് കേരളത്തിന്റെ കാർഷിക സംബദ് വ്യവസ്ഥ അതിവേഗം വികസിപ്പിക്കുകയും വളർത്തുകയും ചെയ്യുക എന്നുള്ളതാണ് ലക്ഷ്യം. വാസ്തവത്തിൽ ഒരു രീതിയിൽ പറഞ്ഞാൽ ആ ലക്ഷ്യത്തിലേക്ക് നീങ്ങുന്നതിനുവേണ്ടിയാണ് ഈ കമാൻഡ് ഏരിയ ഡവലപ്പ്മെന്റ് അതോറിറ്റി നമ്മൾ നീക്കാൻ തീരുമാനിച്ചത്. ഒന്നര മണിക്ക് ഈ ബില്ല് വോട്ടിനിടണം എന്നു പറഞ്ഞതുകൊണ്ട് എനിക്ക് പല കാര്യങ്ങളും സംസാരിക്കാൻ ഉണ്ടായിരുന്നുവെങ്കിലും ഞാൻ എന്റെ പ്രസംഗം പരിമിതപ്പെടുത്തുകയാണ്. ഞാൻ നിറുത്തുകയാണ്. കൃത്യം ഒന്നര മണിയായി. ഈ നമുക്ക് സബ്ജക്ട് കമ്മിറ്റിയിലേക്ക് അയക്കാം. ഇവിടെ നിർദ്ദേശിച്ചിട്ടുള്ള പ്രധാനപ്പെട്ട വിഷയങ്ങളൊക്കെയും സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ ചർച്ചചെയ്യാൻ അവസരം കിട്ടുമെന്നുള്ളതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളമുള്ള എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്നുള്ള എന്റെ മോഷൻ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച 1986-ലെ കേരള കമാൻഡ് ഏരിയ വികസന ഓർഡിനൻസ് (ഓർഡിനൻസ് നമ്പർ 64/1986) എന്ന പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി അവതരിപ്പിച്ച ഭേദഗതി സഭയുടെ അംഗീകാരത്തോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്°. ഉണ്ണി അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

1986-ലെ കേരള കമാൻറ° ഏരിയ വികസന ബിൽ ജലസേചനവും വിദ്യുച്ഛക്°തിയും എന്ന 3-ാം നമ്പർ സ°ബ°ജക്°ട° കമ്മിറ്റിക്ക° അയയ°ക്കണമെന്നുള്ള പ്രമേയം സഭ വോട്ടിനിട്ട° അംഗീകരിച്ചു.

മി. ഡെപ്യൂട്ടി സ°പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന° വീണ്ടും ചേരുന്നതുമണ°.

(1986 ഒക°ടോബർ 22-ാംതീയതി ബുധനാഴ°ച രാവിലെ 8.30-ന° വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.31-ന° പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly